2015 ജൂലൈ 25
വാല്യം 08
ലക്കം 14

ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Annual Subscription ₹150/- Pages:12

ജേണൽ എക്സ്ക്ലൂസീവ്

# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് വിഭജിക്കാൻ ആലോചന?

ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിനെ മൂന്ന് റീജിയനുകളായി വിഭജിക്കാൻ വേൾഡ് മിഷൻ ആലോചിക്കുന്നതായി അറിയുന്നു. നിലവിൽ ആയിരത്തിലധികം സഭകൾ കേരളത്തിലുള്ള ചർച്ച് ഓഫ് ഗോഡിന്റെ കേരളാ ഘടകത്തിന്റെ സഭാവളർച്ചയ്ക്കും ഭരണ സൗകര്യത്തിനും വേണ്ടിയാണ് വിഭജനം നടത്തുന്നത്. 300 സഭകൾക്ക് ഒരു റീജിയൻ എന്ന തരത്തിലുള്ള അധികാര വികേന്ദ്രീകരണത്തിനാണ് നേതൃത്വം തയ്യാറെടുക്കുന്നത്. അങ്ങനെ വരുമ്പോൾ ഓരോ റീജിയനും ഓവർസീയർമാർ ഉണ്ടാകും. നോർത്തേൺ കേരള, സെൻട്രൽ കേരള, സതേൺ കേരള എന്നീ മാനദണ്ഡത്തിലായിരിക്കും വിഭജനം. അപ്പോൾ പാക്കിൽ ആസ്ഥാനമായുള്ള കേരളാ റീജിയൻ ഉൾപ്പെടെ നാല് റീജിയനുകൾ കേരളത്തിലുണ്ടാകും. ഈ നാല് റീജിയനുകൾക്ക് നാല് റീജിയണൽ ഓവർസീയർമാരും ഇവർക്ക് മുകളിൽ കേരളാ സൂപ്രണ്ട് പദവിയും നിയമിക്കാനാണ് സാധ്യത. കേരളാ സൂപ്രണ്ടിന്റെ ആസ്ഥാനം മുളക്കുഴ ഓഫീസ് ആയിരിക്കും. കണ്ണൂർ, പാക്കിൽ, മുളക്കുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളായിരിക്കും റീജിയനിൽ ഓവർസീയർമാരുടെ ഓഫീസ്.

വടക്കേ ഇന്ത്യയിലെ സംസ്ഥാനങ്ങളിലും പുതിയ ഓവർസീയർമാരെ നിയമിക്കാൻ സാധ്യതയുണ്ട്. ഇപ്പോൾ ഒരു ഓവർസീയറുടെ കീഴിൽ നിരവധി സ്റ്റേറ്റുകളാണ് ഉള്ളത്. പ്രാദേശിക നേതാക്കന്മാർ ഉയർന്നു വരുന്നില്ല. 126 കോടി ജനങ്ങളും 29 സ്റ്റേറ്റുകളും 7 കേന്ദ്രഭരണ പ്രദേശങ്ങളുമുള്ള ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. ജനസാന്ദ്രതയിൽ ചൈനയേക്കാൾ മുന്നിലാണ് ഇന്ത്യ. 2030 ആകുമ്പോൾ ഇന്ത്യ ചൈനയുടെ മുമ്പിലെത്തുമെന്നാണ് കണക്ക്. ഇത്രയും വലിയ രാജ്യത്ത് ഒൻപത് ഓവർസീയർമാർ മാത്രമാണുള്ളത്. പതിറ്റാണ്ടുകളായി അധികാരം കൈയ്യിൽ വെച്ച് സഭ ഭരിക്കുന്നവർക്ക് ഗുണകരമായി ഒന്നും ചെയ്യാൻ കഴിയുന്നില്ല. 60 വർഷം പിന്നിട്ട വടക്കേ ഇന്ത്യയിൽ കാര്യമായ വളർച്ചയില്ല. നൂറ് വർഷം പിന്നിട്ട ഇന്ത്യയിലെ ചർച്ച് ഓഫ് ഗോഡ് ഒച്ചിഴയുന്ന വേഗതയിലാണ് നീങ്ങുന്നത്. ഉത്തരേന്ത്യയിലെ ഓരോ സംസ്ഥാനങ്ങൾക്കും ഓവർസീയർമാരെ നിയമിക്കേണ്ടതാണ്. 11 സ്റ്റേറ്റുകൾ സെൻട്രൽ വെസ്റ്റ് ഓവർസീയറുടെ കീഴിൽ ഉണ്ട്. ഇന്ത്യയുടെ മൊത്തം ജനസംഖ്യയുടെ 16.5 ശതമാനം ഉത്തർപ്രദേശിലാണ്. 19.98 കോടിയാണ് ഉത്തർപ്രദേശിലെ ജനസംഖ്യ. ഈ ഉത്തർപ്രദേശിന് സ്വന്തമായി ഒരു ഓവർസീയർ ഇല്ല. ലോകജനസംഖ്യയുടെ 17.5 ശതമാനം ഇന്ത്യയിലാണ് വസിക്കുന്നത്. വളരുന്ന ഇന്ത്യയ്ക്ക് പുതിയ ദിശാബോധം നല്കുന്ന നേതൃത്വം ആവശ്യമാണ്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ സമഗ്രമായ അഴിച്ചുപണിയും ദൗത്യതന്ത്രങ്ങളും ആവിഷ്ക്കരിക്കേണ്ടതുണ്ട്.

ഇന്ത്യയുടെ മുഴുവൻ ചുമതല നല്കി കൊണ്ട് പുതിയ തസ്തിക രൂപീകരിക്കാനും സാധ്യതയുണ്ട്. ഈതേ സമയം ചർച്ച് ഓഫ് ഗോഡിന്റെ നാഷണൽ ഓഫീസ് ചെന്നൈയിൽ നിന്നും മാറ്റി കേരളത്തിലാക്കാണമെന്ന ആവശ്യം ഉയരുന്നുണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സഭകൾ കേരളത്തിലാണ്. മാത്രമല്ല ഇന്ത്യയിൽ ഓവർസീയർമാരിൽ കൂടുതലും മലയാളികളുമാണ്. ഇത്തരത്തിൽ ഇന്ത്യയിലെ ചർച്ച് ഓഫ് ഗോഡിന്റെ നേതൃത്വം കേരളീയരുടെ കയ്യിലാണ്. ഈ അർത്ഥത്തിലാണ് നാഷണൽ ഓഫീസ് മുളക്കുഴയിലേക്ക് മാറ്റണമെന്ന ആവശ്യം ഉയരുന്നത്.

1927 മുതൽ 1962 വരെ ഇന്ത്യയിലെ മുഴുവൻ പ്രവർത്തനങ്ങളും നിയന്ത്രിച്ചിരുന്നത് മുളക്കുഴയിൽ നിന്നുമായിരുന്നു. എന്നാൽ സഭാവളർച്ചയ്ക്കുവേണ്ടി 1962-ൽ സ്റ്റേറ്റുകളായി വിഭജിച്ചു. കേര

08

## മോൻസി മാങ്കുളങ്ങരയ്ക്ക് പ്രത്യാശയോടെ വിട



**തിരുവല്ല:** പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ നാഷണൽ ട്രഷററും ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ബിലീവേഴ്സ് ബോർഡ് മുൻ ട്രഷറാറുമായിരുന്ന ബ്രദർ മോൻസി മാങ്കുളങ്ങര (50) നിത്യതയിൽ. ജൂലൈ 12 ഞായറാഴ്ച രാത്രിയിൽ 9 മണിക്ക് തിരുവല്ലയിൽ വെച്ചുണ്ടായ വാഹന അപകടത്തെത്തുടർന്ന് ചികിത്സയിലായിരുന്നു. ജൂലൈ 17 വെള്ളിയാഴ്ച രാവിലെ 5 മണിക്കാണ് അന്ത്യം സംഭവിച്ചത്. ചർച്ച് ഓഫ് ഗോഡ് തിരുവല്ല സ്റ്റേഡിയം ചർച്ചിലെ അംഗവും സഭയുടെ സെക്രട്ടറി

04

## നാക്കോഗ് 2016 കാനഡായിൽ



**ന്യൂയോർക്ക്:** 21-ാമത് നോർത്തമേരിക്കൻ ചർച്ച് ഓഫ് ഗോഡ് (ഇന്ത്യാ) ഫെലോഷിപ്പ് കോൺഫറൻസ് കാനഡായിലെ ടൊറന്റോയിൽ 2016 ജൂലൈ 14-17 വരെ നടക്കും. നാക്കോഗ് 2016 പ്രസിഡന്റായി റവ. സാംകുട്ടി വർഗീസ്, വൈസ് പ്രസിഡന്റായി റവ. സന്തോഷ് പൊടിമല, സെക്രട്ടറിയായി സാം മാത്യു, ട്രഷററായി ജോഷ്വാ ജോസഫ്, യൂത്ത് കോർഡിനേറ്ററായി റവ. സിസിൽ മാത്യു എന്നിവർ പ്രവർത്തിക്കുന്നു. ടൊറന്റോയിലെ ഹോളിഡേ ഇൻ, 970 ഡിക്സൺ റോഡ് ആണ് സമ്മേളന വേദിയാകുന്നത്.

## ഐ. പി. സി. ഫാമിലി കോൺഫറൻസ് സമാപിച്ചു ഇനി സൗത്ത് ഫ്ളോറിഡയിൽ



പാസ്റ്റർ അലക്സ് വെട്ടിക്കൽ കർത്തൃമേശയ്ക്ക് നേതൃത്വം നൽകുന്നു

**ഒക്കലഹോമ:** 13-ാമത് ഐ. പി. സി. ഫാമിലി കോൺഫറൻസിന് അനുഗ്രഹസമാപ്തി. ജൂലൈ 16-19 വരെ നടന്ന സമ്മേളനം പാസ്റ്റർ കെ. സി. ജോൺ (ഫ്ളോറിഡ)ന്റെ അദ്ധ്യക്ഷതയിൽ നാഷണൽ കൺവീനർ പാസ്റ്റർ അലക്സ് വെട്ടിക്കൽ ഉദ്ഘാടനം ചെയ്തു. ബ്രദർ സണ്ണി കൊടുന്തറ സ്വാഗതം ആശംസിച്ചു. പാസ്റ്റേഴ്സ് പ്രതാപ് സിംഗ്, ബേബി വർഗ്ഗീസ്, സാം ജോർജ്ജ്, കെ. സി. ജോൺ, വൽസൻ എബ്രഹാം, കെ. സി. തോമസ്, ഫിലിപ്പ് പി. തോമസ്, രാജു പൂവക്കാല, ഷിബു തോമസ്, ഷാജി ദാനിയേൽ, ഡോ. ജോയി ഏബ്രഹാം, പി. സി. മാമ്മൻ, സി. റ്റി. ചെറിയാൻ, റോയി വാകത്താനം, വി. പി. ജോസ്, ബേബി മാത്യു, സിസ്റ്റർ ലില്ലിക്കുട്ടി ശമുവേൽ തുടങ്ങിയവർ വിവിധ മീറ്റിംഗുകളിൽ പ്രസംഗിച്ചു. വിശ്വാസികളുടെ പങ്കാളിത്തം കൊണ്ടും ക്രമീകരണങ്ങൾകൊണ്ടും ശ്രദ്ധിക്കപ്പെട്ട ഈ കോൺഫറൻസ് അനുഗ്രഹത്തോടെ സമാപിച്ചു. കോൺഫറൻസിന് പാസ്റ്റർ അലക്സ് വെട്ടിക്കൽ (നാഷണൽ കൺവീനർ), ജോയി തുമ്പമൺ (നാഷണൽ സെക്രട്ടറി), ബ്രദർ സാമു

08

## സാക്ഷി



സമൂഹ മാധ്യമങ്ങൾ യുവജനങ്ങളെ വഴിതെറ്റിക്കുന്നു.

*ദൈവത്തിൽ നിന്ന് ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു. ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ.*

# പിസിനാക്ക് 2016 ഡാളസ് ഒരുങ്ങുന്നു

### റവ. ഷാജി കെ. ഡാനിയേൽ, നാഷണൽ കൺവീനർ, ബ്രദർ റ്റിജു തോമസ് നാഷണൽ സെക്രട്ടറി



റവ. ഷാജി കെ. ഡാനിയേൽ



ബ്രദർ റ്റിജു തോമസ്



ബ്രദർ തോമസ് വർഗീസ്



ബ്രദർ ഏബ്രഹാം മോനീസ് ജോർജ്ജ്

നോർത്തമേരിക്കയിലെയും കാനഡയിലെയും മലയാളി പെന്തെക്കോസ്തുകാരുടെ പൊതുകൂട്ടായ്മയായ പെന്തെക്കോസ്തൽ കോൺഫറൻസ് ഓഫ് നോർത്തമേരിക്കൻ കേരളൈറ്റ്സ് (പി. സി. എൻ. എ. കെ.) 34-ാമത് കോൺഫറൻസ് ഡാളസിലെ ആഡിസണിൽ നടക്കും. 2016 ജൂൺ 30 - ജൂലൈ 3 വരെ പ്രസിദ്ധമായ ഇന്റർകോണ്ടിനെന്റൽ ഹോട്ടലിലാണ് സമ്മേളനം നടക്കുന്നത്. നാഷണൽ കൺവീനറായി റവ. ഷാജി കെ. ഡാനിയേൽ, സെക്രട്ടറിയായി റ്റിജു തോമസ് (ഹൂസ്റ്റൺ), ട്രഷററായി തോമസ് വർഗീസ് (ന്യൂയോർക്ക്), യൂത്ത് കോർഡിനേറ്ററായി ഏബ്രഹാം മോനീസ് ജോർജ്ജ് (ന്യൂയോർക്ക്) എന്നിവരെ തെരഞ്ഞെടുത്തു. വളരെയധികം മലയാളി പെന്തെക്കോസ്ത് സഭകളും വിശ്വാസികളും ഉള്ള ഡാളസ് പട്ടണം അഞ്ചാമത് തവണയാണ് സമ്മേളന വേദിയാകുന്നത്. ധാരാളം പെന്തെക്കോസ്തുകാർ തിങ്ങി പാർക്കുന്ന ഹൂസ്റ്റൺ, ഒക്കലഹോമ പട്ടണങ്ങളിൽ നിന്നും വൻ പ്രാതിനിധ്യം പ്രതീക്ഷിക്കുന്ന ഈ സമ്മേളനം പിസിനാക്കിന് പുതിയ ഉണർവ്വേകും എന്നതിന് സംശയമില്ല. കഴിഞ്ഞ കുറെ സമ്മേളനങ്ങളായി ജനപങ്കാളിത്തം കുറവായിരുന്ന പിസിനാ

04

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

**അറിയിപ്പ്**
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ




# യുവജനങ്ങൾക്ക് എന്തുപറ്റി?



**ബ്രദർ രാജൻ ആര്യപ്പള്ളിൽ**
**ചെയർമാൻ**

കേരളത്തിലെ യുവജനങ്ങൾക്കെന്തുപ്പറ്റി എന്ന് ഞാൻ പലപ്പോഴും അതിശയിക്കാറുണ്ട്. കാരണം യുവജനങ്ങളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്നിന്റെ ഉപയോഗം, മദ്യപാനം, കമിതാക്കളുടെ ഒളിച്ചോട്ടം, ആത്മഹത്യ, കുറ്റകൃത്യങ്ങൾ ഇവയെല്ലാം ആശങ്ക ഉണർത്തുന്നതാണ്. നല്ല കാര്യങ്ങൾക്കായി ഉപയോഗിക്കേണ്ട സമൂഹ മാധ്യമങ്ങളെ ദുരുപയോഗം ചെയ്യുന്നതാണ് ഒരു പരിധിക്കപ്പുറം കാര്യങ്ങൾ കൈവിട്ടു പോയത്. വാട്ട്സ് ആപ്പിനും ഫെയ്സ്ബുക്കിനും അടിമകളായി മാറിയിരിക്കുന്ന സമൂഹമായി നമ്മുടെ യുവജനങ്ങൾ മാറിയിരിക്കുന്നു.സമൂഹ മാധ്യമങ്ങളിൽ ഒളിച്ചിരിക്കുന്ന ചതിക്കുഴികൾ തിരിച്ചറിയാൻ കഴിയാതെ എത്രയോ ജീവിതങ്ങളാണ് നശിക്കുന്നത്. ഇരയ്ക്കായി വലകെട്ടി കാത്തിരിക്കുന്ന എട്ടുകാലിയുടെ വലയിൽ അകപ്പെട്ട് പിടയുന്ന നിസഹായരായ പ്രാണികളെപ്പോലെ ഈ ചതിക്കുഴിയിൽ പെട്ട് പിടയുന്ന യുവജനങ്ങളുടെ എണ്ണം വർദ്ധിക്കുകയാണ്.

കുറ്റകൃത്യങ്ങൾക്കായും മയക്കുമരുന്നു വ്യാപാരത്തിനായും ഒക്കെ നവമാധ്യമ കൂട്ടായ്മകളെ ഉപയോഗിക്കുന്ന ശക്തികളുണ്ടെന്ന വസ്തുത മറക്കരുത്. മാതാപിതാക്കളും കുഞ്ഞുങ്ങളും തമ്മിലുള്ള ബന്ധം കുറഞ്ഞിരിക്കുന്നു. കുടുംബ ബന്ധങ്ങളിലെ ഉഷ്മളത നഷ്ടപ്പെട്ടിരിക്കുന്നു. എവിടെയും യാന്ത്രികതയും പൊങ്ങച്ചവും മാത്രം. സ്നേഹവും ലാളനയും ലഭിക്കാതെ വീട്ടിൽ അന്യരെപ്പോലെ കഴിയുന്ന യുവതലമുറ അരാജകത്വത്തിലേക്കു വഴുതി വീഴുന്നു. അവർ പുതിയ ബന്ധങ്ങൾ തേടുന്നു. പക്വതയില്ലാത്ത പ്രായത്തിൽ ചതിക്കുഴികളിൽ അകപ്പെടുന്നു. പണത്തിനു വേണ്ടി ശരീരം വിൽക്കുന്ന പെൺക്കുട്ടികളും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ആൺകുട്ടികളും വർദ്ധിക്കുകയാണിവിടെ. സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ കൈയിൽ പോലും ആയിരങ്ങൾ വിലയുള്ള സ്മാർട്ട് ഫോണുകളാണുള്ളത്. മാതാപിതാക്കളുടെ സഹായമില്ലാതെ ബൈക്കും വാങ്ങുന്ന കുട്ടികളോട് വിലയേറിയ സ്മാർട്ട് ഫോണുകളും വസ്ത്രങ്ങളും സ്വന്തമാക്കുന്ന കുട്ടികളോടും ഇതെവിടെ നിന്ന് കിട്ടി എന്ന പോലും തിരക്കാത്ത മാതാപിതാക്കളുണ്ട് എന്നത് അതിശയം തന്നെയാണ്. മക്കളുമായി നിത്യേന ഹൃദ്യമായി ആശയ വിനിമയം നടത്തുവാൻ കഴിയാത്ത മാതാപിതാക്കൾ തന്നെയാണ് യുവതലമുറയുടെ നാശത്തിന് ഒരു പരിധി വരെ കാരണക്കാരാകുന്നത്.

നവമാധ്യമങ്ങളെ നല്ല കാര്യങ്ങൾക്കായി വിനിയോഗിക്കുന്ന ധാരാളം പെന്തെക്കോസ്ത് ചെറുപ്പക്കാരുണ്ട്. ഈ കാലഘട്ടത്തിൽ നവമാധ്യമങ്ങളെ ഒഴിവാക്കുക ദുഷ്കരം തന്നെയാണ്. എന്നാൽ കുഞ്ഞുങ്ങൾക്ക് നിയന്ത്രണം അത്യാവശ്യമായിരിക്കുന്നു. പ്രായപൂർത്തിയാകും മുമ്പുള്ള ഒളിച്ചോട്ടവും ആത്മഹത്യയും വർദ്ധിച്ചിരിക്കുന്നു എന്നതും ഞെട്ടിപ്പിക്കുന്നതാണ്. കോന്നിയിലെ സ്കൂളിൽ നിന്നും ഒളിച്ചോടിയ മൂന്ന് പെൺകുട്ടികൾക്ക് സംഭവിച്ചത് ഞെട്ടലോടെ മാത്രമേ ഓർക്കുവാൻ കഴിയൂ. പഠനത്തിൽ മിടുക്കരായിരുന്നവർക്ക് പറ്റിയ ചതിക്കുഴി എന്തായിരുന്നുവെന്നത് ദുരൂഹമായി തുടരുന്നു.

നമ്മുടെ സമൂഹത്തിലും യുവജനങ്ങളിൽ വലിയൊരു പങ്ക് തെറ്റിലൂടെ നീങ്ങുന്നു എന്നതാണ് യാഥാർത്ഥ്യം. ഇന്ന് സഭകളിൽ തിരുത്തലുകൾ നടക്കുന്നില്ല. ശരിയായ വചന പഠനം സഭകളിൽ ഇല്ലാതായിരിക്കുന്നു. അതിനാൽ തന്നെ ശരി തെറ്റുകളെ തിരിച്ചറിയാനാകാതെ യുവജനങ്ങൾ പതറുന്നു. ശരിയായ മാർഗ്ഗനിർദ്ദേശം നല്കേണ്ട ഇടയന്മാർ അധികാരത്തിനും പണസമ്പാദനത്തിനുമായി വളഞ്ഞ വഴികളിലൂടെ ഓടുമ്പോൾ യുവജനങ്ങളെയും വിശ്വാസികളെയും നേർവഴിക്കു നടത്താൻ എവിടെ സമയം. യുവജനങ്ങൾക്കു മാതൃകയാക്കുവാൻ കഴിയുന്ന ഒരു “റോൾ മോഡൽ” ഇന്ന് പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളിൽ എങ്ങും കാണാനില്ല. അവർ മാതൃകയാക്കുന്നതാകട്ടെ അരാജക വാദികളും അധികാര മോഹികളും വഴക്കുകാര്യമായ നേതാക്കന്മാരെയാണ്. പിന്നെ അവർ എങ്ങനെ നേർവഴിയിൽ നടക്കും. ലോകം സഭയ്ക്കുള്ളിലായിരിക്കുന്നു. വള്ളത്തിൽ വെള്ളം കയറിയാലുണ്ടാകുന്ന ഈ സാഹചര്യം ഭയാനകമാണ്. പെന്തെക്കോസ്ത് സമൂഹമേ ഉണരുക നമ്മുക്കൊരു മടങ്ങി വരവ് അത്യാവശ്യമായിരിക്കുന്നു.

## യുവജന പംക്തി

# ചിന്താകുലങ്ങളകറ്റിയ ജീവിതം



**ബിനു ജോസഫ്**
**വടശ്ശേരിക്കര**



വിജയകരമായ ജീവിതത്തിന് യേശു നൽകുന്ന ഒരു പാഠമാണ് ചിന്താകുലങ്ങളകറ്റിയ ജീവിതം. യേശുവിന്റെ ഗിരിപ്രഭാഷണത്തിൽ ഇത് കാണുവാൻ കഴിയും. “വിചാരപ്പെടുന്നതിനാൽ തന്റെ നീളത്തോടു ഒരു മുഴം കൂട്ടുവാൻ നിങ്ങളിൽ ആർക്കു കഴിയും.... ആകയാൽ എന്തു തിന്നും എന്തു കുടിക്കും എന്തു ഉടുക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുത്. ഈ വക ഒക്കെയും ജാതികൾ അന്വേഷിക്കുന്നു. സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് ഇതൊക്കെയും നിങ്ങൾക്ക് ആവശ്യം എന്ന് അറിയുന്നുവല്ലോ.... അതുകൊണ്ട് നാളേക്കായി വിചാരപ്പെടരുത്, നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ” (മത്താ.6:27-34)

ഇന്നത്തെ ജീവിത പ്രശ്നങ്ങളിൽ മുഖ്യം ചിന്താകുലങ്ങളാണ്. ചിന്താകുലം എന്നത് ചിന്തിച്ച് ആകുലപ്പെടുന്നവസ്ഥയാണ്. നാളെയെപ്പറ്റിയുള്ള ആശങ്കകളാണ് ചിന്താകുലത്തിന് പ്രധാന ഹേതു. ഇപ്രകാരം ഉള്ള ആകുലചിന്തകളോടും ആശങ്കകളോടും വിട പറയുവാനായി യേശു തന്റെ ശിഷ്യന്മാരെ ഉത്ബോധിപ്പിക്കുന്നു.

“ദൈവത്തോടു പോലും ഹൃദയരഹസ്യം തുറന്നു പറയാത്തതാണ് ഇന്നത്തെ തലമുറയുടെ ഏറ്റവും വലിയ പ്രശ്നം” എന്നത് എത്രയോ ശരിയാണ്. ജീവിതത്തിലെ ഭാരം ദൈവസന്നിധിയിൽ ഇറക്കിവയ്ക്കുനനതിനു പകരം സ്വയം വഹിക്കുമ്പോൾ ക്ഷീണവും നിരാശയും ജീവിതത്തിൽ നേരിടുന്നു.

നടക്കുവാൻ സാദ്ധ്യതയില്ലാത്തത് നടക്കുമെന്നും സംഭവിക്കുവാൻ പാടില്ലാത്തത് സംഭവിക്കുമെന്നുള്ള ആശങ്കയാണ് ചിന്താകുലത്തിന് കാരണം. ആകാശം ഇടിഞ്ഞു വീഴുമെന്ന് പറഞ്ഞ് നിലവിളിച്ചുകൊണ്ട് കാട്ടിലൂടെ ഓടിയ മൃഗങ്ങളെപോലെയാണ് ഇന്ന് പലരും....

**ദൈനംദിന ചിന്താകുലങ്ങൾ**

ചിന്താകുലങ്ങൾ ദൈനംദിന വ്യത്യസ്തമാണ് വ്യക്തികൾക്കും സാഹചര്യങ്ങൾക്കും അനുസരിച്ച് ചിന്താകുലത്തിന്റെ അളവും ആഴവും വ്യത്യാസപ്പെടും. പാവപ്പെട്ടവൻ അടുത്ത ദിവസം ആവശ്യമായി വരുന്ന 50 രൂപയെപ്പറ്റി ചിന്തിക്കുമ്പോൾ ധനവാൻ 5 ലക്ഷത്തെപ്പറ്റി ആശങ്കപ്പെടാം. “നാളെ എന്തു സംഭവിക്കുമെന്നിരുന്നാലും ഇന്ന് നന്നായി ജീവിക്കുക” എന്ന ഡ്രൈഡസന്റെ ഉപദേശം എല്ലാവർക്കും സ്വീകാര്യമാകയില്ല. ഇന്നലകളിലെ പരാജയങ്ങളും ഇന്ന് നേരിടുന്ന പ്രശ്നങ്ങളും നാളെയെപ്പറ്റിയുള്ള ആധിയുമാണ് ഇന്നത്തെ മനുഷ്യന്റെ പ്രധാന പ്രശ്നങ്ങൾ. ദൈന്യംദിന ചിന്താകുലങ്ങളിൽ പ്രധാനം നാളെ എന്ത്? എന്നുള്ള ചിന്തയാണ്. കുട്ടികളുടെ പഠനം, മക്കളുടെ ഭാവി, കടഭാരം, രോഗം, വിവാഹജീവിതം, ഭാവിയെപ്പറ്റിയുള്ള ആശങ്കകൾ എല്ലാം ഇതിൽപ്പെടുന്നു. നാളെയെപ്പറ്റിയുള്ള ചിന്തകൾ നൂറ്റാണ്ടുകളായി മനുഷ്യന്റെ ഉറക്കം കെടുത്തുന്ന സംഗതികളാണ്.

“എന്നാൽ ഒരു വ്യക്തിയുടെ ചിന്തയാണ് അവന്റെ ജീവിതം എന്തായി തീരും എന്ന് നിശ്ചയിക്കുന്നത്” എന്ന് മർക്കൊസ് ഹോർബിയൊസ് അഭിപ്രായപ്പെട്ടിട്ടുണ്ട്. ചിന്തകൾ നല്ലതുതന്നെ, എന്നാൽ ചിന്തകൾ ചിന്താകുലങ്ങളായി മാറുമ്പോൾ പ്രശ്നം ഉടലെടുക്കും.

ഉയരാനും വളരാനും ഉള്ള ആഗ്രഹങ്ങളെക്കാളെറെ പലർക്കും അത്യാഗ്രഹമാണുള്ളത്. ആഗ്രഹങ്ങൾ അത്യാഗ്രഹങ്ങൾക്ക് വഴി മാറുമ്പോൾ ചിന്തകൾ ചിന്താകുലങ്ങളായി മാറുന്നു. ഉള്ളതിൽ തൃപ്തിപ്പെടുവാൻ മനസ്സിലാത്ത മനുഷ്യൻ പുതിയതിനും ഉന്നതമായതിനുമായി പരക്കം പായുന്നു. ജീവിതത്തിൽ ഉള്ള അവസ്ഥയിൽ തൃപ്തിയടയുകയാണ് നമ്മുക്കാവശ്യം.

“മലയുടെ മുകളിലെ പൈൻ മരം ആകാൻ നിനക്ക് കഴിയുന്നില്ലെങ്കിൽ താഴ്വരയിലെ കുറ്റിച്ചെടിയാകുക. ഒരു വൃക്ഷമാകാൻ സാദ്ധ്യമല്ലെങ്കിൽ ഒരു ചെറുചെടിയാകുക. ഒരു ചെറുചടിയാകാൻ കഴിയില്ലെങ്കിൽ, ഒരു വെറും പുല്ലാകുക. നിനക്ക് ഒരു ഹൈവേ ആകാൻ കഴിയില്ലെങ്കിൽ ഒരു ചെറുപാതയാകുക. നിനക്ക് ഒരു സൂര്യനാകാൻ കഴിയില്ലെങ്കിൽ, ചെറു നക്ഷത്രമാകുക. നിന്റെ വലിപ്പത്തിലല്ല നീ വിജയിക്കുന്നത് മറിച്ച് നീ ആയിരിക്കുന്നതിൽ നന്നായിരിക്കുമ്പോഴാണ്.”

**ചിന്തകൾ**

ചിന്തകൾ ചിന്താകുലങ്ങളായി രൂപപ്പെടുമെന്നിനാൽ നമ്മുടെ ചിന്തകളെ നാം അറിയണം. ക്രിയാത്മക ചിന്തകളാണ് ജീവിതവിജയത്തിന് ആധാരം. “നിങ്ങൾ എന്ത് ചിന്തിക്കുന്നുവോ. അതുപോലെ നിങ്ങൾ ആയിത്തീരും” എന്നത് വളരെ ശരിയാണ്. ജീവിതത്തെയും പ്രതീക്ഷകളെയും തകർക്കുന്ന നിഷേധാത്മക ചിന്തകൾക്ക് സ്ഥാനം നൽകിയാൽ ഫലം പരാജയമായിരിക്കും.

യേശു തന്റെ വചനം കേൾക്കാൻ കൂടിവന്നവരോട് പറഞ്ഞു; “ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ വായ് സംസാരിക്കുന്നത്” (മത്താ.12:34) ഹൃദയം നിറഞ്ഞു കവിയുക എന്നത് ഒരുവന്റെ ചിന്തകളുടെ നിറഞ്ഞു കവിയലാണ് ഉദ്ദേശിക്കുന്നത്. ഹൃദയത്തിൽനിന്ന് രക്തം ശരീരഭാഗങ്ങളിൽ എത്തുന്നതു പോലെ ഒരുവന്റെ നിരൂപണങ്ങൾ അല്ലെങ്കിൽ ചിന്തകൾ അവന്റെ ജീവിതത്തിൽ മുഴുവനായും വ്യാപരിക്കുന്നു. ഒരുവന്റെ ചിന്തകൾക്കനുസരിച്ചാണ് അവന്റെ ജീവിതം കെട്ടിയുയർത്തപ്പെടുന്നത്. അതുകൊണ്ടാണ് യേശു തന്റെ ശിഷ്യന്മാരോട് ചോദിക്കുന്നത്. “മുള്ളുകളിൽ നിന്ന് മുന്തിരിപഴവും ഞെരിഞ്ഞിലുകളിൽ നിന്ന് അത്തിപ്പഴവും

04

എനിക്കും പറയാനുണ്ട്...

# പിതാവിന്റെ ഓർമ്മകളുമായി ബുസാവലിൽ



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

എന്റെ മാതാപിതാക്കളെക്കുറിച്ച് ഞാൻ മുമ്പൊരു ലക്കത്തിൽ എഴുതിയിട്ടുണ്ടല്ലോ. എന്റെ പിതാവ് ഒരു റെയിൽവേ ഉദ്യോഗസ്ഥനായിരുന്നു. ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ തന്റെ 34-ാം വയസ്സിൽ ഒരു ട്രെയിൻ അപകടത്തിലാണ് അദ്ദേഹം മരണമടയുന്നത്. 1973 ഡിസംബർ 1 രാവിലെ 9 മണിയായിരുന്നു അത്. അന്ന് എനിക്ക് പ്രായം 6 വയസ്സു മാത്രം. പിതാവിനെക്കുറിച്ച് എനിക്കുള്ളത് മങ്ങിയ ഓർമ്മകൾ മാത്രം. പിതാവ് മരണമടയുമ്പോൾ ഞാനും എന്റെ രണ്ട് സഹോദരങ്ങളും എന്റെ പിതൃ ഭവനത്തിലായിരുന്നു. എന്റെ ഇളയ സഹോദരിയും മാതാവും മാത്രമേ പിതാവിനോടൊപ്പം ജോലിസ്ഥലമായ ബുസ്സാവലിൽ ഉണ്ടായിരുന്നത്. മഹാരാഷ്ട്രയിൽ നാസിക്കിൽ നിന്നും 300 കിലോ മീറ്ററോളം അകലത്തിൽ ഉള്ള സ്ഥലമാണ് ബുസ്സാവൽ. 43 വർഷങ്ങൾക്കുമുമ്പ് ഇന്നുള്ള യാത്രാ സൗകര്യങ്ങൾ ഇല്ലാതിരുന്നതിനാൽ എന്റെ പിതാവിനെ ബുസ്സാവലിലുള്ള സെമിത്തേരിയിലാണ് അടക്കം ചെയ്തത്. എന്റെ മാതാവും ഇളയ സഹോദരിയും ചില അടുത്ത ബന്ധുക്കളും മാത്രമാണ് ആ ശുശ്രൂഷയിൽ പങ്കെടുത്തത്. ഞങ്ങൾക്ക് പിതാവിന്റെ സംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കുവാൻ കഴിഞ്ഞില്ല. ആ വർഷത്തെ മധ്യവേനൽ അവധിക്ക് ഞങ്ങളെല്ലാവരും അവിടേക്ക് പോയി. അധികം താമസിക്കാതെ മാതാവ് സ്ഥലംമാറ്റം വാങ്ങി പാലക്കാട് റെയിൽവേ ഡിവിഷനിലേക്ക് വന്നു. പിന്നീട് ഒരിക്കലും ബുസ്സാവലിലേക്ക് പോകുവാൻ കഴിഞ്ഞിരുന്നില്ല.

ബാല്യത്തിൽ പിതാവിനെ നഷ്ടപ്പെട്ടത് എന്നും എന്റെ മനസ്സിലെ സ്വകാര്യ നൊമ്പരമായിരുന്നു. പിതാവിന്റെ ലാളനയും സ്നേഹവും ലഭിക്കാതെ വളരുന്നത് എന്നും വേദനാജനകം തന്നെയാണ്. അതുകൊണ്ടു തന്നെ എന്നും അനാഥബാല്യങ്ങളോട് എനിക്കെന്നും പ്രത്യേകമായ വാത്സല്യം ഉണ്ട്. ട്രെയിൻ അപകട വാർത്തകൾ കേൾക്കുമ്പോഴും ട്രെയിൻ തട്ടിയുള്ള മരണത്തെക്കുറിച്ച് കേൾക്കുമ്പോഴും എവിടെയോ ഒരു നൊമ്പരം എന്നിൽ ഓടിയെത്താറുണ്ട്. കഴിഞ്ഞ ദിവസം കോന്നിയിലെ ഒരു പെൺകുട്ടികളുടെ ഛിന്നഭിന്നമായ ശവശരീരത്തിന്റെ ഫോട്ടോകൾ കണ്ടപ്പോൾ ഹൃദയത്തിലുണ്ടായ വിങ്ങൽ പഴയ ഓർമ്മകളുടെ ബാക്കിപത്രമാകാം.

കഴിഞ്ഞ 42 വർഷമായി എന്റെ ഹൃദയത്തിലെ ആഗ്രഹമായിരുന്നു ബുസ്സാവലിലേക്ക് ഒന്നു പോകണമെന്ന്. പിതാവ് താമസിച്ച സ്ഥലവും ജോലി ചെയ്തയിടവും അന്ത്യവിശ്രമം കൊള്ളുന്ന സെമിത്തേരിയും കാണണം എന്ന ആഗ്രഹം ഹൃദയത്തിലെന്നുമുണ്ടായിരുന്നു.

അങ്ങനെ ഞാൻ എന്റെ മാതാവുമൊത്ത് മുംബൈയിലേക്ക് യാത്രയായി. മാതാവിനോടൊപ്പം യാത്ര ചെയ്തതുകൊണ്ട് ഇക്കുറി ട്രെയിൻ യാത്ര സൗജന്യമായിരുന്നു. മുംബൈയിൽ ഉള്ള എന്റെ മകന്റെയും മകളുടെയും ഒപ്പം ഞങ്ങൾ എത്തിച്ചേർന്നു. പൻവേൽ റെയിൽവേ സ്റ്റേഷനിൽ നിന്നും പാസ്റ്റർ റെജി തോമസ് ഞങ്ങളെ ബ്ലസ്സ് ഫൗണ്ടേഷനിലേക്ക് കൂട്ടിക്കൊണ്ടുപോയി. രാവിലെ ബ്ലസ്സ് കെയർ ഹോമിലെ കുട്ടികളെല്ലാം സ്കൂളിലേക്കുള്ള യാത്രയ്ക്കായി ഒരുങ്ങിനിൽക്കുകയാണ്. അതിൽ പലരും മാതാപിതാക്കളെ നഷ്ടപ്പെട്ടവരാണ്. സുന്ദരന്മാരായ അവരെക്കാണുമ്പോൾ എന്നുമെന്റെ ഹൃദയം സങ്കടത്താൽ വിങ്ങാറുണ്ട്. ചേരികളിലും പാവപ്പെട്ട കുടുംബങ്ങളിലും പിറന്നുവീണ ഇവരിൽ മിക്കവരും എയ്ഡ്സ് ബാധിതരാണ് എന്നതാണ് കൂടുതൽ ദുഃഖത്തിന് കാരണം. മാന്യമായ വിദ്യാഭ്യാസം നൽകി സമൂഹത്തിൽ നല്ല വ്യക്തികളായി തീരുവാനുള്ള അവസരം അവർക്ക് ബ്ലസ്സ് കെയർ ഹോമിൽ ലഭിക്കുന്നു. നല്ല ഭക്ഷണം, മരുന്ന്, പാർപ്പിടം, ആത്മീയ ശിക്ഷണം ഇവയെല്ലാം അവർക്ക് ലഭിക്കുന്നുവെന്നത് ഏറ്റവും സന്തോഷകരം. പാസ്റ്റർ റെജി തോമസും കുടുംബവും കുഞ്ഞുങ്ങളോടൊത്ത് താമസിച്ച് അവർക്ക് വേണ്ടതെല്ലാം ചെയ്തുവരുന്നു.

ശനിയാഴ്ച രാവിലെ 3 മണി ആയപ്പോൾ ഞങ്ങൾ പൻവേലിൽ നിന്നും ബുസ്സാവലിലേക്ക് യാത്രയായി. പാസ്റ്റർ റെജി തോമസ്, എന്റെ മാതാവ്, മകൾ, എന്റെ ജ്യേഷ്ഠ സഹോദരൻ എന്നിവരോടൊത്ത് യാത്രയായി. 450 കി. മീറ്ററോളം ദൂരേയ്ക്കുള്ള ആ യാത്ര ബാല്യകാല ഓർമ്മയിലേക്കുള്ള ഒരു മടങ്ങിപ്പോക്കുകൂടിയായിരുന്നു. താനെയും പിന്നിട്ട് നാസിക്ക് ലക്ഷ്യമാക്കി യാത്ര ചെയ്യുമ്പോൾ മൂന്നാറിലൂടെ യാത്ര ചെയ്യുന്ന അനുഭവമായിരുന്നു. നേരിയ മഴയിൽ മൂടൽ മഞ്ഞു പുതച്ച് നിൽക്കുന്ന ഗിരിശൃംഘങ്ങൾക്കിടയിലൂടെ ഇൻഡോറിലേക്കുള്ള ഹൈവേ വളഞ്ഞ്പുളഞ്ഞ് പോകുന്നു. കുപ്രസിദ്ധമായ മലേഗാവും പിന്നിട്ട് വണ്ടി മുന്നോട്ടുപോകുമ്പോൾ സൂര്യൻ കരിമ്പടത്തിനിടയിൽ നിന്നും മുഖം കാട്ടുവാൻ തുടങ്ങുന്നതേയുള്ളായിരുന്നു. മനോഹരമായ റോഡിലൂടെ യാത്ര ചെയ്യുമ്പോൾ കേരളത്തിലെ റോഡുകളുടെ ദയനീയ സ്ഥിതി അറിയാതെ ഓർത്തുപോയി. ഉള്ളിപ്പാടങ്ങളും മറ്റ് കാർഷിക വിളകളും തഴച്ചുവളരുന്ന സ്ഥലങ്ങളുമാണ് റോഡിനിരുവശവും. വിൽപ്പനയ്ക്കായി നിരത്തി വെച്ചിരിക്കുന്ന സവാള ചാക്കുകൾ കണ്ട് ഞങ്ങളും ഇറങ്ങി. പത്ത് കിലോ ചാക്കിന് വില പേശി ഒടുവിൽ 60 രൂപയ്ക്ക് വാങ്ങിയപ്പോൾ ഞങ്ങൾക്ക് വലിയ സന്തോഷം. നല്ല കച്ചവടം ഒത്തതിന്റെ സന്തോഷം കച്ചവടക്കാരന്റെ മുഖത്തും പ്രകടം. ബ്ലസ്സ് ഫൗണ്ടേഷനിലേക്ക് ആവശ്യമുള്ള സവാള ഞങ്ങൾ വണ്ടിയിൽ ശേഖരിച്ചു.

ഒടുവിൽ 12.30 നോടടുത്ത് ഞങ്ങൾ ബുസ്സാവലിൽ എത്തി. റെയിൽവേ ഹോസ്പിറ്റലും ക്വാർട്ടേഴ്സും റെയിൽവേ ഓഫീസും പിന്നിട്ട് സി. എൻ. ഐ. ചർച്ചിനു ചേർന്നുള്ള സെമിത്തേരിയുടെ കവാടത്തിങ്കൽ വണ്ടി നിർത്തി. ബ്രിട്ടീഷുകാരുടെ കാലത്തുള്ള ഈ സെമിത്തേരി 5 ഏക്കറിലധികം വിസ്തൃതിയിലുള്ളതാണ്. കാട് മൂടികിടക്കുന്ന സെമിത്തേരിയിൽ മിക്ക കല്ലറകളും പൊളിഞ്ഞുകിടക്കുകയാണ്. അവിടെനിന്നും പുറത്ത് എത്തിയ ഞങ്ങൾ പഴയ ഓർമ്മകളുമായി പരിസരങ്ങളിലൂടെ സാവകാശം നടന്നു.

(തുടരും....)

## വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353



ആദ്യമായി ഒരു ശുദ്ധീകരണത്തെക്കുറിച്ച് വായിക്കുന്നത് ഉല്പത്തി പുസ്തകത്തിലാണ്. അപ്പോൾ യാക്കോബ് തന്റെ കുടുംബത്തോടും കൂടെയുള്ള എല്ലാവരോടും നിങ്ങളുടെ ഇടയിലുള്ള അന്യദേവന്മാരെ നീക്കിക്കളഞ്ഞു നിങ്ങളെ ശുദ്ധീകരിച്ചു വസ്ത്രം മാറുവിൻ.......... അങ്ങനെ അവർ തങ്ങളുടെ പക്കലുള്ള അന്യദേവന്മാരെ ഒക്കെയും കാതുകളിലെ കുണുക്കുകളെയും യാക്കോബിന്റെ പക്കൽ കൊടുത്തു. യാക്കോബ് അവയെ ശേഖേമിന്നരികെയുള്ള കരുവേലകത്തിൽ കീഴിൽ കുഴിച്ചിട്ടു (ഉല്പത്തി 35:2-4). പൊന്ന് ദൈവമക്കൾ പോലും എങ്ങനെ ദുരുപയോഗപ്പെടുത്തിയേക്കാം എന്നുള്ളതിനു ദൃഷ്ടാന്തമാണ് യിസ്രായേൽ മക്കൾ അഹരോന്റെ വാക്കിൽ പൊൻകുണുക്കുകൾ പറിച്ച് കൊടുത്ത് അവൻ അതുകൊണ്ട് കാളക്കുട്ടിയെ വാർത്തുണ്ടാക്കിയത് (പുറ: 32:2-40). ദൈവകല്പനകളിൽ ഒന്നാമത്തേത് ലംഘിക്കുന്നതിനു അതുനിമിത്തം കാരണമായി,ഒടുവിൽ മോശെ കാളക്കുട്ടിയെ അരച്ചു പൊടിയാക്കി വെള്ളത്തിൽ വിതറി യിസ്രായേൽ മക്കളെ കുടിപ്പിച്ചു.

ദൈവം മോശെയോട്, അതുകൊണ്ട് നിന്നോടു എന്തു ചെയ്യേണം എന്ന് അറിയേണ്ടതിന് നീ നിന്റെ ആഭരണം നീക്കിക്കളക എന്ന് യിസ്രായേൽ മക്കളോട് പറക എന്നു കല്പിച്ചു. അങ്ങനെ ഹോരേബ് പർവ്വതത്തിങ്കൽ തുടങ്ങി യിസ്രായേൽ മക്കൾ ആഭരണം ധരിച്ചിട്ടില്ല. ആഭരണം യിസ്രായേലിനു പാപഹേതുവായെങ്കിൽ, അതു നീക്കിക്കളക എന്നു ദൈവം കല്പിച്ചുവെങ്കിൽ പുതിയ നിയമ വിശ്വാസികൾക്കും ഈ പ്രമാണം ബാധകമാണ്. യെശയ്യാവ് തന്റെ പ്രവചനത്തിൽ യഹോവ അരുളിചെയ്തത്, സീയോൻ പുത്രിമാർ നിഗളിച്ച് കഴുത്തു നീട്ടിയും എറികണ്ണിട്ടും കൊണ്ട് സഞ്ചരിക്കുകയും തത്തി തത്തി നടക്കുകയും കാൽ കൊണ്ട് ചിലമ്പൊലി കേൾപ്പിക്കുകയും ചെയ്യുന്നു, ഇതു നിമിത്തം യഹോവ സീയോൻ പുത്രിമാരുടെ നെറുകെക്ക് ചൊറിപിടിപ്പിക്കും. കർത്താവ് അവരുടെ കാൽച്ചിലമ്പുകളുടെ അലങ്കാരം, ചന്ദ്രക്കല, കാതില, കാൽത്തള, പട്ടുക്കച്ച, മോതിരം, മൂക്കുത്തി എന്നിവ നീക്കിക്കളയും (യെശ: 3:16-26). സീയോൻ പുത്രിമാർ പലതരത്തിലുള്ള ആഭരണങ്ങൾ ധരിച്ചത് അവരുടെ നിഗളം കാണിക്കുവാനായിരുന്നു. അതുകൊണ്ട് ദൈവം അവരെ ശിക്ഷിക്കുമെന്ന് തെളിവായി പറഞ്ഞിരിക്കുന്നു. അഹങ്കാരത്തിന്റെ പ്രതീകമാണ് ആഡംബരപൂർവ്വമായ നിഗളത്തോടുള്ള ആഭരണ ധാരണം. യിരെമ്യാവു മുഖാന്തരം യഹോവ അരുളിച്ചെയ്തു (യിരെ:4:30) ഹോശെയ്യയോടു ദൈവം കല്പിച്ചു. (ഹോശെ:2:3) യെഹസ്കേലും പ്രസ്താവിച്ചിട്ടുണ്ട് (യെഹ:7:19-20). വേർപെട്ട ദൈവമക്കളുടെ ഇടയിൽ ആരംഭക്കാലത്ത് ദൈവവചനം പ്രസംഗിക്കുകയും വേർപാടിന്റെ ആവശ്യകതയെക്കുറിച്ച് പ്രസ്താവിച്ചപ്പോൾ സഹോദരിമാർ വിലയേറിയ രത്നങ്ങളും ആഭരണങ്ങളും സ്തോത്രകാഴ്ച പാത്രങ്ങളിൽ അർപ്പിക്കുകയും അവ വിറ്റു കിട്ടിയ പണം സാധുക്കൾക്കും സഭാഹാളിന്റെ പണിക്കും വേണ്ടി ഉപയോഗിച്ചു. കേരളത്തിലെ ആദ്യകാല പ്രവർത്തനങ്ങളെക്കുറിച്ചും പ്രവർത്തകരെക്കുറിച്ചും പറഞ്ഞിരിക്കുന്നത് കല്യാണത്തിനു വലിയ മോടിയില്ല, ബീഡിയില്ല, മുറുക്കില്ല, സിനിമയില്ല, ആഭരണങ്ങളില്ല, ഒന്നുമില്ല അങ്ങനെ വളരെ എളിമയോടും താഴ്മയോടും വിനയത്തോടുമാണ് ദൈവമക്കൾ ജീവിച്ചിരുന്നത്. ഇന്നത്തെ പല വിശ്വാസികളും രഹസ്യമായി വിവാഹമോതിരം അണിയുന്നു, ജോലിസ്ഥലങ്ങളിൽ ആഭരണങ്ങളോ കൃത്രിമ സൗന്ദര്യ വർദ്ധകങ്ങളായ സാധനങ്ങളോ അണിയുന്നു. ഒരുകാലത്ത് ദൈവമക്കൾ ഡാൻസ് ചെയ്യുകയോ സിനിമ കാണുകയോ, റ്റി.വി. കാണുകയോ ചീട്ടുകളിക്കുകയോ ചെയ്യാറില്ലായിരുന്നു, എന്നാൽ ഇന്നു വളരെ വ്യത്യസ്തമാണ്. കണ്ണിലും കൈകാൽ വിരലുകളിലും മഷിപുരട്ടി ആഭരണ വിഭൂഷിതകളായി കാണപ്പെടുന്ന വിശ്വാസിനികൾ ലോകമനുഷ്യരാണോ ദൈവഭക്തിയുള്ള സ്ത്രീകളാണോ? ഭക്തിയോടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ട് സുബോധത്തോടും ഭക്തിയോടും ജീവിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നവരാണ് ദൈവമക്കൾ.

21-ാം നൂറ്റാണ്ട് സ്ത്രീകളുടെ മുന്നേറ്റത്തിന്റെ കാലഘട്ടമാണ്, മഹിളാപ്രസ്ഥാനങ്ങളും സ്ത്രീസംഘടനകളും, സ്ത്രീശക്തിയും കുടുംബശ്രീയും അയൽക്കൂട്ടവും ഇതിൽ ചിലതാണ്. സ്ത്രീകൾ അടുക്കളയിൽ നിന്ന് അരങ്ങുവരെയും വാഴുകയാണ്. സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി രാജ്യാന്തര സംഘടനകളും ഭരണനേതൃത്വങ്ങളും ധാരാളമുണ്ട്. ഈ പഠനത്തിന്റെ പശ്ചാത്തലത്തിൽ അവളുടെ പദവികളും അധികാരങ്ങളും അവസരങ്ങളും അവകാശങ്ങളും ബൈബി

- തുടർച്ച-

ൾ വെളിച്ചത്തിൽ പരിശോധിക്കുന്നത് നല്ലതാണ്. കൂടാതെ സ്ത്രീ ആയിരിക്കുന്ന നിലയും അവൾ എങ്ങനെ ആയിരിക്കണമെന്ന് മനസ്സിലാക്കുവാനും സഹായിക്കും.

സൃഷ്ടിയിലുള്ള സ്ത്രീയുടെ സ്ഥാനം - യഹോവയായ ദൈവം മനുഷ്യനിൽ നിന്നെടുത്ത വാരിയെല്ലിനെ സ്ത്രീയാക്കി, ആണും പെണ്ണുമായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ (ഉല്പ:1:27), സ്ത്രീയും പുരുഷനും (നരനും നാരിയും) ആയത് സ്ത്രീയുടെ സൃഷ്ടിയോടു കൂടെയാണ് (ഉല്പ:2:22), ആദാമിനു തക്കതുണയും മനുഷ്യർക്കെല്ലാം മാതാവുമായിരിപ്പാൻ ഹവ്വ എന്ന പേര് സ്ത്രീക്കു നൽകി (ഉല്പ: 3:20-23). സ്ത്രീയുടെ തല പുരുഷൻ, സ്ത്രീ പുരുഷന്റെ തേജസ്സ് ആകുന്നു (1 കൊരി:11:37). സ്ത്രീയാണ് ആദ്യമായി വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടത് (ഉല്പ:3:6, 1 തിമൊ:2:14). പിശാചിനാൽ വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടതിനാലാണ് (ഉല്പ:3:13) പുരുഷനാൽ ഭരിക്കപ്പെടും എന്ന നിലയിലേക്കു അവളെ എത്തിച്ചത്, (ഉല്പ:3:16).അങ്ങനെ ഭൂമിയും അതിൽ വസിക്കുന്നവരും ശാപഗ്രസ്തരായിത്തീർന്നു. സ്ത്രീ എല്ലാ നിലയിലും ബലഹീനപാത്രമായി (1പത്രോ:3:7). ആരിൽ കൂടി പാപം ഈ ലോകത്ത് വന്നുവോ അവരിൽ കൂടി സ്ത്രീയെ വഞ്ചിച്ച പിശാചിന്റെ തല തകർക്കുവാൻ 'സ്ത്രീയുടെ സന്തതി' എന്ന വാഗ്ദത്തം ദൈവം നൽകി ഉല്പത്തി 3:15. ഇതാണ് ലോകരക്ഷകൻ ഭൂമിയിലേക്കു വരുന്നതിന്റെ ആദ്യത്തെ പ്രവചനം.

സ്ത്രീ ഭാര്യ എന്ന നിലയിൽ - സ്ത്രീ പുരുഷനായിട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് (ഉ

04

ചോദ്യോത്തര വേദി

# ശ്രീ അച്യുതാനന്ദന്റെ സുവിശേഷ പ്രസംഗം



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** ബാർ കോഴ വിവാദവുമായി ബന്ധപ്പെട്ട് മരണാന്തര ജീവിതത്തെക്കുറിച്ച് കേരള നിയമസഭയിലെ പ്രതിപക്ഷ നേതാവ് ശ്രീ. അച്യുതാനന്ദൻ ഏതാണ്ടിപ്രകാരം പ്രബോധിപ്പിച്ചു: 'കൈക്കൂലിക്കാരും, കോഴക്കാരും, കള്ളന്മാരും, കട്ടുമുടിക്കുന്നവനും, കയ്യിട്ടുവാരുന്നവരും, കീശ വീർപ്പിക്കുന്നവരും ഒക്കെ കെടാത്ത തീയും ചാകാത്ത പുഴുവുമുള്ള നരകത്തിലേക്കാണ് പോകുന്നത്'. നരകം ഉണ്ടെന്നും അവിടെ കെടാത്ത തീയും ചാകാത്ത പുഴുവുമുണ്ടെന്നും യേശുക്രിസ്തുവാണ് വെളിപ്പെടുത്തിയത്. ശ്രീ. അച്യുതാനന്ദൻ യേശുവിനെ വിശ്വസിക്കുന്ന വ്യക്തിയാണെന്ന് താങ്കൾ കരുതുന്നുവോ?.

മാത്യു, മന്ദമരുതി, റാന്നി

**ഉത്തരം:** വിശ്വാസം, അതിപരിശുദ്ധ വിശ്വാസം അഥവാ യേശുവിലുള്ള വിശ്വാസം ഒരു സ്വകാര്യ സമ്പത്താണ്. അത് സ്വന്തമാക്കിയതിനു ശേഷമാണ് യേശു അരുളിച്ചെയ്തതു വിശ്വസിക്കുകയും അനുസരിക്കുന്നതിനുമുള്ള പ്രസക്തി വരുന്നത്. ആരൊക്കെ എന്തൊക്കയാണ് വിശ്വസിച്ചിരിക്കുന്നത് എന്ന് സകല ഹൃദയങ്ങളെയും പരിശോധിക്കുന്ന സൃഷ്ടാവിന് മാത്രമേ അറിവുള്ളു, എങ്കിലും വിശ്വാസം ജീവനുള്ളതാണെങ്കിൽ അത് പ്രവർത്തിയിൽ കൂടി പുറത്തു വരും. ജന്മം കൊണ്ട് അക്രൈസ്തവനും, വിശ്വാസം കൊണ്ട് നാസ്തികനും, ആദർശം കൊണ്ട് കമ്മ്യൂണിസ്റ്റുകാരനും പ്രവർത്തികൊണ്ട് വിപ്ലവകാരിയുമായ ഒരു യാഥാസ്ഥിതിക നേതാവിനെ കൊണ്ട് സുവിശേഷ സത്യങ്ങൾ പ്രബോധിപ്പിച്ചത് ചിന്തനീയമാണ്. പരമാർത്ഥമായിട്ടോ, നാട്യമായിട്ടോ, ഹാസ്യമായിട്ടോ ഏതു വിധമായാലും ദൈവവചനമാണല്ലോ അദ്ദേഹം നിയമ സഭയിൽ പ്രബോധിപ്പിച്ചത് (ഫിലിപ്പ്യർ 1:8). പഴയ കാലഘട്ടത്തിലെ ഏറ്റവും ശക്തനായ **നെബൂക്കദ്നേസർ രാജാവും** തന്റെ ജീവിതത്തിൽ ചില ദൈവീക ഇടപെടലുകൾ കണ്ടപ്പോൾ ഇപ്രകാരമൊരു പ്രസ്താവനയും പ്രഘോഷണവും തന്റെ ഭരണത്തിൻ കീഴിലുള്ള സകല രാജ്യങ്ങളിലും അറിയിച്ചിരുന്നു. അതിപ്രകാരമാണ് : "... അത്യുന്നതനായ ദൈവം എന്നിൽ പ്രവർത്തിച്ച അടയാളങ്ങളും അത്ഭുതങ്ങളും പ്രസിദ്ധമാക്കുന്നതു നല്ലതെന്ന് എനിക്കു തോന്നിയിരിക്കുന്നു... സ്വർഗ്ഗസ്ഥനായ ദൈവത്തെ ഞാൻ സ്തുതിക്കുകയും പുകഴ്ത്തുകയും ബഹുമാനിക്കുകയും ചെയ്യുന്നു; അവന്റെ പ്രവർത്തികളൊക്കെയും സത്യവും അവന്റെ വഴികൾ ന്യായവും ആകുന്നു; നിഗളിച്ചു നടക്കുന്നവരെ താഴ്ത്തുവാനും അവൻ പ്രാപ്തൻ തന്നെ" (ദാനിയേൽ 4)

ശ്രീ. അച്യുതാനന്ദൻ പ്രസ്താവിച്ചതും നിയമസഭാ രേഖകളിൽ എഴുതിച്ചേർത്തതുമായ സുവിശേഷ സത്യങ്ങൾ താഴെപ്പറയുന്ന വിശ്വാസ സത്യങ്ങൾ കൂടി വെളിപ്പെടുത്തുന്നുണ്ട്.

1. മരണാന്തര ജീവിതത്തിൽ ശ്രീ. അച്യുതാനന്ദൻ വിശ്വസിക്കുന്നു.
2. നരകം ഒരു യാഥാർത്ഥ്യമാണ്. അപ്പോൾ സ്വർഗ്ഗവും ഒരു യാഥാർത്ഥ്യമാണ്.
3. ഏതു മനുഷ്യന്റെയും മരണാന്തര ഭാവി നിശ്ചയിക്കുന്നത് ഭൂമിയിലെ അവന്റെ ജീവിതവും പ്രവർത്തികളുമാണ്. അതായത് സകല മനുഷ്യരും ദൈവത്തോട് കണക്ക് ബോധിപ്പിക്കേണ്ടിവരും.

നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി ദിവസവും ബൈബിൾ വായിക്കുമായിരുന്നു. ശത്രുവിനെ സ്നേഹിക്കേണം എന്ന യേശുവിന്റെ പ്രബോധനം ഗാന്ധിജിക്ക് വളരെ ഇഷ്ടപ്പെട്ടു. അന്നത്തെ രാഷ്ട്രീയ ശത്രുവായിരുന്ന ബ്രിട്ടീഷുകാരെ ഗാന്ധിജി സ്നേഹിച്ചു. ബ്രിട്ടീഷുകാർ ആദ്യമായിട്ടാണ് ശത്രുവിനെ സ്നേഹിക്കുന്ന ഒരു രാഷ്ട്രീയക്കാരനെ കണ്ടുമുട്ടുന്നത്. അതുകൊണ്ട് ഗാന്ധിജിയെ ഇല്ലാതാക്കാൻ ബ്രിട്ടീഷ് നേതൃത്വത്തിന് തോന്നിയില്ല. യേശുക്രിസ്തുവിന്റെ പല ഉപദേശങ്ങളും (പ്രത്യേകിച്ച് ഗിരിപ്രഭാഷണം) ഗാന്ധിജിക്ക് വളരെ ഇഷ്ടമായിരുന്നുവെങ്കിലും **ഒരിക്കലും യേശുവിനെ ദൈവമായി അംഗീകരിച്ചിരുന്നില്ല.**

എന്നാൽ **യേശുവിനെ ദൈവമായി കണ്ട്**, ജീവിതം സമർപ്പിച്ച്, ആരാധിച്ചും അനുസരിച്ചും നടക്കുന്ന സാധുക്കളും വിദ്യാഭ്യാസമില്ലാത്തവരുമായ ക്രിസ്ത്യാനികൾ ഗാന്ധിജിക്ക് എന്നും ഒരത്ഭുതമായിരുന്നു. ഭൗതീക സമ്പത്ത് കുറവാണെങ്കിലും വളരെ സന്തോഷത്തിലും സമാധാനത്തിലും മരണാനന്തര ജീവിതത്തിലുമുള്ള പ്രത്യാശയിലും ജീവിക്കുന്ന അവർ, യേശുവിനെക്കുറിച്ച് മറ്റുള്ളവരോട് പറഞ്ഞു നടക്കുന്നതിന്റെ പൊരുൾ ഗാന്ധിജിക്ക് മനസ്സിലായില്ല. നേരിട്ട് കണ്ടിട്ടില്ലാത്ത യേശുവിനു ജീവിതത്തിന്റെ സമസ്തമേഖലകളിലും കർത്തൃത്വം കൊടുക്കുന്നതിന്റെ കാരണം ഗാന്ധിജിക്ക് ഉൾക്കൊള്ളാനായില്ല. അമ്മയുടെ ഉദരത്തിൽ നിന്നു ജനിച്ചവൻ **'വീണ്ടും ജനിച്ചാൽ'** മാത്രമേ ക്രിസ്ത്യാനിയാകു എന്നുള്ളത് ഗാന്ധിജിക്കറിയില്ലായിരുന്നു. അതുപോലെതന്നെ ശ്രീ. അച്യുതാനന്ദനും ഈ വിഷയം അറിയാമോയെന്ന് എനിക്കറിയില്ല.

യേശു തന്റെ ശുശ്രൂഷാകാലത്ത് കൈസര്യഫിലിപ്പിപ്രദേശത്ത് എത്തിയശേഷം തന്റെ ശിഷ്യന്മാരോട് ചോദിച്ചു: ' ജനങ്ങൾ ഞാൻ ആരെന്ന് പറയുന്നു'?. പലരും പല രീതിയിലാണ് യേശുവിനെ മനസ്സിലാക്കിയിരുന്നതെന്ന് ശിഷ്യന്മാർ മറുപടി പറഞ്ഞു (മത്തായി 16:13). **ഇന്നും അത് തുടരുന്നു.** വിപ്ലവകാരി, സ്ത്രീസമത്വവാദി, തച്ചനായ സാമൂഹ്യ പരിഷ്കർത്താവ്, മാന്ത്രികൻ എന്നൊക്കെ യേശുവിനെ വിലയിരുത്താൻ പലരും ഇഷ്ടപ്പെടുന്നു. അവർ തങ്ങളുടെ പ്രസംഗങ്ങളിൽ യേശുവിന്റെ വചനങ്ങൾ ഉദ്ധരിക്കാറുമുണ്ട്.

**അടിക്കുറിപ്പ്**: മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചക പുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും വാഗ്ദത്ത മശിഹായെക്കുറിച്ച് എഴുതിയിരിക്കുന്നതൊക്കെയും തന്നിൽ നിവൃത്തിയാകണം എന്നു വിശ്വസിക്കാത്ത **മന്ദബുദ്ധികളെ** എന്നാണ് യേശുക്രിസ്തു തന്റെ ചില ശിഷ്യന്മാരോട് പറഞ്ഞത് (ലൂക്കോസ് 24).

## 03 വേദപഠനം.....

ല്പത്തി2:18), എന്നാൽ കർത്താവിൽ പുരുഷനെ കൂടാതെ സ്ത്രീയുമല്ല, സ്ത്രീയെ കൂടാതെ പുരുഷനുമില്ല (1 കൊരി:11:9-12). ഭർത്താവ് ജീവിച്ചിരിക്കുന്ന കാലത്തോളം സ്ത്രീ ബന്ധിക്കപ്പെട്ടിരിക്കുന്നു (എഫെ:5:31) ഭർത്താവ് ഭാര്യയ്ക്കും ഭാര്യ ഭർത്താവിനും കടം പെട്ടിരിക്കുന്നത് ചെയ്യട്ടെ (1 കൊരി: 7:3-5), ഭാര്യമാർ കർത്താവിനു എന്നപോലെ സ്വന്തഭർത്താക്കന്മാർക്കു കീഴടങ്ങുവിൻ (എഫെ:5:22), ബുദ്ധിയുള്ള ഭാര്യ യഹോവയുടെ ദാനം, സാമർത്ഥ്യമുള്ള സ്ത്രീ ഭർത്താവിനൊരു കിരീടം, സാമർത്ഥ്യമുള്ള ഭാര്യയുടെ വില മുത്തുകളിലും ഏറ്റും (സദൃ:19:14, 12:4, 31:10).

സ്ത്രീ കുടുംബത്തിൽ - ഒരു വീടിന്റെ ഐശ്വര്യം ആ വീട്ടിലെ സ്ത്രീയാണ്; ഇപ്രകാരമൊരു പഴമൊഴിയുണ്ട്, ഏതൊരു പുരുഷന്റെയും വിജയത്തിനു പിന്നിൽ ഒരു സ്ത്രീയുണ്ട് എന്നു പറയുന്നതുപോലെ ഒരു വീട്ടിന്റെ വിളക്കാണ് സ്ത്രീ. ഭവനത്തിൽ സ്ത്രീകൾക്കു വലിയൊരു പങ്കുണ്ട്. ഭാഗ്യവാനായ ഭർത്താവിന്റെ ഭാര്യമുന്തിരി വള്ളിപ്പോലെ ഭർത്താവാകുന്ന താങ്ങുതടിയിൽ ചുറ്റി ആശ്രയിച്ചു വീടിനകത്ത് പെരുമാറുന്നവളാണ് സങ്കീ:128:3, സാമർത്ഥ്യമുള്ള ഭാര്യയെക്കുറിച്ച് സദൃശ്യ:31:10-12-ൽ വിവിരിച്ചിരിക്കുന്നു. സ്ത്രീകളിൽ ജ്ഞാനമുള്ളവൾ തന്റെ വീടുപണിയുന്നു, സദൃശ്യ:14:1.

സ്ത്രീ സഭയിൽ - വിശുദ്ധന്മാരുടെ സർവ്വസഭകളിലും എന്നപോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ, സ്ത്രീകൾ സഭയിൽ സംസാരിക്കുന്നത് അനുചിതമല്ലോ (1 കൊരി: 14:134-35). സ്ത്രീകൾ എവിടെ വച്ച് പ്രാർത്ഥിക്കുമ്പോഴും തലമൂടിയിരിക്കണം. അതാണ് ദൈവസഭയുടെ മര്യാദ (1 കൊരി: 11:13-16), മൗനമായിരിപ്പാനല്ലാതെ ഉപദേശിപ്പാനോ പുരുഷന്റെമേൽ അധികാരം നടത്തുവാനോ സ്ത്രീക്കു അനുവാദമില്ല, സ്ത്രീ മൗനമായിരിന്നു, പൂർണ്ണ അനുസരത്തോടു കൂടെ പഠിക്കട്ടെ 1തിമൊ2:11-12. മൂടുപടമില്ലാതെ പ്രാർത്ഥിക്കയോ പ്രവചിക്കയോ ചെയ്യുന്ന ഏതു സ്ത്രീയും തന്റെ തലയെ അപമാനിക്കുന്നു, സ്ത്രീക്കു ദൂതന്മാർ നിമിത്തം തലമേൽ അധീനതാലക്ഷ്യം ഉണ്ടായിരിക്കണം 1.കൊരി:11:5,10 (തുടരും...)

## 01 പിസിനാക്ക് 2016 ഡാളസ് .....

ക്കിന്റെ ശോചനീയാവസ്ഥ മാറുന്നതിന് ഈ സമ്മേളനം ഉപകരിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.

നാഷണൽ കൺവീനറായി തെരഞ്ഞെടുക്കപ്പെട്ട റവ. ഷാജി കെ. ഡാനിയേൽ അഗെപ്പെ ഫുൾ ഗോസ്പൽ മിനിസ്ട്രീസിന്റെ സ്ഥാപക പ്രസിഡന്റും സുപ്രസിദ്ധ കൺവൻഷൻ പ്രസംഗകനും മികച്ച സംഘാടകനുമാണ്. അഗെപ്പെ ബൈബിൾ കോളജ് (വി-കോട്ടയം) പത്തനംതിട്ട. അഗെപ്പെ ഹോം ഹെൽത്ത് / ഹോസ്പീസ് (ഡാളസ്) തുടങ്ങിയ സ്ഥാപനങ്ങളുടെ സ്ഥാപകനുമാണ്.

സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ബ്രദർ റ്റിജു തോമസ് ഹ്യൂസ്റ്റൺ ഐ. പി. സി. ഹെബ്രോൻ സഭാംഗമാണ്. ലിവിംഗ് ഹോപ്പ് ചാരിറ്റബിൾ സൊസൈറ്റിയുടെ പ്രസിഡന്റായി പ്രവർത്തിക്കുന്ന ഇദ്ദേഹം ഹെൽത്ത് കെയർ സ്ഥാപനങ്ങളുടെ ഉടമയും മികച്ച സംഘാടകനുമാണ്.

ട്രഷററായി തെരഞ്ഞെടുക്കപ്പെട്ട ബ്രദർ തോമസ് വർഗീസ് ന്യൂയോർക്ക് എലീം ഫുൾ ഗോസ്പൽ അസംബ്ലി മെമ്പറും റാന്നി സ്വദേശിയുമാണ്. അമേരിക്കൻ പോസ്റ്റൽ സർവ്വീസിൽ മാനേജറായി ഔദ്യോഗിക ജീവിതം നയിക്കുന്നു. യൂത്ത് കോർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട ഏബ്രഹാം മോനീസ് ജോർജ്ജ് ന്യൂയോർക്ക് ശാലേം പെന്തെക്കോസ്തൽ ടാബർനാക്കിൾ സഭാംഗവും പാസ്റ്റർ മോനീസ് ജോർജ്ജിന്റെ മകനുമാണ്.

## 02 യുവജനപംക്തി.....

പരിക്കുമാറുണ്ടോ? (മത്താ.7:1)) ഒരു വ്യക്തിയുടെ അകം എങ്ങനെയോ അതാണ് പുറത്ത് പ്രതിഫലിക്കുന്നത്. "ഒരാൾ ദിവസം മുഴുവൻ ചിന്തിക്കുന്നതാണ് യഥാർത്ഥത്തിൽ അവനെ അവനാക്കുന്നത്" എന്ന് റോബർട്ട് കോളിയർ പറയുന്നു.

ജീവിത വിജയത്തിന് അനേക മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടെങ്കിലും വിജയകരമായ ചിന്തകളും ദർശനവുമാണ് പ്രധാനം. ചിന്തകളെ നവീകരിച്ചാൽ ജീവിതം പുതുമയുള്ളതാകും.

**പരാജയചിന്തകൾ**

ജീവിതത്തിൽ പരാജയചിന്തകൾ കൊണ്ടു നടക്കുന്നവർക്ക് പരാജയം ഉറപ്പാണ്. ചിന്തകളാണ് ജീവിതത്തെ പരിപുഷ്ടമാക്കുന്നത്, വിശുദ്ധ പൗലൊസിന്റെ ചിന്തയിൽ "ഒടുവിൽ സഹോദരന്മാരേ, സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായത് ഒക്കെയും, നിർമ്മലമായതു ഒക്കെയും രമ്യമായതു ഒക്കെയും സല്കീർത്തിയായതു ഒക്കെയും സൽഗുണമോ പുകഴ്ചയോ അതു ഒക്കെയും ചിന്തിച്ചു കൊൾവീൻ (ഫിലി.4:8)

പൗലൊസിന്റെ ചിന്തയിൽ

* **സത്യമായ ചിന്തകൾ**
* **ഘനമായ ചിന്തകൾ**
* **നീതിയായ ചിന്തകൾ**
* **നിർമ്മലമായ ചിന്തകൾ**
* **രമ്യമായ ചിന്തകൾ**
* **സല്കീർത്തിയായ ചിന്തകൾ**

സൽഗുണമായ ചിന്തകൾ ആയിരിക്കണം ക്രിസ്തീയ വിശ്വാസികളുടേത്. ഇപ്രകാരം ഉള്ള ചിന്തകൾ നമ്മെ തീർച്ചയായും ക്രിസ്തീയ ജീവിത വിജയത്തിലെത്തിക്കും.

പൗലൊസിന്റെ ജീവിതത്തിൽ ചിന്തകളുടെ സ്ഥാനം വലിയതാണ്. വിജയകരമായ ജീവിതം ദർശനം കണ്ട് യാത്ര ചെയ്തിനാലാണ് ജീവിതാന്ത്യത്തിൽ "ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു (1തിമൊ.4:7) എന്ന് പറയുവാനിടയായത്.

ക്രിയാത്മകചിന്തകളും ജീവിതവിജയവും എന്ന പുസ്തകത്തിൽ നോർമൻ വിൻസെന്റ് പീൽ പറയുന്നു: "എന്നും രാവിലെ എഴുന്നേൽക്കുമ്പോൾ നിങ്ങളുടെ മുമ്പിൽ തിരഞ്ഞെടുക്കുവാനായി അനുകൂലവും പ്രതികൂലവും ആയ സാഹചര്യങ്ങൾ കാണും. ഒരു വശത്ത് വിജയത്തിന്റെ മനോഭാവം സൂചിപ്പിക്കുന്ന സ്നേഹം. ഉത്സാഹം, വിശ്വാസം, പ്രത്യാശ എന്നിവയും മറുവശത്ത് പരാജയ മനോഭാവത്തെ സൂചിപ്പിക്കുന്ന വെറുപ്പ്, ഭയം, ഉത്കണ്ഠ, ദ്വേഷ്യം, സംശയം എന്നിവയും ആണ് ഒരാളിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുക" ഇവയിൽ ഏതാണ് തിരഞ്ഞെടുക്കേണ്ടത് എന്ന് സ്വയം തീരുമാനിക്കണം.

ജയിലിന്റെ ഇരുണ്ട മുറിയിൽ ആയി മരണത്തെ മാത്രം മുന്നിൽ കണ്ട് തന്റെ പല സ്നേഹിതരും മാറി പോകുന്നതും ദർശിച്ച പൗലൊസ് എന്ന ഭക്തൻ ഇല്ലായ്മകളെയും നിരാശകളെയും പുറത്താക്കുവാൻ സ്വയം സ്വീകരിച്ച ചിന്തയാണ് "എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയാകുന്നു" എന്നത് (ഫിലി.4:13) ഈ വചനത്തിൽ വിശ്വസിക്കുന്നവരിൽ വ്യാപരിക്കുന്ന ശക്തി വലിയതാണ്. വിവിധ പരാജയവും ബലഹീനതയും ഇല്ലായ്മയും കഴിവില്ലായ്മയും രോഗവും എല്ലാം നിരത്തിയിട്ട് സ്വയം പറയുക എന്നെ ശക്തനാകുന്ന (യേശു) വൻ മുഖാന്തിരം ഞാൻ സകലത്തിനും ശക്തനാകുന്നു. നമുക്ക് ചെയ്യുവാൻ സാദ്ധ്യമല്ലാത്തത് സാദ്ധ്യമാക്കുന്ന യേശു കൂടെയുണ്ട് എന്ന വിശ്വാസം നമ്മുടെ പരാജയ ചിന്തകളെ പുറത്താക്കും. ആകുലത്തോടും ഭയത്തോടും പരാജയ ചിന്തകളോടും നമുക്ക് വിട പറയാം. ശക്തനായ ഒരു ദൈവം നമ്മോടു കൂടെയുണ്ട്, അവനിൽ നമുക്ക് ആശ്രയിക്കാം. (തുടരും..)

## 01 മോൻസി മാങ്കുളങ്ങര....

യുമായിരുന്ന ഇദ്ദേഹം തിരുവല്ല ഡിസ്ട്രിക്ട് ട്രഷറാർ കൂടിയായിരുന്നു. തിരുവല്ല പെരിങ്ങര മാങ്കുളങ്ങര വീട്ടിൽ കെ. എം. വർഗീസ്, മറിയാമ്മ ദമ്പതികളുടെ മകനാണ്. മണലടി കുടുംബയോഗത്തിന്റെ സെക്രട്ടറിയായി പ്രവർത്തിച്ചു വരികയായിരുന്നു. തിരുവല്ലായിൽ സംയുക്ത വി. ബി. എസ്. സ്ഥാപകാംഗവും ജനറൽ കോർഡിനേറ്ററുമായി സ്തുത്യർഹമായ സേവനമാണ് ബ്രദർ മോൻസി മാങ്കുളങ്ങര കാഴ്ചവെച്ചത്. പി. സി. ഐ.യുടെ മുൻനിര പ്രവർത്തകനും ആധ്യാത്മിക രംഗത്ത് സജീവവുമായിരുന്ന തന്റെ അന്ത്യം പെന്തെക്കോസ്ത് സമൂഹത്തിന് തീരാനഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്.

ഭാര്യ: കല്ലിശ്ശേരി കുതിരവട്ടത്ത് ഷോളി വർഗീസ്. മക്കൾ: ഏബൽ, അബിയ.

ശവസംസ്കാരം തിരുവല്ല സ്റ്റേഡിയം സഭയുടെ ചുമതലയിൽ നടത്തപ്പെട്ടു. അസി. ഓവർസിയർ പാ. പി. ജി. മാത്യൂസ് ശുശ്രൂഷ നിർവ്വഹിച്ചു.

ലേഖനം



# രോഗികളുടെ പ്രത്യേക ശ്രദ്ധക്ക്
# സൌഖ്യമാകുവാൻ മനസ്സുണ്ടോ?

ചെറിയാൻ കെ. വി.

**38** വർഷം രോഗിയായിക്കിടന്ന മനുഷ്യനോടു യേശു കർത്താവു ചോദിച്ചത് മറ്റേതു വൈദ്യനാണ് ധൈര്യപൂർവ്വം ചോദിക്കുക?

നമ്മുടെ ഉത്തരം എന്തു എന്ന് തന്നെ ആയാലും നാം രോഗികളാകയാൽ സാക്ഷാൽ സൌഖ്യദായകനായ യേശുവിന്റെ ആ ചോദ്യം മറക്കരുത്. കാരണം അവർ എന്നും എന്നും സൌഖ്യമാക്കുന്നു. ഏതു മനുഷ്യനും രോഗിയാകുമല്ലോ? ഒരിക്കൽ ഞാനും രോഗിയായി, ആ സമയത്താണു എനിക്ക് സൌഖ്യത്തിന്റെ വില മനസ്സിലായത്. ആ സന്ദർഭത്തിൽ ഡോക്ടർ എന്നോട് ഒരു ചോദ്യം "രോഗത്തിന് കാരണമായ എന്തെങ്കിലും സംഭവം ഓർക്കുന്നുണ്ടോ". ഞാൻ പല ഉത്തരങ്ങൾ പറഞ്ഞു എങ്കിലും ദൈവം സൌഖ്യമാക്കി എന്ന് മാത്രം പറഞ്ഞു അതവസാനിപ്പിക്കുന്നുവെങ്കിലും നാം രോഗികളായാൽ നമ്മോടു തന്നെ ചോദിക്കേണ്ട ചോദ്യമുണ്ട്.

**1. ശരീര പരിപാലന സംരക്ഷണ നിയമങ്ങൾ ലംഘിച്ചുവോ?**

മനുഷ്യ ശരീരം സൃഷ്ടികളിൽ അത്ഭുതമെങ്കിലും ലോലമാണ്. ആയതിനാൽ ഒരു പരിധിയിൽ കൂടുതൽ ചൂടും തണുപ്പും ആഗിരണം ചെയ്യുവാൻ കഴിവില്ല. ശുദ്ധവായു, ശുദ്ധ ജലം, പോഷക ഗുണമുള്ള ഭക്ഷണം, വിശ്രമം മുതലായവ ഇതിന്റെ സുഗമമായ പ്രവർത്തനത്തിനു അനിവാര്യമാണ്. അത് ലംഘിച്ചാൽ ക്ഷീണവും. കാലക്രമേണ രോഗവും ഉണ്ടാകും. ഇങ്ങനെ ഉണ്ടാകുന്ന രോഗങ്ങളെ പോരാട്ടം, ബന്ധനം, കൈ വിഷം, മന്ത്രവാദം എന്നൊന്നും പേർ പറയരുത്. പ്രത്യുത എത്രയും വേഗം രോഗനിവാരണത്തിനാവശ്യമായ മാറ്റങ്ങൾ ആഹാരം, ശുചിത്വം, വിശ്രമം എന്നിവയിൽ വരുത്തേണം. ആവശ്യമെങ്കിൽ ഒരു ഡോക്ടറുടെ സേവനം പ്രയോജനപ്പെടുത്തി. നിർദ്ദേശിക്കുന്ന മരുന്നുകൾ കഴിക്കുക. മരുന്നുകൾ മനുഷ്യസൃഷ്ടിയല്ല പ്രത്യുത ദൈവം നല്കിയ ജ്ഞാനം ഉപയോഗിച്ച് ദൈവം സൃഷ്ടിച്ച വസ്തുക്കളാൽ നിർമ്മിച്ചവയാണ്. ഇതിനോടുള്ള ബന്ധത്തിൽ പൗലോസ് തിമഥിയോസിന് നല്കിയ ഉപദേശം പ്രസിദ്ധമാണല്ലോ ഡോക്ടറുടെയോ മരുന്നിന്റെയോ സേവനം ഉപയോഗിക്കില്ല എന്ന് ദൈവവുമായി ഉടമ്പടിയുള്ളവർ ഉപയോഗിക്കാതിരിക്കട്ടെ.



**2. ഒരു കാലയളവിലേക്ക് ദൈവം അനുവദിച്ച രോഗമേ?**

ആരോഗ്യ സംരക്ഷണത്തിനും നിലനില്പ്പിനും ആവശ്യമായ എല്ലാ നിയമങ്ങളും അനുസരിച്ചാലും നാം രോഗികളാവില്ല എന്നുറപ്പു നൽകാനാവില്ല. കാരണം ഒരു നിശ്ചിത കാലയളവിലേക്ക് നമ്മെ രോഗികളാക്കുവാൻ നമ്മുടെ ദൈവം പിശാചിനു അനുവാദം നല്കിയെന്ന് വരാം. ഇയ്യോബിന്റെയും പൗലോസിന്റെയും ജീവിതാനുഭവങ്ങൾ ഇതിനു തെളിവാണ്. ഇങ്ങനെയുള്ള രോഗങ്ങൾക്ക് മരുന്നിനാൽ താല്ക്കാലിക ആശ്വാസം ലഭിച്ചുക്കുമെങ്കിലും പൂർണ്ണ സൌഖ്യം മരുന്നിനാൽ ലഭിക്കുകയില്ല. ഇപ്രകാരമുള്ള രോഗത്തിൽ കൂടി നാം കടന്നു പോകുമ്പോൾ നാം അറിഞ്ഞിരിക്കേണ്ട ചില പ്രധാന സത്യങ്ങൾ

A.നമ്മുടെ ദൈവം സൌഖ്യമാക്കുന്ന യഹോവയാകുന്നു. നമ്മെ രോഗിയാക്കുന്ന യഹോവയല്ല. യേശു ക്രിസ്തു വിവിധ രോഗികളെ സൌഖ്യമാക്കിയെന്നും, രോഗാത്മാവിനെ ശാസിച്ചു എന്നും അവന്റെ അടിപിണരുകളാൽ നമുക്ക് സൌഖ്യം വന്നിരിക്കുന്നു എന്നും വിശുദ്ധ വചനം പറയുന്നു എന്നാൽ നമ്മെ രോഗികളാക്കുവാൻ നമ്മുടെ ദൈവം പിശാചിനു അനുവാദം നല്കിയെന്ന് വരാം. ഒരു മനുഷ്യനെ രോഗിയാക്കുന്നതിനും അതിന്റെ ഉറവിടവും അപ്പോൾ പിശാചാണ്.

B. രോഗം അനുവദിക്കുന്ന ദൈവം, നാം അതിൽ കൂടി കടന്നു പോകുവാനുള്ള കൃപയും നല്കുന്നു.

C.നാം രോഗത്തിൽ കൂടി കടന്നു പോകുന്നതിന്റെ ദൈവീക ഉദ്ദേശം മനസ്സിലാക്കുന്നതിനായി പ്രാർത്ഥിക്കുക.

D. ഇതു ഭാവിയിൽ നമ്മെ കൂടുതൽ ദൈവാശ്രയം ഉള്ളവരാക്കി തീർക്കുന്നു.

E.മറ്റുള്ളവർ രോഗികളായാൽ അവരുടെ അവസ്ഥ നമുക്ക് പെട്ടെന്ന് മനസ്സിലാകുന്നു. നമ്മുടെ അനുഭവ സാക്ഷ്യം അവർക്ക് ദൈവത്തിൽ ധൈര്യവും പ്രത്യാശയും നല്കുന്നു

**2. ദൈവീക നിയമം ലംഘിച്ചുവോ?**

നാം മനഃപൂർവ്വമായോ അബദ്ധലശാലോ ദൈവീക നിയമം ലംഘിച്ചാൽ പരിണിത ഫലമായി രോഗികൾ ആകാം. പഴയനിയമത്തിൽ നിന്നും 3 സംഭവങ്ങളിലൂടെ ഇതു നമുക്ക് മനസ്സിലാക്കാം. അബീമലേക്ക് നിയമം ലംഘിച്ചപ്പോൾ തന്റെ ഭവനത്തിലെ സ്ത്രീകൾക്കൊക്കയും ബലഹീനത ഉണ്ടായി എന്ന് കാണുന്നു. യിസ്രായേൽ മക്കൾ ദൈവത്തിനും തന്റെ ദാസനായ മോശെക്കും വിരോധമായി സംസാരിച്ചപ്പോൾ ദൈവം ന്യായവിധി അയച്ചു. കൃപയാൽ രാജത്വം ലഭിച്ച യെരോബെയാം പാപം ചെയ്തപ്പോൾ ഭവനത്തിലെ ആൺ മക്കൾ രോഗികളായി. ഈ മൂന്നു സംഭവത്തിലും ഒരു pattern നാം കാണുന്നുണ്ടല്ലോ. അബീമലേക്ക് നിയമം ലംഘിച്ചത് സ്ത്രീ വിഷയത്തിലായതിനാൽ ഭവനത്തിലെ സ്ത്രീകൾ ബലഹീനരായി. ഇസ്രായേൽ സഭ പാപം ചെയ്തപ്പോൾ സഭ ശിക്ഷ അനുഭവിച്ചു. രാജത്വത്തിൽ അവിശ്വസ്തൻ ആയപ്പോൾ രാജാരോഹണത്തിനു അവകാശമുള്ളവർ നീങ്ങിപ്പോയി. ഒരു സത്യം ഇതിൽ നിന്നും നാം മനസ്സിലാക്കണം, നാം ഏതു മേഖലയിൽ പാപം ചെയ്യുന്നുവോ നമ്മുടെ രോഗവും ആ മേഖലയുമായി ബന്ധപ്പെട്ടിരിക്കുവാനുള്ള സാധ്യത കൂടുതലാണ്. ആയതിനാൽ നാം ഭവനത്തിലും, സഭയിലും, ഔദ്യോഗിക സ്ഥാനങ്ങളിലും ദൈവീക നിയമങ്ങൾ ലംഘിക്കാതെ ജീവിക്കുക. അഥവാ സംഘിച്ചാൽ ദൈവകൃപയിൽ ആശ്രയിച്ചു "നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നുവെങ്കിൽ അവൻ നമ്മുടെ പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം നീതിമാനും വിശ്വസ്തനും ആകുന്നു" എന്ന വചനപ്രകാരം ഏറ്റു പറഞ്ഞു ഉപേക്ഷിച്ച് സൌഖ്യം പ്രാപിക്ക.

3. അയോഗ്യമായി തിരുവത്താഴത്തിൽ പങ്കു ചേർന്നുവോ?

അയോഗ്യമായി തിരുവത്താഴത്തിൽ പങ്കു ചേർന്നാൽ ക്ഷീണിതരോ, സാധാരാണ രോഗികളോ മാരക രോഗികളോ ആയിതീർന്നു മരണം വരെ സംഭവിക്കാം എന്ന് ദൈവ വചനം. അങ്ങനെ നാം രോഗികളായാൽ എത്രയും വേഗത്തിൽ നമ്മുടെ തെറ്റു ദൈവത്തോടു ഏറ്റുപറഞ്ഞു യഥാസ്ഥാനപ്പെടുക. അതല്ലാതെ വെറേ വഴിയില്ല.

പിന്നീട് നാം ജീവിതത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

A. ക്രിസ്തീയ ജീവിതത്തിൽ തിരുവത്താഴം നിസ്സാരമല്ല പ്രത്യുത ഗൌരവമേറിയതാണ്. സഭ കൂടുന്നതും അങ്ങനെ തന്നെ.

B. സഭ കൂടുന്നത് നമ്മുടെ നിഗളം (പൊങ്ങച്ചം) വെളിപ്പെടുത്തുവാൻ ആകരുത്.

C. കർത്താവിന്റെ കഷ്ടതയുടെ ആരംഭത്തിങ്കൽ കഷ്ടാനുഭവം ക്രൂശുമരണവുമെന്ന വെല്ലുവിളിയെ നമുക്കുവേണ്ടി അറിഞ്ഞുകൊണ്ടു സ്വീകരിച്ചു എന്ന പ്രഖ്യാപനത്തോടുകൂടി, അതിന്റെ നിഴലായി നല്കിയ അപ്പം.

D. ശാരീരിക കഷ്ടങ്ങൾ മാത്രമല്ല ജീവൻ തന്നെ നല്കുന്നു എന്ന തീരുമാനത്തോടുള്ള ബന്ധത്തിൽ പുതിയ കല്പനയായ പാനീയം.

E.നാം ഇതു ചെയ്യുന്നതിലൂടെ കർത്താവിന്റെ മരണത്തെ പ്രസ്താവിക്കുന്നു.

F. ഇനിയുള്ള കാര്യം ഒരു കോടതി പോലെ ഉപമിച്ചാൽ നമുക്ക് പെട്ടെന്ന് മനസ്സിലാകും. പക്ഷെ ഒരു പ്രത്യേകത ഈ കോടതിയിൽ ന്യായാധിപനും, വാദിയും, പ്രതിയും, സാക്ഷിയും നാം തന്നെ. വചനമെന്ന നിയമം നമ്മുടെ ഹൃദയത്തിലുണ്ട്. നമ്മുടെ ചിന്തയും പ്രവർത്തിയും നമുക്കറിയാം. വചനാടിസ്ഥാനത്തിൽ പരിശോധിച്ചു നാം തന്നെ വിധി പുറപ്പെടുവിക്കുക. പ്രാഗത്ഭ്യം ഉണ്ട് എന്നു വിധി വന്നാൽ ദൈവകൃപയിൽ ആശ്രയിച്ചു പങ്കു ചേരുക, പ്രാഗത്ഭ്യം ഇല്ല എന്നാണ് വിധിയെങ്കിൽ ആ വിധി മാനിക്കുക.

G.. ഇങ്ങനെ നാം ചെയ്താൽ ഇതുമൂലം നാം രോഗികളാവില്ല പ്രത്യുത കല്പന അനുസരിക്കുന്നതിലൂടെയുള്ള എല്ലാ നന്മകളും അനുഗ്രഹങ്ങളും ലഭിക്കുന്നു.

**4. രോഗത്താൽ കിടപ്പിലായാൽ എന്ത് ചെയ്യേണം?**

രോഗം ആരംഭിച്ച ശേഷം നമ്മുടെ ശ്രമങ്ങളെല്ലാം വിഫലമാകുകയും ആശയ്ക്ക് വിരോധമായി നാം കിടപ്പിലാകുകയും ചെയ്താൽ എത്രയും പെട്ടന്നു നാം വരുന്ന പ്രാദേശിക സഭയിലെ മൂപ്പന്മാരെ വിവരം അറിയിക്കുക. നമുക്ക് ആരോടും പ്രാർത്ഥന അപേക്ഷിക്കാം എന്നാൽ അടുത്ത ഭൂഖണ്ഡത്തിലുള്ള പാസ്റ്റർമാരേയോ പ്രവാചകനേക്കാൾ പ്രാധാന്യം ലോക്കൽ പാസ്റ്റർക്കാണ് എന്നു മറക്കരുത്. എന്നെ കാണുവാൻ പാസ്റ്റർ വന്നില്ല എന്ന് പറഞ്ഞു സമയം കളയരുത്. സൌഖ്യം പാസ്റ്റർക്കല്ല നമുക്കാണ് ആവശ്യം. നമ്മുടെ ലോക്കൽ സഭയിലെ മൂപ്പന്മാർ കടന്നു വന്നു എണ്ണ പൂശി പ്രാർത്ഥിക്കട്ടെ. നാം പാപം എറ്റു പറയുക. അങ്ങനെ പ്രാർത്ഥിച്ചെങ്കിൽ മാത്രമേ സൌഖ്യം ലഭിക്കുകയുള്ളു എന്നാണ് ചോദ്യത്തിനുത്തരം, ഇസ്രായേലിൽ ഏഴായിരം ഭക്തന്മാർ ഉണ്ടായിട്ടും മഴ പെയ്തത് ഏലിയാവു പ്രാർത്ഥിച്ചപ്പോൾ ആയിരുന്നു. മൂപ്പന്മാരുടെ പ്രാർത്ഥനയാലുള്ള രോഗ സൌഖ്യവും ഇസ്രായേലിലെ മഴ പോലെ തന്നെ. രോഗികളുടെ ശ്രദ്ധിക്കേണ്ട മറ്റു കാര്യങ്ങൾ. ദൈവത്തിനോ ദൈവമക്കൾക്കോ യാതൊരു ഉപദ്രവവും ചെയ്യരുത്. ചെയ്താൽ വീണ്ടും രോഗം വരും. ആത്മീയ ഗാനങ്ങൾ പാടുകയും ശ്രവിക്കുകയും ചെയ്യുക. പഴയ ഗാനങ്ങൾ മാത്രമല്ല പുതിയതും ഉൾപ്പെടുത്തുക. "പരീക്ഷ എന്റെ ദൈവം അനുവദിച്ചാൽ" മുതലായ ഗാനങ്ങൾ പ്രത്യാശയും ധൈര്യവും നമ്മിൽ വർധിപ്പിക്കും എന്നതിൽ തർക്കമില്ല. ഉപവാസ പ്രാർത്ഥനകൾ കൺവൻഷനുകൾ, ബൈബിൾ ക്ലാസുകൾ മറ്റു കൂട്ടായ്മ എന്നിവയിൽ പ്രത്യാശയോട് പങ്കു ചേരുക. ദൈവപ്രവർത്തിയുടെ സമയം ആർക്കറിയാം? ദൈവവചനം ജീവനുള്ള ഔഷധത്തിന്റെ ശക്തി മനസ്സിലാക്കുവാൻ സാധു സുന്ദർസിംഗിന്റെ ഒരനുഭവം ശ്രദ്ധിക്കുന്നത് അനുഗ്രഹമായിരിക്കും. സാധു സുന്ദർസിംഗിന്റെ ജീവൻ അപഹരിക്കാനായി തന്റെ വീട്ടുക്കാർ തനിക്കു ആഹാരത്തിൽ വിഷം കലർത്തി. ആ ആഹാരം കഴിച്ച സാധു മരണാസന്നനായി. ആശുപത്രിയിലെത്തിയപ്പോൾ ആശയ്ക്കു ഒരു വഴിയുമില്ലെന്ന് ഡോക്ടർ തന്നോടു പറഞ്ഞു. മരുന്നു കൊടുത്താലും സാധു മരിക്കും എന്നുറുപ്പള്ളതിനാലും, ഡോക്ടർ മരുന്നു കൊടുത്തു കൊന്നു കളഞ്ഞു എന്ന കുറ്റം വരുവാൻ സാധ്യതയുള്ളതിനാലും ഡോക്ടർ മരുന്ന് കൊടുത്തില്ല. അപ്പോൾ തനിക്കു ബോധവും നഷ്ടപ്പെട്ടു. ബോധം തിരിച്ചു വന്ന സമയം പുതിയനിയമത്തിൽ നിന്നും മർക്കോസ് 16–ാം അധ്യായം വായിക്കുവാൻ ഡോക്ടറോടു ആവശ്യപ്പെട്ടു. അവിശ്വാസിയായ ഡോക്ടർ യേശുവിന്റെ ഉയർത്തഴുന്നേല്പ്പിന്റെ സംഭവം കേട്ടു പരിഹസിച്ചു ചിരിച്ചു... എന്നാൽ മർക്കോസ് 16:18–ൽ രേഖപ്പെടുത്തിയ പ്രകാരം ദൈവം സാധുവിന് അത്ഭുത രോഗ സൌഖ്യം കൊടുത്തു. അതു മാത്രമല്ല ഡോക്ടർ കാലാന്തരത്തിൽ യേശുവിനെ കർത്താവായി സ്വീകരിച്ചു ബർമയിൽ കർത്താവിന്റെ വേല

08


പാസ്റ്റേഴ്സ് കോൺഫറൻസും
ബൈബിൾസ്കൂൾ ഉത്ഘാടനവും

ഉത്ഘാടനവും, മുഖ്യപ്രഭാഷണവും



പാസ്റ്റർ ഡോ.അലക്സ് ജോൺ

സ്ഥലം : കൃപാലയം മിനിസ്ട്രീസ്
ബേപ്പൂർ സിറുപാക്കം, തമിഴ്നാട്
തീയതി : 2015 ആഗസ്റ്റ് 4,5 (ചൊവ്വ, ബുധൻ)

പാസ്റ്റർ കെ.ഇ.കുര്യൻ നേതൃത്വം നൽകും.
ഏവർക്കും സ്വാഗതം!

# അനുഭവത്തിന്റെ കരുത്തുമായി പാസ്റ്റർ വിത്സൻ ജോസഫ്

**ഐ. പി. സി. ഷാർജ വർഷിപ്പ് സെന്ററിന്റെ സീനിയർ പാസ്റ്ററും ഐ. പി. സി. കർണ്ണാടക സ്റ്റേറ്റിന്റെ മുൻ പ്രസിഡന്റുമായ പാസ്റ്റർ വിൽസൻ ജോസഫ് തന്റെ അനുഭവങ്ങളും സമകാലിക വിഷയങ്ങളോടുള്ള പ്രതികരണവും പങ്കുവെയ്ക്കുന്നു.**



മലങ്കരയിലെ പെന്തെക്കോസ്തുകാർക്ക് ഒരിക്കലും മറക്കുവാൻ കഴിയാത്ത ദൈവദാസനാണ് പാസ്റ്റർ വി. റ്റി. ജോസഫ്. വേദപണ്ഢിതനായിരുന്ന പാസ്റ്റർ വി. റ്റി. ജോസഫ് ഐ. പി. സി.യുടെ മുൻകാല പ്രവർത്തകരിൽ പ്രമുഖനും പ്രഗത്ഭനായ വേദാദ്ധ്യാപകനുമായിരുന്നു. ക്രിസ്തുവിന്റെ നാമം നിമിത്തം പീഢകൾ സഹിച്ച അദ്ദേഹം സുവിശേഷം അറിയിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. തന്റെ മക്കൾ എല്ലാവരും ക്രിസ്തുവിന്റെ പാതയെ പിൻപറ്റുകയും പില്ക്കാലത്ത് ക്രിസ്തുവിൽ പ്രസിദ്ധരാകുകയും ചെയ്തു. തന്റെ മകനും യു. എ. ഇയിലെ ഏറ്റവും വലിയ മലയാളി പെന്തെക്കോസ്ത് സഭയുടെ പാസ്റ്ററും കർണ്ണാടക ഐ. പി. സി. പേട്രണുമായ പാസ്റ്റർ വിൽസൻ ജോസഫ് തന്റെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നു. ബാല്യകാല അനുഭവങ്ങളിൽ എന്നും മുന്നിട്ട് നിൽക്കുന്നത് കടന്നുപോയ കഷ്ടതകളാണ്. ശുശ്രൂഷയിൽ പിതാവ് അഭിമുഖീകരിക്കേണ്ടി വന്ന പ്രതികൂല സാഹചര്യങ്ങൾ മനോമുകുരത്തിൽ തെളിഞ്ഞുനിൽക്കുന്നു.

ബിരുദ പഠനത്തിനുശേഷം 22-ാംവയസ്സിൽ ഗൾഫിൽ എത്തിയ പാസ്റ്റർ വിത്സൻ ജോസഫ് സഹോദരനായ ജോൺസൺ ജോസഫിനോടൊരുമിച്ച് ബിസിനസ്സിൽ പങ്കാളിയായി. ഷാർജ ഐ. പി. സി. സഭയുടെ ശുശ്രൂഷകനായിരുന്ന ജ്യേഷ്ഠസഹോദരൻ പാസ്റ്റർ സാമുവിൽ സി. ജോസഫിനോടൊരുമിച്ച് സജീവമായി പ്രവർത്തിച്ചു. മുഴുവൻ സമയം ശുശ്രൂഷകനാകുക എന്നത് സ്വപ്നത്തിൽപോലും ചിന്തിക്കാത്ത കാലമായിരുന്നു അത്. ജോലിയോടൊപ്പം ശുശ്രൂഷ ചെയ്യുകയും സുവിശേഷവേലയ്ക്ക് ആവശ്യമായ സഹായം ചെയ്യുക എന്നതുമായിരുന്നു ആഗ്രഹം. അനേക പ്രവാചകന്മാർ അക്കാലത്ത് മുഴുവൻ സമയ ശുശ്രൂഷയ്ക്കായുള്ള വിളി എനിക്കുണ്ടെന്ന് ദൂതറിയിക്കുമായിരുന്നു. എന്നാൽ അതിനെ ഉൾക്കൊള്ളുവാൻ എനിക്ക് കഴിഞ്ഞിരുന്നില്ല.

1995-ൽ എന്റെ ജീവിതത്തെ മുഴുവൻ മാറ്റിമറിച്ച ഒരു സംഭവം ഉണ്ടായി. എന്റെ സ്പോൺസർ എന്നെ കള്ളക്കേസിൽ കുടുക്കിയതു നിമിത്തം ഒരു രാത്രി മുഴുവനും പോലീസ് സ്റ്റേഷനിൽ ചിലവഴിക്കേണ്ടി വന്നു. അന്നു രാത്രി ഞാൻ ദൈവവുമായി ഉടമ്പടി ചെയ്തു. ദൈവം ആ വലിയ പ്രതിസന്ധിയിൽ നിന്ന് എനിക്ക് വിടുതൽ തന്നു. മുഴുവൻ സമയ ശുശ്രൂഷകനാകുവാനുള്ള എന്റെ തീരുമാനം പാസ്റ്റർ കെ. എം. ജോസഫിന്റെ സ്നേഹപൂർവ്വമായ ഇടപെടൽ കൊണ്ട് മാറ്റുകയാണ് ചെയ്തത്. അങ്ങനെയാണ് ബിസിനസ്സിനോടൊപ്പം ഞാൻ ശുശ്രൂഷയിലേക്ക് എത്തിച്ചേരുന്നത്.

ചരിത്രത്തിൽ ആദ്യമായി യു. എ. ഇ.യിൽ പെന്തെക്കോസ്തുകാർക്കും ബ്രദറൺകാർക്കും ഒരു ആരാധനാലയം നിർമ്മിക്കുവാൻ സഹോദരൻ ജോൺ ജോസഫും ബ്രദറൺ അസംബ്ലിയിലെ സാമുവേൽ ഏബ്രഹാമും ചേർന്ന് നടത്തിയ ശ്രമമാണ് ഫലം കണ്ടത്. 1997 മുതൽ ഷാർജ ഐ. പി. സി.യുടെ അസോസിയേറ്റ് പാസ്റ്ററായിരുന്നു. 2000ത്തിൽ ദൈവാത്മ പ്രേരണയാൽ പ്രാർത്ഥനയിൽ ഉറ്റിരുന്നു. അക്കാലത്ത് ഉണ്ടായ ശാരീരിക ക്ലേശങ്ങൾ ശുശ്രൂഷയ്ക്കെതിരെയുള്ള തടസ്സമായിരുന്നെന്ന് തിരിച്ചറിഞ്ഞു. ദൈവാലോചനപ്രകാരം മുന്നേറി. 2001 ഫെബ്രുവരി 2ന് സ്വന്തഭവനത്തിൽ കുടുംബാംഗങ്ങളുൾപ്പെടെ 7 പേരുമായി ആരാധന ആരംഭിച്ചു. എന്റെകൂടെ പ്രയത്നത്താൽ ആരംഭിച്ച യൂണിയൻ ചർച്ചിൽ എനിക്ക് ആരാധന നിഷേധിക്കപ്പെട്ടു. എന്നാൽ ദൈവം എന്റെ പ്രാർത്ഥന കേട്ടു. 50-ൽ താഴെ മാത്രം ആളുകളുള്ളപ്പോഴും 1000പേർക്ക് ഇരിക്കാവുന്ന ആലയത്തിനായി ഞാൻ പ്രാർത്ഥിക്കുമായിരുന്നു. 2003-ൽ ഷാർജ വർഷിപ്പ് സെന്ററിന് സ്ഥലം ലഭിച്ചു. 1500പേർക്ക് ഇരുന്നാരാധിക്കാവുന്ന ആലയം ദൈവം നൽകി. യു. എ. ഇ.യിലെ ഏറ്റവും വലിയ മലയാളി പെന്തെക്കോസ്ത് സഭയായ ഷാർജ വർഷിപ്പ് സെന്ററിനോട് ചേർന്ന് B.Th, M.Div കോഴ്സുകൾ ഉള്ള ബൈബിൾ കോളജും നടത്തുന്നു.

*ചോദ്യം: യു. എ. ഇ.യിലെ പെന്തെക്കോസ്ത് നേതൃത്വ രംഗത്ത് സീനിയർ ദൈവദാസന്മാരിലൊരാളാണല്ലോ താങ്കൾ?*

19992-ലാണ് ഐ. പി. സി.യുടെ യു. എ. ഇ. റീജിയൻ നിലവിൽ വരുന്നത്. അന്നുമുതൽ ഞാൻ റീജിയൻ കൗൺസിലിലുണ്ടായിരുന്നു. പിന്നീട് റീജിയൻ പി. വൈ. പി. എ. സെക്രട്ടറി, പ്രസിഡന്റ് എന്നീ പദവികളും, റീജിയൻ സെക്രട്ടറി, പ്രസിഡന്റ് എന്നീ സ്ഥാനങ്ങളും വഹിച്ചു. ഗൾഫ് മലയാളി പെന്തെക്കോസ്ത് കോൺഫറൻസിന്റെ കൺവീനറായും പ്രസിഡന്റായും നേതൃത്വരംഗത്ത് പ്രവർത്തിച്ചു. ഗൾഫിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് കോൺഫറൻസുകൾക്ക് നേതൃത്വം നൽകുവാനും ദൈവം എന്നെ സഹായിച്ചു.

1996-ലെ കുമ്പനാട് കൺവൻഷന്റെ സമയത്ത് എന്നെ ഐ. പി. സി. നേതൃത്വം സുവിശേഷകനായി നിയമിച്ചു. ഒപ്പം പിറവം സെന്ററിന്റെ സ്പോൺസർ മിനിസ്റ്ററുമായും ചുമതലയേറ്റു. ഇക്കാലത്ത് കേരളത്തിൽ ധാരാളം സെന്റർ കൺവൻഷനുകളിലും മറ്റും ഞാൻ പ്രസംഗകനായിരുന്നു. ഇക്കാലത്താണ് എനിക്ക് ഓഡിനേഷൻ ലഭിക്കുന്നതും പത്തനംതിട്ട സെന്ററിന്റെ അസോസിയേറ്റ് സെന്റർ പാസ്റ്ററായി നിയമനം ലഭിക്കുന്നതും. പാസ്റ്റർ വത്സൻ ഏബ്രഹാമും എന്നോടൊപ്പം പത്തനംതിട്ട സെന്ററിന്റെ അസോസിയേറ്റ് സെന്റർ പാസ്റ്ററായി നിയമിതനായെങ്കിലും മൂന്നു മാസത്തിനുശേഷം കുമ്പനാട് സെന്ററിന്റെ ചുമതല ഏറ്റെടുക്കേണ്ടി വന്നതിനാൽ അദ്ദേഹം ആ സ്ഥാനത്തുനിന്നു മാറി.

*ചോദ്യം: താങ്കൾ ഐ. പി. സി. കർണ്ണാടക സ്റ്റേറ്റ് പ്രസിഡന്റായി ഒരു ടേം പ്രവർത്തിച്ചല്ലോ. എന്തുകൊണ്ടാണ് ആ ചുമതല വിട്ടത്?*

എന്റെ സ്നേഹിതനായ പാസ്റ്റർ സാം ജോർജ്ജ് കർണ്ണാടകയുടെ നേതൃത്വം ഏറ്റെടുക്കുകയും അദ്ദേഹം പണം മുടക്കി ധാരാളം പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. അങ്ങനെ കർണ്ണാടകയിലെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. അങ്ങനെ കർണ്ണാടകയിലെ പ്രവർത്തനങ്ങൾ വിശാലമായി വരുന്ന സാഹചര്യത്തിലാണ് 2013 ജനുവരിയിൽ നടന്ന ജനറൽ കൗൺസിൽ തിരഞ്ഞെടുപ്പിൽ പാസ്റ്റർ സാം ജോർജ്ജ് ജനറൽ ജോയിന്റ് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടത്. അതോടെ അദ്ദേഹത്തിന് കർണ്ണാടകയുടെ ചുമതല ഒഴിയേണ്ടി വന്നു.

കർണ്ണാടകയിലെ പ്രവർത്തനങ്ങൽ മുമ്പോട്ട് കൊണ്ടുപോകുവാൻ സാമ്പത്തികമായും നേതൃത്വപരമായും ഒരാൾ മുന്നോട്ട് വരേണ്ടത് അത്യാവശ്യമായിരുന്നു. പാസ്റ്റർ സാം ജോർജ്ജും കർണ്ണാടകയിലെ ദൈവദാസന്മാരും ആവശ്യപ്പെട്ടതനുസരിച്ച് ഞാൻ ആ ചുമതല ഏറ്റെടുക്കുകയായിരുന്നു.

കർണ്ണാടകയിൽ ഞാൻ പ്രസിഡന്റായിരുന്ന രണ്ടുവർഷവും 4 മാസവും പ്രതിമാസം ആറുലക്ഷം രൂപ ആ പ്രവർത്തനങ്ങൾക്ക് വേണ്ടി ചിലവാക്കി. ദൈവം എനിക്ക് തന്ന നന്മയുടെ ഒരു ഭാഗം കർണ്ണാടകയിലെ പ്രവർത്തനങ്ങൾക്കായി ചിലവഴിക്കുവാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ട്.

കഴിഞ്ഞ അനേക വർഷങ്ങളായി ബിസിനസിൽ നിന്ന് ഞാൻ മാറി നിൽക്കുകയാണ്. ഈ അടുത്ത കാലത്തുണ്ടായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് തുടർന്നും ഭീമമായ തുക അവിടുത്തെ പ്രവർത്തനത്തിന് വേണ്ടി മാറ്റി വയ്ക്കാൻ പറ്റാത്ത സാഹചര്യമുണ്ടായി. കർണ്ണാടകയിൽ അടുത്ത ജനറൽ ബോഡിയുടെ സമയമായപ്പോൾ വീണ്ടും ഞാൻ പ്രസിഡന്റായി തുടരണമെന്ന് കർണ്ണാടകയിലെ എക്സിക്യൂട്ടീവ്സും ദൈവദാസന്മാരും വളരെയധികം നിർബന്ധിച്ചെങ്കിലും, ഏറ്റെടുക്കുന്ന കാര്യങ്ങൾ നന്നായി ചെയ്യണമെന്ന് ആഗ്രഹമുള്ളതിനാൽ സാമ്പത്തിക ബുദ്ധിമുട്ട്, സമയക്കുറവ് എന്നിവയുമായുള്ള ബന്ധത്തിൽ ഞാൻ ആ ചുമതലയിൽ നിന്ന് പിന്മാറുകയായിരുന്നു. കർണ്ണാടകയിൽ തന്നെയുള്ള ഒരാൾ പ്രസിഡന്റിന്റെ ചുമതല എടുത്താൽ എന്നാലാവുംവിധം സാമ്പത്തിക സഹകരണം തുടരാമെന്നും ഞാൻ വാക്കുകൊടുത്തു. അപ്രകാരം അവർ പാസ്റ്റർ റ്റി. ഡി. തോമസിനെ പ്രസിഡന്റായും എന്നെ രക്ഷാധികാരിയായും തിരഞ്ഞെടുത്തു. ഇപ്പോഴും കർണ്ണാടകയിലെ പ്രവർത്തനങ്ങളിൽ ഭാഗികമായി പങ്കാളിയായിരിക്കുവാൻ സാധിക്കുന്നതിൽ സന്തോഷമുണ്ട്.

*ചോദ്യം: ഈ അടുത്തയിടെ താങ്കളെ അവഹേളിച്ച് ഒരു പത്രത്തിൽ വന്ന പ്രസ്താവനയെക്കുറിച്ച് എന്താണ് പ്രതികരണം?*

ഒരു പത്രത്തിൽ എനിക്കെതിരെ വളരെ മോശമായ പരാമർശങ്ങളുണ്ടായി. അതിൽ എന്റെ പേരെഴുതിയിട്ടില്ലെന്നത് സത്യമാണ്. എന്നാൽ വായനക്കാർക്ക് വളരെ വേഗം ആളെ തിരിച്ചറിയാവുന്ന വിധത്തിൽ തന്ത്രപൂർവ്വം അവരെന്നെ അവഹേളിക്കുകയായിരുന്നു. സാധാരണ ഗതിയിൽ ഞാനെല്ലാവരുമായി സ്നേഹബന്ധം പുലർത്തുകയും ആർക്കുമൊരു ദോഷവും ചെയ്യാതിരിക്കുവാൻ പരമാവധി ശ്രമിക്കുകയും ചെയ്യാറുണ്ട്. എനിക്കെതിരെ എഴുതിയ പത്രത്തോടും മുൻകാലങ്ങളിൽ നല്ല നിലയിൽ സഹകരിച്ചിട്ടുണ്ട്. എന്നിട്ടും എനിക്കെതിരെ സത്യവിരുദ്ധമായ കാര്യങ്ങളെഴുതിയത് എന്നെ വല്ലാതെ വേദനിപ്പിച്ചു.

ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയിൽ തിരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന അനാത്മീയരും സെക്കുലർ രാഷ്ട്രീയക്കാരും പോലും ചെയ്യാത്തവിധമുള്ള വ്യക്തിഹത്യവും അവഹേളനവും ദുഃഖകരമാണ്. സഭയുടെ ഈ അവസ്ഥ ആത്മീകർക്ക് ചേർന്നതല്ല. എന്നെ ബോധപൂർവ്വമായി അവഹേളിക്കാവുള്ള ശ്രമമാണ് ഇവിടെ നടന്നത്.

ഐ. പി. സി.യിലെ എന്റെ കൂട്ടുശുശ്രൂഷകന്മാർക്കും ദൈവജനത്തിനും എന്റെ പിതാവിനേയും എന്നേയും നന്നായി അറിയാം. എന്റെ ശുശ്രൂഷയെക്കുറിച്ചും അറിവുണ്ട്. ദൈവം എനിക്ക് തന്ന ശുശ്രൂഷയുടെ തെളിവാണ് ഷാർജയിൽ അഞ്ഞൂറോളം അംഗങ്ങളുള്ള ലോക്കൽ സഭ. മധ്യതിരുവിതാംകൂറിലെ പ്രമുഖ സെന്ററുകളിലൊന്നായ പത്തനംതിട്ട സെന്ററിൽ കഴിഞ്ഞ 17 വർഷമായി എല്ലാ ശുശ്രൂഷകളും അനുഗ്രഹകരമായ നിലയിൽ ചെയ്തുവരുന്നതിന് സെന്ററിലെ ദൈവദാസന്മാരും ദൈവജനവും സാക്ഷികളാണ്. ഇന്ത്യയുടെ ഒട്ടുമിക്ക സ്റ്റേറ്റുകളിലും ലോകത്തിലെ അനേകം രാജ്യങ്ങളിലും ദൈവവചനവുമായി കടന്നു പോകുവാനും പതിനായിരങ്ങൾ പങ്കെടുക്കുന്ന വലിയ വേദികളിൽ ദൈവവചനവുമായി നിൽക്കുവാനും ദൈവം എന്നെ ബലപ്പെടുത്തുന്നു.

എന്റെ വളർച്ചയിൽ അസൂയയുള്ള ചിലർ ബോധപൂർവ്വം നടത്തുന്ന ശ്രമങ്ങളെ എന്റെ കൂട്ടുശുശ്രൂഷകരും ദൈവജനവും തിരിച്ചറിഞ്ഞ് അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയുമെന്ന് എനിക്കുറപ്പുണ്ട്. ഏതായാലും ആർക്കും നന്മയല്ലാതെ ഒരു ദോഷവും ചെയ്യരുതെന്ന് ആഗ്രഹിക്കുന്ന എന്നെ അവഹേളിക്കുന്നവരോട് സർവ്വശക്തൻ ക്ഷമിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

## ഐ. പി. സി. പത്തനംതിട്ട സെന്റർ സംയുക്ത പ്രസ്താവന

ഞങ്ങളുടെ സെന്റർ ശുശ്രൂഷകൻ പാസ്റ്റർ വിത്സൻ ജോസഫിനെയും അദ്ദേഹത്തിന്റെ ശുശ്രൂഷയെയും ഐ. പി. സി. പത്തനംതിട്ട സെന്റർ ശുശ്രൂഷകൻ എന്ന സ്ഥാനത്തേയും അവഹേളിച്ച് ഒരു പത്രത്തിൽ വന്ന വാർത്ത സത്യവിരുദ്ധമായതും വേദനാജനകവുമാണ്. ഇത്തരം സത്യവിരുദ്ധമായ പ്രചരണങ്ങൾ നടത്തിയതിൽ പത്തനംതിട്ട സെന്ററിലെ ദൈവദാസന്മാരും വിശ്വാസികളും ഒന്നിച്ച് പ്രതിഷേധം അറിയിക്കുന്നു.

പാസ്റ്റർ വിത്സൻ ജോസഫിന്റെ ശുശ്രൂഷ കഴിഞ്ഞ 17 വർഷമായി ഈ സെന്ററിന് അനുഗ്രഹകരവും ആത്മീയ ഉത്തേജനം നൽകുന്നതുമാണ്. അദ്ദേഹത്തിന്റെ ആത്മീയ ശുശ്രൂഷകളെല്ലാം ഒന്നിനൊന്ന് മെച്ചവും ഏറ്റവും അനുഗ്രഹിക്കപ്പെട്ടതുമാണെന്ന് തുറന്നു പറയുന്നതിൽ അഭിമാനമുണ്ട്. ഈ വർഷം നടന്ന വർഷിപ്പ് സെന്റർ കോളജ് ഓഫ് തിയോളജിയുടെ ഗ്രാജുവേഷനോടനുബന്ധിച്ച് കൽക്കട്ട കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ദൈവശാസ്ത്ര സ്ഥാപനങ്ഹളുടെ അക്രഡിറ്റേഷൻ സ്ഥാപനമായ IATA പാസ്റ്റർ വിത്സൻ ജോസഫിന് ഡോക്ടർ ഓഫ് ഡിവിനിറ്റി നൽകി ആദരിച്ചതും ശ്രദ്ധേയമാണ്. കഴിഞ്ഞ രണ്ട് പതിറ്റാണ്ട് കൊണ്ട് ശുശ്രൂഷാരംഗത്തും സുവിശേഷ പ്രവർത്തനങ്ങളിലും അദ്ദേഹം നേടിയ അസൂയാവഹമായ വളർച്ച കണക്കിലെടുത്താണ് ഈ ആദരവ് നൽകിയത്. ദൈവം അദ്ദേഹത്തെ വീണ്ടും ശ്രേഷ്ഠമായി അനുഗ്രഹിക്കട്ടെ.

പാസ്റ്റർ വിത്സൻ ജോസഫിനെതിരെ നടത്തിയ ആക്ഷേപകരമായ കാര്യങ്ങൾ പിൻവലിക്കുവാൻ പ്രസ്തുത പത്രം തയ്യാറാകണമെന്ന് ആവശ്യപ്പെടുന്നു.

**എന്ന് ഐ. പി. സി. പത്തനംതിട്ട സെന്ററിന് വേണ്ടി**
**പാസ്റ്റർ പി. പി. മാത്യു, വൈസ് പ്രസിഡന്റ്, പാസ്റ്റർ മോൻസി സാം, സെക്രട്ടറി,**
**പാസ്റ്റർ സാം പനച്ചയിൽ, സെന്റർ പ്രതിനിധി**

## ഡോ.കോര സംസാരിക്കുന്നു



1. പിസിനാക്ക് ഒഹായോയിലെത്തിച്ചതിൽ കള്ളത്തരം ഉണ്ടെന്ന വാർത്ത കോര വായിച്ചോ? **– മാത്യു ഡാളസ്**

*ഡാളസ് സമ്മേളനത്തിലൂടെ വീണ്ടും പ്രതാപം വീണ്ടെടുക്കുമെന്ന് കരുതുന്ന പിസിനാക്ക് ഒഹായോയിലെത്തുമ്പോൾ വീണ്ടും മെലിയും എന്നല്ലാതെ പ്രത്യേകിച്ച് മറ്റ് കാര്യങ്ങളൊന്നുമില്ല. അണ്ണാൻ കുഞ്ഞും തന്നാലായത് എന്നാണല്ലോ. ആരു കുത്തിയാലും അരി വെളുക്കട്ടെ.*

2. നാട്ടിൽ പെന്തെക്കോസ്ത് നേതാക്കന്മാരെ ഒന്നും കാണാനില്ലല്ലോ?: എല്ലാവരും അമേരിക്കയിൽ കറങ്ങുകയാണല്ലോ കോരേ?

**– എബി കുമ്പനാട്**

*വരുവാൻ പോകുന്ന തെരഞ്ഞെടുപ്പുകളിൽ ഭാരിച്ച ചെലവല്ലേ ഇവർക്കുള്ളത്. ജോർജ്ജുകുട്ടി തേടിയുള്ള യാത്രയാകാം.*

3. ഇപ്പോൾ പെന്തെക്കോസ്തുകാരുടെ ശവസംസ്കാരവും വിവാഹവും വലിയ ആർഭാടമായിമാറിയിരിക്കുന്നല്ലോ കോരേ? **– ലിന്റാ പായിപ്പാട്**

*അല്പന് ഐശ്വര്യം വന്നാൽ അർദ്ധരാത്രിക്കും കുട പിടിക്കുമെന്നാണല്ലോ. നമ്മൾ കൂളിംഗ് ഗ്ലാസ്സു കൂടി വെക്കുന്നു എന്നു മാത്രം.*




## 12 സോഷ്യൽ മീഡിയാ ചങ്ങാത്ത....

ട്ടോകൾ കാണാനെത്തുന്ന പ്രേക്ഷകരുടെ എണ്ണം രണ്ടു കോടിയിലധികമാണ്. സോഷ്യൽ മീഡിയ ഉപഭോക്താക്കളിൽ 43.29 ശതമാനം പേരും ഫെയ്സ്ബുക്കില്ലാതെ ജീവിക്കാൻ പോലുമാകില്ലെന്ന നിലപാടുകാരാണ്. പ്രമുഖ ടെക്നോളജി ന്യൂസ് സൈറ്റായ മാഷബിൾ 120 രാജ്യങ്ങളിൽ നിന്നുള്ള 4700 പേരിൽ നടത്തിയ സർവ്വേയിലാണ് ഇക്കാര്യം പറയുന്നത്. 2015 -ലെ സർവ്വെ പ്രകാരം സോഷ്യൽ മീഡിയാ ഉപയോക്താക്കളിൽ 55.54 ശതമാനവും പുരുഷൻമാരും 44.46 ശതമാനം സ്ത്രീകളുമാണ്. 18-നും 29-നും ഇടയിൽ പ്രായമുള്ളവരാണ് സോഷ്യൽ മീഡിയകളിൽ സജീവം. സോഷ്യൽ മീഡിയയുടെ മൊത്തം ഉപയോക്താക്കളിൽ 51.56 ശതമാനവും ഈ പ്രായക്കാരാണ്. 28.64 ശതമാനം ഉപയോക്താക്കൾ 30നും 44 വയസ്സിനുമിടയിൽ പ്രായമുള്ളവരും 9.54 ശതമാനം പേർ 45നും 60നും ഇടയിൽ പ്രായമുള്ളവരുമാണ്. 8.92 ശതമാനം യൂസർമാരും പ്രായപൂർത്തിയാകാത്തവരാണ്. 60ന് മുകളിൽ പ്രായമുള്ള 1.34 ശതമാനം പേർ മാത്രമെ സോഷ്യൽ നെറ്റ്വർക്കുകളിൽ സജീവമായുള്ളൂ. ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന സോഷ്യൽ നെറ്റ് വർക്ക് എന്ന സ്ഥാനം ഫെയ്സ്ബുക്കിന് തന്നെയാണ്.

ഫെയ്സ്ബുക്കിനൊപ്പം തന്നെ ഫെയ്സ്ബുക്ക് സൃഷ്ടിക്കുന്ന വിവാദങ്ങളും വളരുന്നു. വിവാദങ്ങളിൽ പ്രധാനപ്പെട്ടതാണ് വ്യക്തികളുടെ സ്വകാര്യ സംരക്ഷണം. ഫെയ്സ്ബുക്ക് ശതകോടികൾ വരുമാനമുള്ള ഒരു ആഗോള ബിസിനസ് സ്ഥാപനമാണ്. നിങ്ങളുടെ സൗഹൃദച്ചങ്ങലയിൽ ആണ് ആ ബിസിനസിന്റെ നിലനിൽപ്പ്. അതിനാൽ നിങ്ങളുടെ സൗഹൃദം വളരുന്നതിൽ നിങ്ങളേക്കാൾ താത്പര്യം ഫെയ്സ്ബുക്കിന് തന്നെയാണ്. മാത്രമല്ല സുരക്ഷാ ക്രമീകരണങ്ങൾ വെറും സോഫ്ട്വയർ കോഡുകൾ മാത്രമാണ്. ഏതു സമയവും വളരെ എളുപ്പത്തിൽ മാറ്റിമറിക്കാൻ കഴിയുന്നവ. അതിനാൽ ആവശ്യമായ മുൻകരുതലുകൾ എപ്പോഴും അനിവാര്യമാണ് അല്ലെങ്കിൽ ചതിക്കുഴികളിൽ ചെന്നുചാടും. സോഷ്യൽ മീഡിയായിൽ എന്തൊക്കെ ആരുമായൊക്കെ പങ്കുവയ്ക്കണം എന്ന വ്യക്തമായ ധാരണ ഉണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്. ഫെയ്സ്ബുക്കിന്റെ പ്രൈവസി പോളിസി അമേരിക്കൻ ഭരണഘടനയേക്കാൾ വലുതാണ്. മാത്രമല്ല കാലോചിതമായി അവ പുതുക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. അതിനാൽ ഇടക്കിടക്ക് ഫെയ്സ്ബുക്ക് ഉപയോക്താക്കൾ തങ്ങളുടെ സ്വകാര്യ ക്രമീകരണങ്ങൾ പരിശോധിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

ശാരീരിക വളർച്ചയിലെ വേഗതക്കൊപ്പമെത്താത്ത മാനസീക വളർച്ചയും പക്വതയില്ലായ്മയും യുവജനങ്ങളെ തിന്മകളിലേക്ക് നയിക്കുന്നു. സോഷ്യൽ മീഡിയാ വഴി വളരുന്ന തീവ്രവാദ പ്രവർത്തനവും, അധോലോക സംഘങ്ങളുടെയും സാമൂഹിക വിരുദ്ധരുടെയും കൂട്ടായ്മായി ഇത്തരം സോഷ്യൽ മീഡിയാകൾ മാറുന്നു എന്നതാണ് ദോഷകരമായത്. ഫെയ്സ്ബുക്ക് ബന്ധങ്ങളിൽ വ്യക്തികൾ നേരിൽ കാണുന്നില്ലെങ്കിലും പരസ്പരമുള്ള ആശയ വിനിമയത്തിലൂടെ ശാരീരികമായ ബന്ധം നൽകുന്ന സുഖമോ സന്തോഷമോ ഒക്കെ ആസ്വദിക്കുന്നവരുണ്ട്. ഇങ്ങനെ സ്വകാര്യമായി ലഭിക്കുന്ന സന്തോഷം ഒരു ലഹരിപോലെ ആഭിമുഖ്യം വളർത്തി വ്യക്തികളെ കീഴ്പ്പെടുത്താനുള്ള സാധ്യത വലുതാണ്. ഇത് ദൈനംദിനം വളർന്ന് ആഴത്തിൽ ഹൃദയത്തിൽ വേരൂന്നി വ്യക്തികൾ അവരുടെ ജീവിതലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിക്കുകയും, ജീവിതത്തിൽ ഇന്റർനെറ്റ് മാത്രം പ്രധാനമായി അഡിക്ഷനു കാരണമാകുകയും ചെയ്യുന്നു. മൊബൈലും സൈബർ ലോകവും തീർക്കുന്ന വ്യാജ ലോകങ്ങളിൽ മാത്രമായി വ്യക്തികൾ ജീവിക്കുന്നു. കാമ്പില്ലാത്ത പ്രണയവും കഴമ്പില്ലാത്ത സ്വപ്നവും ചെറുപ്പത്തിന് കെണിയൊരുക്കുകയാണ്. ഒരോ ദിനവും വാർത്തകളിൽ നിറയുന്നത് ദാരുണമായ എത്രയോ വലിയ സംഭവങ്ങളാണ്. ചാറ്റിംഗിലൂടെ പരിചയപ്പെട്ട് ഒടുവിൽ പിരിയനാവാത്ത ബന്ധമായി വളർന്ന് ഒളിച്ചോടിപ്പോയി ജീവിതം തുലയ്ക്കുന്നവരുടെ എണ്ണം കുറവല്ല. സോഷ്യൽ മീഡിയയുടെ സ്വാധീനത്താൽ പെൺകുട്ടികൾ നാടുവിട്ടുപോവുന്നതും വീട്ടമ്മമാർ ആത്മഹത്യ ചെയ്യുന്നതും വർധിച്ചുവരികയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. സോഷ്യൽ മീഡിയ ഒരുതരത്തിൽ ജനങ്ങൾക്ക് ഗുണകരമാണ്. ഏത് ഗുണമുള്ള കാര്യവും ദോഷകരമാക്കുന്ന മനുഷ്യസ്വഭാവത്തിന്റെ ഭാഗമായി നവമാധ്യമങ്ങൾ ദുരുപയോഗപ്പെടുത്തുന്നതും വ്യാപകമാവുകയാണ്. ഫേസ്ബുക്ക്, ട്വിറ്റർ, വാട്സ് ആപ്പ് തുടങ്ങിയ നവമാധ്യമങ്ങൾവഴി വ്യാജപ്രൊഫൈൽ ഉപയോഗിച്ചും സ്വന്തം വ്യക്തിത്വം മറച്ചുവച്ചും സൗഹൃദമുണ്ടാക്കുകയാണ്. ഇത്തരം സാമൂഹികവിരുദ്ധരുടെ വലയിൽപെട്ടുപോവാതിരിക്കാൻ പെൺകുട്ടികൾ ശ്രദ്ധിക്കണം.

ഫോൺ സെക്സും പിന്നെ ലൈംഗിക പരീക്ഷണങ്ങളും ഒക്കെയായി സോഷ്യൽ മീഡിയാ നീണ്ട് ആത്മഹത്യയിൽ കൊണ്ടെത്തിക്കുന്നു. ഗൂഢമായി ആരുമറിയാതെ ചെയ്തതൊക്കെ സോഷ്യൽ മീഡിയാ വഴി പുറംലോകം അറിയുമ്പോൾ ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം വർദ്ധിക്കുന്നു. മദ്യത്തിനെക്കാളും മയക്കു മരുന്നിനെക്കാളും ഭയനാകരമായി രീതിയിൽ അടിമത്തം സൃഷ്ടിക്കുന്ന ഒന്നാണ് ഇന്റർനെറ്റ് ഉപയോഗം. ശരിയാ ദിശയിൽ ഉപയോഗിക്കുന്നു എങ്കിൽ ഗുണകരമാകുന്നത് അമിതമാകുമ്പോൾ ആപത്കരമായി മാറുന്നു. കഴിഞ്ഞ ഒരു വർഷത്തെ കണക്കനുസരിച്ച് സംസ്ഥാനത്താകെ 450 പേരാണ് ഫെയ്സ് ബുക്കിൽ പോസ്റ്റിട്ട ശേഷം ആത്മഹത്യ ചെയ്തതെന്ന് സൈബർ സെല്ലിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. കണക്കിൽപ്പെടാത്തത് ഇതിലേറെ വരും. മരിച്ചവരിൽ ഏറെയും ചെറുപ്പക്കാർ. എന്നാൽ ഗുണത്തെക്കാളേറെ സമൂഹത്തിന് ദോഷം പ്രധാനം ചെയ്യുന്നതിലും മുൻ പന്തിയിലാണ് സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റ്. മക്കളെ ആത്മീകരായി വളർത്തുവാൻ ആഗ്രഹിക്കുന്ന ഏതൊരു മാതാപിതാക്കളും മക്കളുടെ ഇന്റർനെറ്റ് ഉപയോഗത്തിൽ ഒരു കണ്ണുണ്ടായിരിക്കുന്നത് നല്ലതാണ്. നല്ല ഗുണപാഠവും ശരിയായ പാതയും പറഞ്ഞു കൊടുക്കുന്നതിന് മാതാപിതാക്കൾ ശ്രദ്ധിക്കണം. ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക. വൃദ്ധനായാലും അത് അവൻ വിട്ടുമാറുകയില്ല. അല്ലായെങ്കിൽ തലമുറകളുടെ തലയും തലച്ചോറും ഭദ്രമാക്കാൻ നാം ഏറെ വിയർപ്പൊഴുക്കേണ്ടി വരികതന്നെ ചെയ്യും.




## ജെ.പി. വെണ്ണിക്കുളം യു.എ.ഇ. ൽ



എഴുത്തുകാരനും യൂത്ത് കൗൺസിലറും വേദ അദ്ധ്യാപകനുമായ ജെ.പി. വെണ്ണിക്കുളം യു.എ.ഇ. ൽ എത്തിച്ചേർന്നിരിക്കുന്നു. ഒക്ടോബർ 10 വരെ ഉണ്ടായിരിക്കും.

**ഫോൺ: 0508690720.**

# പി. സി. ഐ. ഏകദിന സമ്മേളനം തിരുവല്ലയിൽ

**തിരുവല്ല:** ഭാരതത്തിലെ പെന്തെക്കോസ്ത് സഭകളുടെ ഐക്യവേദിയായ പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ (പി. സി. ഐ.) ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15 ശനിയാഴ്ച വിപുലമായ പ്രോഗ്രാമുകളോടു കൂടി തിരുവല്ലയിൽ ഏകദിന സമ്മേളനം നടക്കും. രാവിലെ 9.30ന് ആരംഭിക്കുന്ന സമ്മേളനത്തിൽ ന്യൂനപക്ഷ സെമിനാർ, നിയമ ബോധവല്ക്കരണ ക്ലാസ്, പി. സി. ഐ. വുമൻസ് ഫോറത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം എന്നിവയുണ്ടായിരിക്കും.

ജനറൽ പ്രസിഡന്റ് തോമസ് വടക്കേക്കൂറ്റ് അദ്ധ്യക്ഷത വഹിക്കുന്ന സെമിനാറിൽ "ഭാരത ക്രൈസ്തവർ - വർത്തമാനവും ഭാവിയും" എന്ന പ്രമേയത്തെ അധികരിച്ചുകൊണ്ട് ചരിത്രപണ്ഡിതനും ഗ്രന്ഥകാരനുമായ ഡോ. വർഗീസ് ജോർജ്ജ് (തിരുവല്ല) വിഷയാവതരണം നടത്തും. കേരള ന്യൂനപക്ഷ കമ്മീഷൻ അംഗം അഡ്വ. വി. വി. ജോഷി മുഖ്യപ്രഭാഷണം നടത്തും. അഡ്വ. വി. എസ്. ജോയി (കെ. എസ്. യു. പ്രസിഡന്റ്), ഷിൻസ് പീറ്റർ (പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷൻ ചെയർമാൻ) തുടങ്ങിയവർ ആശംസകൾ അറിയിക്കും.

11.30 മുതൽ നടക്കുന്ന നിയമ ബോധവൽക്കരണ ക്ലാസ്സിൽ ശുശ്രൂഷകന്മാരും വിശ്വാസികളും അറിഞ്ഞിരിക്കേണ്ട നിയമങ്ങളെക്കുറിച്ച് റിട്ടയേർഡ് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് വി. ഇ. വർഗീസ് ക്ലാസ്സെടുക്കും. ജില്ലാ ജഡ്ജിയായി നിയമിതനായ വിൻസന്റ് ചാർലിയെ സമ്മേളനത്തിൽ ആദരിക്കും. ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 വരെ നടക്കുന്ന വനിതാ സമ്മേളനത്തിൽ പി. സി. ഐ.യുടെ വനിതാ വിഭാഗമായ "പി. സി. ഐ. വുമെൻസ് ഫോറം" സംസ്ഥാനതല ഉദ്ഘാടനം ജനറൽ പ്രസിഡന്റ് തോമസ് വടക്കേക്കൂറ്റ് നിർവഹിക്കും. വൈസ് പ്രസിഡന്റ് കെ. ഏബ്രഹാം അദ്ധ്യക്ഷത വഹിക്കും. സംസ്ഥാന വനിതാ കമ്മീഷൻ ചെയർപേഴ്സൻ ശ്രീമതി കെ. സി. റോസ്ക്കുട്ടി മുഖ്യപ്രഭാഷണം നടത്തും. വിവിധ പെന്തെക്കോസ്ത് സഭകളുടെ വനിതാ വിഭാഗം ഭാരവാഹികൾ ആശംസകളറിയിക്കും.

ഈ സമ്മേളനങ്ങൾക്ക് ജനറൽ സെക്രട്ടറി പാസ്റ്റർ ജെ. ജോസഫ്, സെക്രട്ടറിമാരായ ഗ്ലാഡ്സൺ ജേക്കബ്, പാസ്റ്റർ ജോസ് അതുല്യ, ട്രഷറാർ മോൻസി മാങ്കുളങ്ങര, വൈസ് പ്രസിഡന്റ് പാസ്റ്റർ കെ. എ. ഉമ്മൻ തുടങ്ങിയവർ നേതൃത്വം വഹിക്കും.

# ജില്ലാ ജഡ്ജിയായി നിയമതിനായി



**തൃശ്ശൂർ:** ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റായി തിരുവനന്തപുരത്ത് പ്രവർത്തിച്ചു വരുന്ന വിൻസെന്റ് ചാർളിയെ ജില്ലാ ജഡ്ജിയായി ഗവൺമെന്റ് നിയമിച്ചു. 17 വർഷമായി ജുഡീഷ്യൽ സർവ്വീസിൽ സേവനം ചെയ്യുന്ന വിൻസെന്റ് ചാർളി പാലക്കാട് ജില്ലയിലെ പഴമ്പാലക്കോട് വാഴപ്പിള്ളി വീട്ടിൽ ചാർളി-അന്നമ്മ ദമ്പതികളുടെ മകനാണ്. ചർച്ച് ഓഫ് ഗോഡ് ഇൻ സൗത്ത് ഇൻഡ്യ സഭയുടെ സജീവപ്രവർത്തകനും, മികച്ച സുവിശേഷ പ്രഭാഷകനുമാണ് ഇദ്ദേഹം. ഭാര്യ: മിനി. മക്കൾ: അനീറ്റ, ചാർളി.

# ഭാരവാഹികൾ



പാസ്റ്റർ ജെയിംസ് അലക്സാണ്ടർ



പാസ്റ്റർ ബിജു റ്റി. ഫിലിപ്പ്



ബ്രദർ പി. വി. കുട്ടപ്പൻ

**പുനലൂർ:** ഐ.പി.സി പുനലൂർ സെന്റർ 2015 - 2016 വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു. പാസ്റ്റർ ജെയിംസ് ജോർജ്ജ് (പ്രസിഡന്റ്), പാസ്റ്റർ ജെയിംസ് അലക്സാണ്ടർ (വൈസ് പ്രസിഡന്റ്), പാസ്റ്റർ ബിജു റ്റി. ഫിലിപ്പ് (സെക്രട്ടറി), ബ്രദർ തോമസ് പീറ്റർ (ജോയിന്റ് സെക്രട്ടറി), ബ്രദർ പി. വി. കുട്ടപ്പൻ (ട്രെഷാർ).

## 05 രോഗികളുടെ പ്രത്യേക....

ക്കാരനായി ജീവിക്കുന്നതു കാണുവാൻ സാധുവിനവസരം ലഭിച്ചു. നമ്മുടെ കർത്താവായ യേശുവിന്റെ നാമം എല്ലാറ്റിനും മേലായ നാമമാണ്.

കൈവിഷം, മന്ത്രവാദം മുതലായവ മൂലം ഉളവായ രോഗമാണെങ്കിലും യേശുവിന്റെ നാമത്തിൽ പരിപൂർണ്ണ സൌഖ്യം ലഭിക്കും. രോഗശാന്തിയും ആരോഗ്യവും നല്കുന്ന ദൈവം നമ്മുടെ ദൈവമായത് എത്ര വലിയ അനുഗ്രഹം.

## 01 ചർച്ച് ഓഫ് ഗോഡ് കേരളാ....

ളം, മദ്രാസ്, ആന്ധ്ര എന്നി മൂന്ന് സ്റ്റേറ്റുകളായി വിഭജിക്കപ്പെട്ടു. 1966-ൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾ ആന്ധ്രയിൽ നിന്നും വേർപ്പെടുത്തി. വിവിധ റീജിയനുകളായി തിരിച്ചെങ്കിലും സ്റ്റേറ്റ് ഓവർസീയർമാർക്കും സ്റ്റേറ്റുകൾക്കും പൂർണ്ണമായി സ്വയം ഭരണാവകാശം ഇല്ലായിരുന്നു. അഖിലേന്ത്യാ ആസ്ഥാനം സീയോൻകുന്ന് ആയിരുന്നു. മിഷനറിമാർക്ക് കീഴിൽ മിഷനറി ഓവർസീയർമാരും, സ്റ്റേറ്റ് റെപ്രസന്റീറ്റിവ്മാരും പ്രവർത്തിച്ചിരുന്നു. 1968-ൽ ഫീൽഡ് സെക്രട്ടറി എന്ന തസ്തിക ഫീൽഡ് റെപ്രസെന്റേറ്റീവ് എന്നാക്കി. റോബർട്ട് ജെ.റീസർ, പി.എ.വി സാം എന്നിവർ ചേർന്ന് സ്റ്റേറ്റിന് സമ്പൂർണ്ണ സ്വയം ഭരണം നല്കുന്ന അധികാര വികേന്ദ്രീകരണം നടപ്പിലാക്കി. ഭരണ ശുശ്രൂഷാ സൗകര്യാർത്ഥവും സഭയുടെ വളർച്ചയും കണക്കാക്കിയാണ് ഇത് നടപ്പിലാക്കിയത്.

മാറിയ സാഹചര്യത്തിൽ പുതിയ പുനഃസംഘടനയ്ക്കാണ് അന്തർദേശീയ നേതൃത്വം തയ്യാറെടുക്കുന്നത്. സഭാ വളർച്ചയെ ത്വരിതപ്പെടുത്തുന്ന ഈ പദ്ധതിക്ക് പൊതുവേ സ്വീകാര്യതയാണ് വിവിധ കോണുകളിൽ നിന്ന് ലഭിക്കുന്നത്.

# ന്യൂനപക്ഷ കമ്മീഷൻ ക്രൈസ്തവ സഭാ പ്രതിനിധികളുമായി ചർച്ച നടത്തി

**തിരുവനന്തപുരം:** കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ നേതൃത്വത്തിൽ കേരളത്തിലെ ക്രൈസ്തവരുടെ സാമ്പത്തിക വിദ്യാഭ്യാസ-സാമൂഹിക പിന്നോക്കാവസ്ഥ പഠിക്കുന്നതിന്റെ ഭാഗമായി ക്രൈസ്തവ സഭാ പ്രതിനിധികളുടെ യോഗം കമ്മീഷൻ ആസ്ഥാനത്ത് നടന്നു. കമ്മീഷൻ ചെയർമാൻ അഡ്വ. എം. വീരാൻകുട്ടി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മെമ്പർ അഡ്വ. വി. വി. ജോഷി ചർച്ചകൾക്ക് നേതൃത്വം നൽകി.

ക്രൈസ്തവരുടെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ സ്ഥിതി സംബന്ധിച്ച് ആധികാരിക വിവരം ലഭിച്ചിട്ടില്ലാത്തതിനാൽ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യാനാവില്ലെന്നും ആ കുറവ് പരിഹരിക്കാനാണ് കമ്മീഷൻ ശ്രമിക്കുന്നതെന്നും ചെയർമാൻ പറഞ്ഞു. ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ ദളിത് സമൂഹത്തിന് സംവരണം നിഷേധിക്കുകയാണെന്നും ഈ അനീതിക്കെതിരെ കമ്മീഷൻ ഇടപെടണമെന്നും പ്രതിനിധികൾ ആവശ്യപ്പെട്ടു. സംവരണ പരിധിക്ക് പുറത്തു നിൽക്കുന്ന പിന്നോക്ക ക്രൈസ്തവരായ സമൂഹത്തെയും സംവരണ പരിധിക്കുള്ളിൽ കൊണ്ടുവരണമെന്നും ആവശ്യമുയർന്നു. അസംബ്ലീസ് ഓഫ് ഗോഡിനെ പ്രതിനിധീകരിച്ച് പാസ്റ്റർ തോമസ് ഫിലിപ്പ്, ബ്രദർ വർഗീസ് പി. സി. ഐ. ഭാരവാഹികളായ പാസ്റ്റർ ജെ. ജോസഫ്, ജെയ്സ് പാണ്ടനാട് എന്നിവർ ചർച്ചയിൽ പങ്കെടുത്തു. പെന്തെക്കോസ്ത് സമൂഹത്തിന്റെ വിവിധങ്ങളായ ആവശ്യങ്ങൾ തുടങ്ങിയ നിവേദനം കമ്മീഷനു നൽകി.

# കുമ്പനാട് സെന്റർ P Y P A പ്രവർത്തനോദ്ഘാടനം




പി. വൈ. പി. എ. കുമ്പനാട് സെന്ററിന്റെ പ്രവർത്തനോദ്ഘാടനം പാസ്റ്റർ ഷിബു നെടുവേലിൽ നിർവ്വഹിക്കുന്നു.

**കുമ്പനാട്:** 2015-2018 ലേക്കുള്ള സെന്റർ പി. വൈ. പി. എ. യുടെ പ്രവർത്തന ഉദ്ഘാടനവും വിദ്യാഭ്യാസ സഹായവിതരണവും 2015 ജൂലൈ 5-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ഐ. പി. സി. ഹെബ്രോൻ ചാപ്പലിൽ വച്ച് നടത്തപ്പെട്ടു. പി. വൈ. പി. എ. കുമ്പനാട് സെന്റർ പ്രസിഡന്റ് ബ്രദർ ജസ്റ്റിൻ നെടുവേലിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെക്രട്ടറി ഇവാ. ബ്ലസൻ കുഴിക്കാല സ്വാഗതം ആശംസിച്ചു. ഐ. പി. സി.കേരളാ സ്റ്റേറ്റ് ജോ. സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ പ്രവർത്തനങ്ങളുടെ ഔപചാരിക ഉദ്ഘാടനം നിർവ്വഹിച്ചു. ഐ. പി. സി സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ റ്റി. എസ് ഏബ്രഹാം അനുഗ്രഹപ്രാർത്ഥനയും, സെന്റർ അസോ. മിനിസ്റ്റർ പാസ്റ്റർ ടി. ജെ. ഏബ്രഹാം അനുഗ്രഹപ്രഭാഷണവും നടത്തി. പി. വൈ. പി. എ. കേരളാ സ്റ്റേറ്റ് പ്രസിഡന്റ് ബ്രദർ സുധി ഏബ്രഹാം കല്ലുങ്കൽ ചാരിറ്റി പ്രവർത്തനങ്ങളുടെ ഉത്ഘാടനം നിർവ്വഹിച്ചു. അർഹരായ 135 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായവും, രണ്ട് കിഡ്നികളും തകരാറിലായ യുവതിക്ക് ചികിത്സാ സഹായവും നല്കി. ഡോ. ബ്ലസൻ മേമന സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. 8 പതിറ്റാണ്ടുകൾ കർത്തൃശുശ്രൂഷയിൽ അഹോരാത്രം അദ്ധ്വാനിച്ച പാസ്റ്റർ റ്റി. എസ്. ഏബ്രഹാമിനെയും കുടുംബത്തെയും പ്രസ്തുത മീറ്റിംഗിൽ ആദരിച്ചു. സെന്ററിൽ 10, 12 ക്ലാസുകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്ക് ഫലകം നല്കി അനുമോദിച്ചു. ട്രഷറാർ ബ്രദർ നെവിൻ മങ്ങാട്ട് നന്ദി അറിയിച്ചു. കൂടാതെ സെന്റർ എക്സിക്യൂട്ടീവ് ആയ ഇവാ. കാലേബ് ജി. ജോർജ്, ഏബ്രഹാം വർഗീസ്, ജെയ്സൺ കെ. സാം, ബ്രദർ ഫിന്നി ഫിലിപ്പ്, ഡാനിയേൽ കുമ്പനാട് എന്നിവർ പ്രസംഗിച്ചു. ഈ പ്രോഗ്രാമിന്റെ പൂർണ്ണരൂപം www.pypakerala.com എന്ന ലിങ്കിൽ ലഭ്യമാണ്.

# പാസ്റ്റേഴ്സ് ഫാമിലി കോൺഫറൻസ് സമാപിച്ചു

**കോട്ടയം ടൗൺ:** ഡിസ്ട്രിക്റ്റിലെ പാസ്റ്റേഴ്സ് ഫാമിലി കോൺഫറൻസ് സമാപിച്ചു. കോട്ടയം ശക്തി ഹോട്ടലിൽ ജൂലൈ 11-ന് രാവിലെ ആരംഭിച്ച മീറ്റിംഗിൽ ഡിസ്ട്രിക്ട് പാസ്റ്റർ എ.റ്റി.ജോസഫ് ക്ലാസ് എടുത്തു. സഭകളിലെ ശുശ്രൂഷകരും, പൊതുശുശ്രൂഷകന്മാരും കുടുംബമായി പങ്കെടുത്തു. ഡിസ്ട്രിക്ടിന്റെ പ്രഥമ പൊതുസമ്മേളനം ജൂൺ 13-ന് കോട്ടയം ടൗൺ ചർച്ചിൽ വെച്ച് നടന്നു. സ്റ്റേറ്റ് ഓവർസീയർ മുഖ്യപ്രഭാഷണം നടത്തി. വിവിധ സെമിനാറുകൾ, ഗോസ്പൽ ടൂർ, ഡിസ്ട്രിക്ട് കൺവൻഷൻ 2016 ഏപ്രിൽ 4-9 വരെ സംയുക്ത ബിവിഎസ് എന്നിവയും നടത്തുവാൻ തീരുമാനിച്ചു. ഈ പ്രവർത്തന വർഷത്തെ ആദ്യത്തെ ഓൾനൈറ്റ് പ്രെയർ ജൂൺ 22-ന് മെഡിക്കൽ കോളജ് ദൈവസഭയിൽ വെച്ച് അനുഗ്രഹമായി നടന്നു. ബ്രദർ കെ.വി.ഫിലിപ്പ് (സെക്രട്ടറി), ബ്രദർ ജേക്കബ് എബ്രഹാം (ട്രഷറാർ), പാസ്റ്റർ ബേബി എബ്രഹാം (ഗോസ്പൽ ടീം സെക്രട്ടറി), പാസ്റ്റർ വർഗീസ് ഈപ്പൻ (എസ്.എസ് പ്രസിഡന്റ്), ബ്രദർ വിനോദ് കുര്യൻ (വൈപിഇ സെക്രട്ടറി), സി. സിബി രാജു (എൽ.എം സെക്രട്ടറി), പാസ്റ്റേഴ്സ് ബെന്നി ശാമുവേൽ, കോര. സി. ചാക്കോ, എം.എ.ഐപ്പ്, തോമസ് ചാക്കോ എന്നിവർ ചാരിറ്റി, കൗൺസലിംഗ്, പ്രെയർ, മീഡിയ, കോർഡിനേറ്റേഴ്സായും പ്രവർത്തിക്കുന്നു.

## 11 കണ്ടതും കേട്ടതും........

ഞാനവിടെയിരുന്നു". ശ്ശെടാ! ഇവിടെ വന്നത് അബദ്ധമായിപ്പോയല്ലോ" എന്നു തോന്നാതെയുമിരുന്നില്ല.

വസ്ത്രധാരണത്തിൽ കാര്യമില്ലെങ്കിൽ, 'യോഗ്യമായ' വസ്ത്രമെന്നു പറയേണ്ടതില്ലല്ലോ. ഒന്നുകിൽ താടി മീശ വളർത്തുക, ഇല്ലെങ്കിൽ വടിക്കുക. ഉമിക്കരി ഒട്ടിച്ചു വയ്ക്കുന്നതുപോലെയുള്ള വട്ടത്താടിയും എലിവാലുപോലെ കൃതാവു വെയ്ക്കുന്നതുമൊക്കെ നല്ലതാണോയെന്നു നോക്കുക (ഇതൊക്കെ നല്ലതാണോ അതോ മോശമാണോയെന്ന് ആരും പറയാതെ തന്നെ നമുക്കറിയാം). ആ ദൈവദാസൻ പാവമായതുകൊണ്ടല്ലേ അദ്ദേഹത്തെ അപമാനിച്ചതെന്നും തോന്നാതിരുന്നില്ല. സഭാ സൂപ്രണ്ടായിരുന്നു അതു പറഞ്ഞിരുന്നതെങ്കിൽ, മിക്കവാറും ആരും പ്രതികരിക്കുകയില്ലായിരുന്നുവെന്നാണു തോന്നുന്നത്.

**നീക്കിബാക്കി:** ലോ വെയ്സ്റ്റ് പാന്റ്സ്, ലെഗ്ഗിങ്സ്, ഉമിക്കരിത്താടി, എലിവാൽ കൃതാവ് ഇതൊന്നും നല്ലതല്ലെന്നാണ് രക്ഷിക്കപ്പെടാത്ത പല പ്രമുഖരും പറയുന്നത്. അത്രയും വിവരമെങ്കിലും നമുക്കുണ്ടായിരിക്കേണ്ടത് ആവശ്യമല്ലേയെന്നു തോന്നിപ്പോവുന്നു. കഴിഞ്ഞയിടെ ഒരു മാസികയിൽ വായിച്ചു; "നിങ്ങളെ ആൾക്കൂട്ടത്തിൽ വെച്ച് ആരും പ്രത്യേകമായി ശ്രദ്ധിക്കുന്നില്ലെങ്കിൽ, നിങ്ങളുടെ വേഷം (മുടിയും താടിയുമൊക്കെ) മാന്യമാണെന്നു പറയാം"- ഇതൊരു സ്ത്രീ എഴുതിയതാണ്; പുരുഷനെഴുതിയതല്ല.

## 01 ഐ. പി. സി. ഫാമിലി കോൺഫറൻസ്....

വേൽ യോഹന്നനാൻ (നാഷണൽ ട്രഷറർ), വെസ്ലി ആലുംമൂട്ടിൽ (യൂത്ത് കോർഡിനേറ്റർ), സിസ്റ്റർ സോഫി വർഗീസ് (ലേഡീസ് കോർഡിനേറ്റർ) എന്നിവരുടെ ചുമതലയിലുള്ള കമ്മറ്റി നേതൃത്വം നൽകി. ഞായറാഴ്ച നടന്ന വിശുദ്ധ ആരാധനയിൽ പാസ്റ്റർ ജോസഫ് വില്യംസ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റേഴ്സ് വൽസൻ ഏബ്രഹാം, സാം ജോർജ്ജ് എന്നിവർ വചനശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ അലക്സ് വെട്ടിക്കൽ കർത്തൃമേശയ്ക്ക് നേതൃത്വം നൽകി. 2016-ലെ കോൺഫറൻസ് സൗത്ത് ഫ്ളോറിഡയിൽ നടക്കും.

# നിത്യതയിൽ



**പാസ്റ്റർ വി. ജി.മാത്യു**

**തൊടുപുഴ:** ദീർഘകാലം ചർച്ച് ഓഫ് ഗോഡ് ശുശ്രൂഷകനായിരുന്ന പാസ്റ്റർ വി. ജി. മാത്യു (പാപ്പച്ചൻ 66) നിര്യാതനായി. സംസ്കാരം നടത്തി. ശുശ്രൂഷകൾക്ക് പാസ്റ്റർ റോയി ചെറിയാൻ നേതൃത്വം നൽകി.

പാസ്റ്റർമാരായ പി. ജി. മാത്യൂസ്, കാനം അച്ചൻ, പി. എൻ. ഫിലിപ്പ്, വൈ. ജോസ്, ഇ. എസ്. ജോൺ, കെ. റ്റി. ഏബ്രഹാം, പി. ജെ. ചാണ്ടി, ജയ്മോഹൻ അതിരുങ്കൽ എന്നിവർ അനുശോചിച്ചു.

പത്തനംതിട്ട മൈലപ്ര വടക്കേതിൽ കുടുംബാംഗമാണ്. കീഴ്വായ്പൂര് പാണ്ടിച്ചേരിൽ പരേതനായ പാസ്റ്റർ എം. റ്റി. മാത്യുവിന്റെ മകൾ പരേതയായ ലീലാമ്മയാണ് ഭാര്യ. പന്തളം, പാണ്ടനാട്, വെള്ളാപ്പള്ളി, മൈലപ്ര, അതിരുങ്കൽ തുടങ്ങിയ സഭകളിൽ ശുശ്രൂഷകനായിരുന്നു. പാസ്റ്റർ ജോസ് വി. ജോർജ്ജ് (തൊടുപുഴ) സഹോദരനാണ്. ചർച്ച് ഓഫ് ഗോഡ് അസിസ്റ്റന്റ് ഓവർസിയർ പാസ്റ്റർ പി. ജി. മാത്യൂസ് അനുജത്തിയുടെ ഭർത്താവാണ്.



**റോബിയ (39)**

**ചുഴന:** കാഞ്ഞിപ്പുഴത്ത് ജോൺസൺ മാത്യുവിന്റെ ഭാര്യ റോബിയ (39) നിര്യാതയായി. സംസ്കാരം ഐ. പി. സി. ശാലേം സെമിത്തേരിയിൽ നടത്തി. റാന്നി ചെത്തോങ്കര വാഴയിൽ കുടുംബാംഗമാണ്. മക്കൾ: ജെമീമ. ജെർമിയ, ജോഷ്, ജോഹാൻ.



**മറിയാമ്മ തോമസ്**

**പന്തളം:** സീനായിൽ (പുറ്റനാനിക്കൽ) പി. ഡി. തോമസിന്റെ (ജോയി) ഭാര്യ മറിയാമ്മ തോമസ് (റിട്ട. കോൾ ഇന്ത്യാ ഉദ്യോഗസ്ഥ, മദ്ധ്യപ്രദേശ്) നിദ്ര പ്രാപിച്ചു. സംസ്കാര ശുശ്രൂഷ പന്തളം ചർച്ച് ഓഫ് ഗോഡ് സെമിത്തേരിയിൽ നടത്തി. പരേത തിരുവല്ല തുണ്ടിയിൽ കുടുംബാംഗമാണ്. മക്കൾ: റിറ്റു തോമസ്, പാസ്റ്റർ റ്റിജോ തോമസ് (അബുദാബി). മരുമക്കൾ: ബിൻസി, നിഷ, കൊച്ചുമക്കൾ: ജോവാഷ്, റിബേക്ക, ജോഷ്വാ.



**റെയിച്ചൽ വർഗ്ഗീസ് കുമ്പീലത്ത് (105)**

**പന്തളം:** കുമ്പീലത്ത് പരേതനായ ഗീവർഗ്ഗീസ് കുമ്പീലത്തിന്റെ ഭാര്യ റെയിച്ചൽ വർഗ്ഗീസ് (105) നിത്യതയിൽ. കുന്നുകുഴി ചർച്ച് ഓഫ് ഗോഡ് സെമിത്തേരിയിൽ സംസ്കാരം നടത്തി.

മക്കൾ: പരേതനായ കെ. ജി. ബേബി, കെ. വി. തങ്കച്ചൻ, അന്നമ്മ തോമസ് (അമ്മിണി), പരേതനായ കെ. വി. കുഞ്ഞുമോൻ, ചർച്ച് ഓഫ് ഗോഡ് സഭാശുശ്രൂഷകനായ പാസ്റ്റർ കെ. വി. ജോയിക്കുട്ടി.

മരുമക്കൾ: കുഞ്ഞമ്മ ബേബി (പറന്തൽ), തങ്കമ്മ തങ്കച്ചൻ (തീക്കോയി), കെ. റ്റി. തോമസ് (തമ്പി മാവേലിക്കര), പരേതനായ അന്നമ്മ കുഞ്ഞുമോൻ (ചക്കാലക്കുഴി), ലീലാമ്മ ജോയിക്കുട്ടി (കാരക്കാട്) ഇവരെക്കൂടാതെ 16 കൊച്ചുമക്കളും, 31 കൊച്ചുകൊച്ചുമക്കളും ഉണ്ട്.



**മേരി ജോൺ (75)**

**നിരണം:** നെൽപ്പുരപ്പാട്ടത്തിൽ എൻ. ഡി. ജോണിന്റെ ഭാര്യ മേരി ജോൺ (75) നിര്യതയായി. സംസ്കാരം നിരണം ഐപിസി ഗ്രെയ്സ് സെന്റർ സഭയുടെ വളഞ്ഞവട്ടം സെമിത്തേരിയിൽ നടത്തപ്പെട്ടു.

മക്കൾ: ഓമന, ജേക്കബ്, സാലി, സാബു, സജിനി, സൗമി

മരുമക്കൾ: സാലി, രാജിമോൾ, ഫ്രാൻസിസ്, സജി, പരേതരായ ബാലൻ, ബിനു

# പാസ്റ്റർ മനോജ് തോമസിന് ഡോക്ടറേറ്റ് ലഭിച്ചു



**ടൊറാന്റോ:** പെരുമ്പാവൂർ ഷാലോം വില്ലയിൽ പാസ്റ്റർ മനോജ് തോമസിന് ഡാളസിലുള്ള സതേൺ മെതഡിസ്റ്റ് യൂണിവേഴ്സിറ്റിയാണ് ഡോക്ടറേറ്റ് നൽകിയത്. സഭകളുമായി ബന്ധപ്പെടാത്ത സമൂഹം (Un-churched) വർദ്ധിച്ചു വന്നു കൊണ്ടിരിക്കുന്ന വടക്കേ അമേരിക്കൻ പശ്ചാത്തലത്തിൽ "പ്രാദേശിക സഭകളെ പ്രേഷിത ദൗത്യത്തിനു വേണ്ടി എങ്ങനെ സജ്ജരാക്കാം" എന്നുള്ളതായിരുന്നു ഗവേഷണവിഷയം.ഗണിതശാസ്ത്രത്തിൽ ബിരുദവും, വേദശാസ്ത്രത്തിൽ സെറാംപൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദവും, ബിരുദാനന്തരബിരുദവും (B.D. - FTS, Manakala; M.Th. - UTC, Bangalore) നേടിയതിനുശേഷം ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയിൽ അദ്ധ്യാപകനായും തുടർന്ന് കുവൈറ്റിലും, 2011 മുതൽ ടൊറാന്റോയിലും സഭാശുശ്രൂഷകനായി സേവനം ചെയ്തു വരുന്ന പാസ്റ്റർ മനോജ് തോമസ് മികച്ച ഒരു ക്രിസ്തീയ സംഘാടകനും, അനുഗ്രഹീത വേദാദ്ധ്യാപകനും പ്രഭാഷകനുമാണ്. ഭാര്യ: ആൻസി (MSW, RSW); മക്കൾ: ഫിലിപ്പ്, ഹന്ന

# സി.ഇ.എം. ഏകദിന ക്യാമ്പ്

**പത്തനംതിട്ട:** സി.ഇ.എം. പത്തനംതിട്ട സെന്റർ ഏകദിന ക്യാമ്പ് ഓഗസ്റ്റ് 27 ന് മേക്കൊഴൂർ ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിൽ നടക്കും ദൈവഹിതം തിരിച്ചറിയുക (റോമ. 12:2) എന്നതാണ് ചിന്താവിഷയം. ഡോ. സാബു എസ്. ഫിലിപ്പ്, പാസ്റ്റർ ജോൺസി റാന്നി തുടങ്ങിയവർ പ്രസംഗിക്കും. കുട്ടികൾക്കായി പ്രത്യേക സമ്മേളനം ഉണ്ടായിരിക്കും. പ്രസിഡന്റ് പാസ്റ്റർ കെ.എം. കുര്യാക്കോസ്, സെക്രട്ടറി ബ്രദർ ജീസൺ ഡാനിയേൽ തുടങ്ങിയവർ നേതൃത്വം നൽകും.

# വൈപ്പിൻ ബൈബിൾ ക്ലാസ് - 2015

**എളങ്കുന്നപ്പുഴ:** യുണൈറ്റഡ് പെന്തെക്കോസ്തൽ ഫെലോഷിപ്പിന്റെ ബൈബിൾ ക്ലാസ് എളങ്കുന്നപ്പുഴ ന്യൂ ഇന്ത്യാ ഹാളിൽ ജൂലൈ 27 - 29 വരെ നടക്കും രാവിലെ 10നും വൈകിട്ട് 6.30നും നടക്കുന്ന ക്ലാസുകൾക്ക് പാസ്റ്റർ. വി. സാംകുമാർ, തമിഴ്നാട് നേതൃത്വം നൽകും യു.പി.എഫ് ഭാരവാഹികൾ വിവിധ യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കും. കർത്താവിന്റെ രണ്ടാം വരവും അനന്തര സംഭവങ്ങളും എന്നതാണ് വിഷയം.

# സ്വാതന്ത്ര്യ സന്ദേശറാലി

**വൈപ്പിൻ:** യു.പി.എഫിന്റെ യുവജന വിഭാഗമായ യു.പി. വൈ.എം നേതൃത്വം നൽകുന്ന സുവിശേഷ ബൈക്ക് റാലി ആഗസ്റ്റ് 15-ന് വൈപ്പിൻ ദ്വീപിലുടനീളം നടക്കും. പ്രസിഡന്റ് അനിൽ കെ. വിയുടെ നേതൃത്വത്തിൽ നൂറുകണക്കിനു യുവാക്കൾ റാലിയിൽ പങ്കെടുക്കും. വിവിധ ജംഗ്ഷനുകളിൽ സംഗീതവും സുവിശേഷ പ്രഘോഷണവും നടക്കും. വൈകുന്നേരം ഗോശ്രീജംഗ്ഷനിൽ സമാപനം നടക്കും. ഷോൺ. സി.ഏ, ജിക്സൺ വർഗീസ്, ജിനു യേശുദാസ്, ജിബി ജോസഫ്, രതീഷ് ഏ.എസ്, അനിൽ ഏ.എം തുടങ്ങിയവർ നേതൃത്വം നൽകും.

# രക്ഷാസന്ദേശ ധ്യാനയോഗം

**എടവനക്കാട്:** ഐ.പി.സി. എബനേസർ പ്രെയർ സെന്റർ നടത്തുന്ന രക്ഷാസന്ദേശ ധ്യാനയോഗം ആഗസ്റ്റ് 1-ന് എടവനക്കാട് വ്യാപാര ഭവൻ ഹാളിൽ രാവിലെ 10.30ന് നടക്കും. പാസ്റ്റർ മത്തായി വചന ശുശ്രൂഷ നിർവ്വഹിക്കും. സഭാ ശുശ്രൂഷകൻ പാസ്റ്റർ ഷാജി വിരുപ്പിൽ നേതൃത്വം നൽകും.

# കവിത



**സജി മത്തായി**

## വീട്ടിലേക്കോ മടക്കം?

കൊണ്ടൽ നിറവും മാറിനില്ക്കും;
അത്രയ്ക്കിരുണ്ടഗാത്രമഷ്ടിയ്ക്കു-
ക്ലിപ്തതയില്ല, തീരമൊഴിഞ്ഞെത്തേ-
പുഷ്ടിയും, വരണ്ടഗളതാളത്തിലചിരേണ-
വായുപ്രവാഹം, പ്രതീക്ഷയറ്റനയനങ്ങളും,
തലതാനേതാഴുന്നപമാനഭാരത്തിലും,-
തിട്ടം ഞാനോർക്കുന്നൊരാൽമര ചുവട്ടിൽ-
നിന്മേനികെട്ടിപ്പിണയുമരുമകിടാ-
ങ്ങളിരുവശവും, സത്യമാണും നിൽ അരുകു-
ചേർന്നിരുന്നു ഞാനാദുരിതക്കയത്തിന്റെ-
ഹൃദയസ്പന്ദനമറിഞ്ഞു സത്യം, ഇല്ല വീടൊരു-
കുടുംബവും അടുത്തൊരത്താണിയില്ലയകലയും-
നാലാൾ കവലയിൽ നിന്നകലെ പായിച്ചെന്നെ-
ഹൊയ് വിളിയുണർത്തിയെന്നിൽ അവജ്ഞ,-
പിന്നത്തേതിൽ ആളർത്തിശേഷിച്ചോര-
ആത്മാഭിമാനത്തേയും, കരിതേച്ചാട്ടി-
പ്പായിച്ചവരും മുരചെയ്തുകാരണം, അകാരണ-
മായി, നീ ഇരുണ്ടവ ആണ്ടവനു വേണ്ടാത്തോൻ-
എനിയ്ക്കടിയാൻ, നീയതുരയ്ക്കും മുൻമ്പേ-നിൻ-
യുഗ്മവ്യാക്ഷണ നേരം ഇരുപാലുകളായി-
നിറഞ്ഞുകവിയുന്നൂനാരുവികണക്കേ, താഴേക്കിറങ്ങി
ആ ഉപ്പിന്റെ ധാര തുടച്ച എൻ വിരലറിഞ്ഞുഗ്രചൂടും,-
നെടിയ ആൽമരം പിന്നെ വളഞ്ഞിറഹ്ങുന്നവേരും,
ജഡസമം നിൽകേശവും ഇരുപാശങ്ങൾ പോലെ-
വരിഞ്ഞുമുറുക്കുവാൻ വെമ്പലിൽ ആയുന്നേരു-
ന്നതിൻ ഫണം പോലെ ഭീതിയും മുണർന്നന്നിൽ,
പശിയാൽ പൈതങ്ങൾ തൻ പേടു-
മാകാട്ടുതീപോൽ ആളുന്നകാഴ്ചയാലെ
ന്നുള്ളം ഇളകി നിന്നു,-
വൻമരം പാഴ്മരമെങ്കിലും മരമല്ലേ,
കേടായഭൂമിമേലീകൂടത്തിൽ പണിവേണ്ടേ,-
തകർത്ത പതിതന്റെ കേടുകൾ പോക്കീടു-
വാൻ, വൻമരച്ചുവട്ടിലാവചനത്തിൽ കൂടപ്പണി,-
ഉടഞ്ഞു മുഷ്ടിയോളം വലിപ്പമുള്ള ഹൃത്തും-
പകർന്നാ മുറിവിന്മേൽ സുഗന്ധ തൈലം പിഞ്ഞ്-
യകലെ സത്രത്തിലെ അധികചികിത്സയും-
കണ്ടു നീ വീടുകണ്ടു, വീടിന്റെയകം കണ്ടു-
പൂമുഖ കവാടത്തിൽ എതിരേല്പ്പിന്റെ സ്വരം കേട്ടു,
താണ്ഡന പീഢനങ്ങളേറ്റതാം നിന്റെ ഹൃത്തും,-
താളത്തിൽ ആട്ടിപ്പാടി തന്മയസ്വരത്തോടെ-
ചെന്തീയിൽ ഭീതിമാറിയഗ്നിയാലഭിഷേകം-
ചങ്ങല കെട്ടുകളും കിലുക്കി നീ എറിഞ്ഞു,-
ശുഭമായ് നിന്റെ യത്യം നിനച്ച ഞാനും- എന്റെ
നടയിൽ നിൻ രൂപ, ഭാവം, സ്മൃതിയിൽ കൊത്തിവെച്ചു-
താഴുത്തെൻ തല ഇന്നു നീ മൂലം സഖി-
ഭവ്യേ, ചോദിയ്ക്കയാണു നീ മടങ്ങുകയാണോ നൂനം
ആൽമരച്ചോട്ടിലേക്കോ ഇറക്കിയ വീട്ടിലേക്കോ-
കത്തുന്നസൂര്യഗോളം നിൻ കയ്യാൽ മറയുമോ?
തിരികെ വീട്ടിയേക്കോ തിരികെയിരുട്ടിലേക്കോ-
തിരികെ ആനയിക്കുന്നതിരുട്ടിൽ വീട്ടിലേക്കോ?

# 10 ഭാവന....

"ചെറിയാച്ചൻ പാസ്റ്ററുടെ വീടല്ലേ ഇത്" ചോദ്യം കേട്ട് ഞെട്ടിയെഴുന്നേറ്റ ചെറിയാച്ചൻ ആഗതരെ സ്വീകരിച്ചിരുത്തി. "സ്വർഗ്ഗഭൂമി" പത്രത്തിന്റെ ടീമംഗങ്ങളുമായി പുറത്തിറങ്ങി. മഴമറ കൃഷി കാട്ടിയും അവരുടെ ചോദ്യത്തിനു മറുപടി നൽകിയും ചെറിയാച്ചനും മറിയാമ്മയും അവരോടൊപ്പം നടന്നു. "ഞാനും എന്റെ ഭാര്യയും കൂടെയാണീ കൃഷി ചെയ്യുന്നത്. രാസവളം ഒന്നും ചെയ്യില്ല. വിഷമില്ലാത്ത പച്ചക്കറി ജനത്തിനു നൽകണം എന്ന ആഗ്രഹത്തിലാണിതു നട്ടുവളർത്തുന്നത്" ചെറിയാച്ചൻ ആവേശഭരിതനായി പറയുന്നത് കേട്ട് ചാക്കോച്ചന്റെ തല കറങ്ങിത്തുടങ്ങി. ജൈവവളം ഇടാതെ ചെറിയാച്ചൻ നടത്തുന്ന "ജൈവകൃഷി". ചാക്കോച്ചൻ അത്ഭുത പരതന്ത്രനായി നിൽക്കുകയാണ്. മഴമറയ്ക്കുള്ളിൽ ഒരിക്കലും വന്നിട്ടില്ലാത്ത ശോശാമ്മയും, വല്ലപ്പോഴും കാഴ്ചക്കാരനായി മാത്രം എത്തുന്ന ചെറിയാച്ചനുപദേശിയും ദിനേന മഴമറ കൃഷിയിടത്തു നടത്തുന്ന പ്രയത്നങ്ങളുടെ വർണന കേട്ട് ചാക്കോച്ചൻ വായും പൊളിച്ചു നിന്നു!

പത്രക്കാരെല്ലാം പോയി. ആടിനെ പട്ടിയാക്കിയ സന്തോഷത്തിൽ ചെറിയാച്ചനുപദേശി മറിയാമ്മയുടെ തോളിൽ കൈയിട്ട് പുരയ്ക്കകത്തേക്കും കയറി; ചാക്കോച്ചൻ ഗേറ്റും കടന്നു പുറത്തേക്കും.

അതാ, പ്രകൃതിയ്ക്കാകെ മാറ്റം. കൂരിരുട്ടു പെട്ടെന്നു വ്യാപിച്ചിരിക്കുന്നു! ചീറിയടിക്കുന്ന കാറ്റ്. വഴിയിൽ കണ്ടതെല്ലാം തച്ചുടച്ചു പോയ കാറ്റിന്റെ കരബലം മഴമറയും അനുഭവിച്ചു. അല്പം കഴിഞ്ഞു രംഗം ശാന്തമായപ്പോൾ പുറത്തേക്കോടിയിറങ്ങിയ ചെറിയാച്ചൻ കണ്ടത്, പറന്നു പോയ മഴമറയും താറുമാറായ ജൈവകൃഷിയുമാണ്. ഉറക്കെക്കരഞ്ഞു നെഞ്ചത്തടിച്ചു ചെറിയാനുപദേശി പരവശനായി.

"അച്ചായാ, എന്തുപറ്റി?" ഞെട്ടിയുണർന്ന ചെറിയാച്ചൻ പാസ്റ്റർ പകച്ചുനോക്കി "വെള്ളം വെള്ളം" എന്ന പുലമ്പൽ കേട്ട് മറിയാമ്മ വെള്ളവുമായെത്തി. വെള്ളം കുടിച്ച് അല്പം ശാന്തനായപ്പോൾ ചെറിയാച്ചൻ പതിയെ മൊഴിഞ്ഞു "ഞാനൊരു സ്വപ്നം കണ്ടതാ". എങ്കിലും ഭയപ്പാടു മാറാത്ത മുഖവുമായി ചെറിയാച്ചൻ ശോശാമ്മയുടെ മുഖത്തേക്ക് ഉറ്റു നോക്കിക്കൊണ്ടിരുന്നു.

ധ്യാനം

# ദൈവത്തെ സംരക്ഷിക്കുന്ന വാളുകൾ



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

ദൈവത്തോടുള്ള അമിത സ്നേഹം വൈകാരികതയിലേക്ക് കടക്കുമ്പോൾ ചിലപ്പോഴെങ്കിലും അവിടെ നാം പ്രതികരിക്കുന്നത് ശിശുക്കളെപ്പോലെ ആയിരിക്കും. നുരഞ്ഞു പൊങ്ങുന്ന ക്രിസ്തു ബാന്ധവത്തിന്റെ പ്രതിഫലനമാണ് അതെന്നു അവകാശപ്പെടുമ്പോഴും കേവലം പരിജ്ഞാനമില്ലാത്ത ചില ബാഹ്യപ്രകടനങ്ങളായി അത് തരം താഴാറുണ്ട്. അത്തരത്തിലുള്ള പ്രതിസന്ധി ഘട്ടങ്ങളിൽ നാം ദൈവത്തേക്കാളും ശക്തന്മാരാകുകയും അശക്തനായ ദൈവത്തെ സഹായിക്കേണ്ടത് ശിഷ്യനായ എന്റെ ചുമതലയാണെന്ന ബാലിശ വികാരത്തിനു അടിമയാകുകയും ചെയ്യാറുണ്ട്. പിന്നീടുള്ള നമ്മുടെ വാക്കുകളും പ്രവർത്തികളും എല്ലാം ക്രൈസ്തവ ശൈലീവിശേഷണത്തിന്റെ അതിരുകൾ മറികടന്നുകൊണ്ടായിരിക്കും.

പാതിരാത്രി കഴിഞ്ഞ സമയം, കെദ്രോൻ തോടിനക്കരെയുള്ള തോട്ടത്തിൽ തന്റെ ശിഷ്യന്മാരുമായി കൂടിയിരിക്കുമ്പോൾ ഒറ്റുകാരന്റെ നേതൃത്വത്തിൽ ഒരു സംഘം വാളും വടികളുമായി പ്രവേശിച്ചു. യേശുവിനെ പിടിച്ചുകെട്ടി പുരോഹിതന്റെ മുന്നിലെത്തിക്കാൻ വന്ന സംഘത്തെ കണ്ട പത്രോസ് വികാരാധീതനായി!! പ്രതികരിക്കാൻ ശേഷിയില്ലാതെ നിശ്ചലനായി നിൽക്കുകയാണ് എന്റെ ഗുരു എന്ന് ചിന്തിച്ചു ക്രിസ്തുവിനെ സംരക്ഷിക്കുവാൻ ശിഷ്യപ്രമുഖരിൽ പ്രധാനിയായ പത്രോസിന്റെ കൈകൾ ചലിച്ചത് ഉറയിൽ കരുതിയ വാളിലേക്ക്!! ഇടം വലം നോക്കാതെ ദൈവത്തെ സഹായിക്കാൻ വലിച്ചൂരിയ വാളുകൊണ്ട് പ്രയോഗം നടത്തി മറ്റു ശിഷ്യന്മാരിൽ നിന്നും വ്യത്യസ്തനായി യേശുവിനെ സഹായിച്ചതിൽ അല്പം തലയെടുപ്പോടെ നിൽക്കുമ്പോൾ "നല്ലവനും വിശ്വസ്തനുമായ ദാസനെ" എന്ന വിളി പ്രതീക്ഷിച്ചെങ്കിലും – വാൾ ഉറയിൽ ഇടുക, വാളെടുക്കുന്നവൻ എല്ലാം അതിനാൽ നശിക്കുമെന്ന താക്കീതായിരുന്നു തനിക്കു ലഭിച്ചത്. പിതാവ് കൊടുത്ത പാനപാത്രവുമായി ക്രിസ്തു നിൽക്കുമ്പോൾ ദൈവേഷ്ടത്തെ തടയാൻ ഏതു വാളുകൾക്കാണ് ആകുക? അല്ല, ദൈവത്തെ പത്രോസിന്റെ വാളോ സംരക്ഷിക്കുന്നത്?

ആരോരുമറിയാതെ നാം ദൈവത്തെ സഹായിക്കാൻ സൂക്ഷിക്കുന്ന പലതും നമ്മുടെ പക്കൽ ഉണ്ട്. നേരിടുന്ന പ്രശ്നങ്ങളുടെ തീവ്രത വർദ്ധിച്ച മുൻപിൽ എല്ലാ വഴികളും അടഞ്ഞ് സാധ്യതകൾ ഒന്നും കാണാതിരിക്കുന്ന പല ഇടങ്ങളിലും നാം ദൈവത്തെ സഹായിക്കാൻ ഇറങ്ങി പുറപ്പെടാറുണ്ട്. ചിലപ്പോഴെങ്കിലും ദൈവം മൌനമാകുമ്പോൾ നാം കയറി ഇടപ്പെട്ടുകൊണ്ട് ദൈവപ്രവർത്തിക്ക് വേഗത കൂട്ടാൻ ശ്രമിക്കാറുണ്ട്. അവിടൊക്കെ നാം അറിഞ്ഞോ അറിയാതെയോ ദൈവീക പരമാധികാരത്തെ ചോദ്യം ചെയ്യുകയാണ്. ഇതിനെല്ലാം കാരണമായി നാം ഉന്നയിക്കുന്നതും ദൈവസ്നേഹത്തിന്റെ ഇഴയടുപ്പമുള്ള ബന്ധമാണ്.

അബ്രാമിൽ നിന്ന് അബ്രഹാമിലേക്കും സാറായിയിൽ നിന്നും സാറയിലേക്കും പേരുമാറ്റി ഒട്ടനവധി വാഗ്ദത്തങ്ങൾ തനിക്കു മുൻപിൽ ദൈവം നിരത്തിവെയ്ക്കുമ്പോൾ ഇതെല്ലാം കൂടി കേട്ട അബ്രഹാം കവിണ്ണുവീണു ചിരിച്ചു. അനന്തരം രണ്ടു ചോദ്യങ്ങൾ കൂടി – നൂറു വയസ്സുള്ളവനു മകൻ ജനിക്കുമോ? തൊണ്ണൂറു വയസ്സുള്ള സാറാ പ്രസവിക്കുമോ? ചോദ്യം ന്യായമാണെങ്കിലും നൂറുവയസ്സുള്ളവന് മകനെ കൊടുക്കാൻ കഷ്ടപ്പെടുന്ന ദൈവത്തെ സഹായിക്കാൻ അബ്രഹാം വച്ച നിർദ്ദേശം. ഇല്ലാത്തതിനെ ഉള്ളതുപോലെ വിളിച്ചു വരുത്താൻ കഴിയുന്ന മഹാദൈവത്തിന്റെ സാധ്യതകളെ ചോദ്യം ചെയ്യലായിരുന്നു. ഈ കൊടിയ വാർധിക്യത്തിൽ ദൈവം പറഞ്ഞതുപോലെ ഒരു കുട്ടി ഉണ്ടായില്ലെങ്കിൽ അതുമൂലം ദൈവത്തിനുണ്ടാകുന്ന അപമാനം ഓർത്തിട്ടാകണം ദൈവത്തിന്റെ സ്നേഹിതനായ അബ്രഹാം "യിസ്സഹാക്കിനു പകരമൊരു യിശ്മായേൽ" എന്ന ആവശ്യത്തിലൂടെ ദൈവത്തെ സംരക്ഷിക്കാൻ ശ്രമിച്ചത്.

ജനത്തിന്റെ മനശാസ്ത്രം മനസ്സിലാക്കി അവർക്കാവശ്യമുള്ളത് കൈമാറുക എന്നതാണ് ഇന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്ന ശുശ്രൂഷാരീതി. അതിനു വേണ്ടി ദൈവത്തെ സഹായിക്കാൻ പോലും ഈ കൂട്ടർക്ക് മടിയില്ല. തങ്ങൾ കൈ നീട്ടുമ്പോൾ അത്ഭുതങ്ങൾ നടക്കണം, കൽപ്പിക്കുമ്പോൾ വിടുതലുകൾ സംഭവിക്കണം – അങ്ങനെ സംഭവിക്കാതെ വന്നാൽ അതൊരു പക്ഷെ തങ്ങൾ പ്രസംഗിച്ച ദൈവം കഴിവുകെട്ടവനായി ജനമധ്യത്തിൽ അപമാനിക്കപ്പെടുമോ എന്നുള്ള ഭയമാകാം ദൈവം പോലും അറിയാതെ "വീര്യപ്രവർത്തികൾ" ദൈവത്തിന്റെ പേരിൽ അവകാശപ്പെടുന്നത്. കർമ്മേൽ മലയുടെ മുകളിൽ ഏലിയാവ് ബാൽ പക്ഷത്തോട് ചോദിച്ചതുപോലെ "നിന്റെ ദൈവമെവിടെ പോയിരിക്കുന്നു" എന്ന് തങ്ങളെ നോക്കി ജനം ചോദിക്കുമോ എന്നുള്ള ഭയമാകാം ഈ തട്ടിപ്പുകൾക്ക് പിറകിൽ. എപ്പോഴും അത്ഭുതങ്ങൾ ചെയ്തുകൊണ്ട് നിൽക്കുന്ന മായജാലകാരനെപ്പോലെ യേശുവിനെ കാണുന്ന വികലമായ ആത്മീകതയ്ക്ക് നേരെയാണ്; വിടുവിച്ചില്ലെങ്കിലും ഞങ്ങൾ ഈ ദൈവത്തെ സേവിക്കുമെന്ന മുൻകാല ഭക്തന്മാരുടെ ഉറച്ച തീരുമാനങ്ങൾ വിരൽ ചൂണ്ടുന്നത്. ജനമധ്യത്തിൽ അത്ഭുതം ചെയ്യുന്ന യേശുവിന് റേറ്റിങ്ങ് കൂട്ടാൻ പാടുപെടുന്ന ആത്മീക പരിഷ്ക്കരണവാദികൾ ദൈവത്തെ വീഴാതെ താങ്ങി നിർത്താനുള്ള കഠിന ശ്രമത്തിലാണ് എന്ന് തോന്നിപ്പോകും. ദൈവത്തെ സഹായിക്കാനുള്ള ഇത്തരക്കാരുടെ അധ്വാനങ്ങൾ കാണുമ്പോൾ അസ്തോത്യരെയാണ് ഓർമ്മ വരുന്നത്. വീഴാതൊന്നു നിൽക്കാൻ പാടുപെടുന്ന ദാഗോനെ പിടിച്ചു നിർത്താൻ പാടുപെടുന്നവർ! നിവർന്നൊന്നു നിൽക്കാൻ കഴിയാതെ കവിണ്ണുവീണു കയ്യും തലയും ഉടലും തകരുന്ന ദാഗോനു തുല്യമോ നാം സേവിക്കുന്ന ദൈവം? (1 ശമുവേൽ 5:4) അതിനു സമാനമായി മഹാദൈവത്തോട് അനാദരവ് കാട്ടുന്ന തലമുറയേ.....നിങ്ങൾക്ക് ഹാ കഷ്ടം!! നിങ്ങളോ ദൈവത്തെ സംരക്ഷിക്കുന്നവർ? നമ്മുടെ വാളുകളോ ദൈവത്തിനു കാവൽ തീർക്കേണ്ടത്? നാമോ ദൈവത്തിന്റെ സംരക്ഷകർ? വാൾ ഉറയിൽ ഇടുക.... ദൈവത്തെ സഹായിക്കുവാൻ അമിതാവേശത്തിന്റെ വൈകാരിക തലങ്ങളിൽ വലിച്ചൂരുന്ന വാളുകൾ ഉറയിൽ ഇടുക!! ഈയ്യോബിന്റെ മൂന്ന് ചോദ്യങ്ങൾ ഇവിടെ പ്രസക്തമാണ്; – നീ ദൈവത്തിന്റെ മന്ത്രിസഭയിൽ കൂടീട്ടുണ്ടോ? ജ്ഞാനത്തെ നീ കുത്തക പിടിച്ചിരിക്കുന്നുവോ? ആരെങ്കിലും ദൈവത്തിന്നു ബുദ്ധിയുപദേശിക്കുമോ?.

ഭാവന

# ചെറിയാച്ചന്റെ ജൈവകൃഷി

മാടംമുക്കിലെ രമ്യഹർമ്യത്തിന്റെ പൂട്ടുകട്ട പാകിയ മുറ്റത്തുകൂടി ഉലാവുകയാണ് ചെറിയാൻ പാസ്റ്റർ. പ്രഭാതത്തിൽ മന്ദമാരുതന്റെ തലോടലേറ്റു നടക്കുമ്പോഴാണ്, മാളികയുടെ വശത്തായി ഒരുക്കിയ മഴമറ ചെറിയാച്ചന്റെ ദൃഷ്ടിയിൽപ്പെട്ടത്. "അയ്യോ ഇന്നാണല്ലോ 'സ്വർഗ്ഗഭൂമി' പത്രക്കാരു വരുന്നത്! അക്കാര്യം അങ്ങു മറന്നു പോയി". മഴമറയ്ക്കുള്ളിൽ പടർന്നു പന്തലിച്ചു കിടക്കുന്ന പയറും പാവലും തഴച്ചു വളർന്നു നിൽക്കുന്ന വെണ്ടയും ചീരയുമെല്ലാം ചെറിയാച്ചൻ പാസ്റ്ററുടെ മനസിലും കുളിർമഴ പെയ്യിച്ചു. തണ്ടുതുരപ്പനും ചാഴിയുമൊന്നുമില്ല. ഏതായാലും തലേദിവസം കീടനാശിനി അടിച്ചതിന്റെ ഗന്ധമെല്ലാം പോയി. ഭാഗ്യം! ഫാക്ടംഫോസും പൊട്ടാഷുമൊക്കെ ഇട്ടതിന്റെ തഴപ്പ് ചെടികളിൽ നന്നായിക്കാണാനുണ്ട്. ഇപ്പോഴത്തെ ട്രെൻഡ് ജൈവകൃഷിയാണല്ലോ. അതുകൊണ്ടു തന്നെ, രാസവളം ചേർക്കാതെ ജൈവവളം മാത്രം ചേർത്തുണ്ടാക്കുന്നതാണ് തന്റെ കൃഷിയെന്നു കാച്ചിയതു പൊല്ലാപ്പാകുമോ എന്തോ? പത്രക്കാരും അറിഞ്ഞു. ഇനി ജൈവകൃഷിയുടെ വക്താവാകാം. നാടോടുമ്പോൾ നടുവേ ഓടാതെ പറ്റുമോ. ചാണകവും ആട്ടിൻ കാഷ്ഠവും മൂലയ്ക്ക് കൂട്ടിയിടണമെന്നു പറഞ്ഞത് ചാക്കോച്ചൻ കൊണ്ടുവന്നോ ആവോ? ഉത്കണ്ഠയോടെ മഴമറയ്ക്കുള്ളിൽ കടന്ന ചെറിയാച്ചൻ പാസ്റ്റർക്കു സമാധനമായി. ചാക്കോച്ചൻ ഏറ്റ കാര്യം ഭംഗിയായി ചെയ്തിരിക്കുന്നു. ചാണകവും ആട്ടിൻ കാഷ്ഠവും റെഡി. ഇനി പത്രക്കാരോട് രണ്ടു വാചകം കൂടി പറയണം. അപ്പോൾ താൻ ഇറക്കിയ വിഷകൃഷി വിഷമില്ലാത്തതായി രൂപാന്തരപ്പെടും.



താൻ കള്ളം പറയുന്നെന്ന് ചിലരൊക്കെ കണ്ടുപിടിച്ചു തുടങ്ങിയിരിക്കുന്നു. സൂക്ഷിച്ചുവേണം ഓരോ ചുവടും വെയ്ക്കാൻ. മുളക്കുന്നിലെ കസേര കിട്ടുന്നതുവരെ തന്ത്രം പൊളിയാതിരുന്നാൽ മതിയായിരുന്നു. ഇപ്പോൾ തൊടുന്നതെല്ലാം പിഴയ്ക്കുവാ. മുളക്കുന്നിലെ യാക്കോബ് സാറിന്റെ പുറകെ നടക്കാൻ തുടങ്ങിയിട്ട് കാലം കുറെയായി. പുള്ളിക്കാരന്റെ അസിസ്റ്റന്റാക്കാൻ പറഞ്ഞിട്ടും മൈൻഡ് ചെയ്യുന്നില്ല. യാക്കോബിന്റെ കസേര ഇളക്കിയിട്ടായാലും മുളക്കുന്നിലെ കസേരയിൽ ഒന്നിരിക്കണം. യാക്കോബ് സാറ് വഴങ്ങുന്നില്ലെങ്കിൽ യോഹന്നാൻ സാറിന്റെയും കുഞ്ഞപ്പൻ പാസ്റ്ററിന്റെയും അവസ്ഥ ഓർത്തോളാൻ പറയണം. ചിലപ്പോൾ ഭീഷണി ഫലിച്ചേക്കാം. ഇനി മുളക്കുന്നിൽ പോകുമ്പോൾ പറയേണ്ടത് ചെറിയാച്ചൻ പാസ്റ്റർ മനസ്സിലുറപ്പിച്ചു. ഇത്തവണ സ്ഥലം മാറ്റത്തിൽ പാസ്റ്റേഴ്സ് മൊത്തം അസംതൃപ്തരാണ്. എന്റെ കുതന്ത്രങ്ങളെല്ലാം പിടിക്കിട്ടിയതുപോലാ പാസ്റ്റർമാർ പെരുമാറുന്നത്. ഭരണസമിതിയുടെ കുറിപ്പെഴുത്തു ചുമതലയുള്ളതുകൊണ്ട്, കുറെയെണ്ണത്തിനെ ഒതുക്കാൻ പറ്റി. സ്വന്തം തട്ടകമായ റാണിപുരത്ത് ഡിസ്ട്രിക്ടിലും തലപൊക്കിയവന്മാരെയെല്ലാം ഒതുക്കിക്കളഞ്ഞു. ചെറിയാച്ചന്റെ ചുണ്ടുകളിലൂടെ മന്ദസ്മിതം ഒഴുകി മറഞ്ഞു.

അയ്യോ സമയം പോവാണല്ലോ. ജൈവകൃഷിയെപ്പറ്റി പറയേണ്ടകാര്യങ്ങൾ പഠിച്ചതെല്ലാം ഒന്നുകൂടി ഒന്നോർത്തെടുക്കണം. "എടീ, മറിയാമ്മേ" ചെറിയാച്ചൻ നീട്ടി വിളിച്ചു. മറിയാമ്മ കിതച്ചും ചുമച്ചും വാതിൽക്കലെത്തി. എന്താ അച്ചായാ എനിക്കു വയ്യെന്നറിയില്ലേ" അങ്ങനെ പറഞ്ഞാലെങ്ങനാ. നീയും ഞാനും കൂടിയാണ് ഈ ജൈവകൃഷി ചെയ്തത് എന്നു പറഞ്ഞാലേ ഗമയുള്ളൂ" "ജൈവകൃഷിയോ? അതെന്തു കുന്തമാ" ഒന്നുമറിയാതെ മറിയാമ്മ വായും പൊളിച്ചങ്ങനെ നിന്നു. എന്തായാലും തന്റെ പ്രിയതമൻ എന്തോ കുബുദ്ധി പ്രയോഗിക്കാനുള്ള തയ്യാറെടുപ്പിലാണെന്നറിഞ്ഞ് ശോശാമ്മ തരളിതഹൃദയയായി വാതിൽപ്പടിയിൽ ചാരിനിന്നു. അതാ, ചാക്കോച്ചൻ വരുന്നു. ചെറിയാച്ചന്റെ സഭയിലെ പാവം ഒരാടാണ് ചാക്കോച്ചൻ. ചെറിയാച്ചന്റെ കൃഷിപ്പണി ചെയ്യുന്നൊരു പാവം. ചാക്കോച്ചനെ കണ്ടപാടെ ചെറിയാച്ചനുപദേശി പറഞ്ഞു. "ദേണ്ടെ പത്രക്കാരു വരുന്നുണ്ട്, നമ്മുടെ ജൈവകൃഷിയെപ്പറ്റി എഴുതാൻ". "നമുക്കെവിടാ ഉപദേശീ, ജൈവകൃഷി? രാസവളം ഇടാതെ ഉണ്ടാക്കുന്നതല്ലേ ജൈവകൃഷിയെന്നു പറയുന്നത്?" ചാക്കോച്ചന്റെ നിർദ്ദോഷമായ ചോദ്യം ഉപദേശിയെ രോഷാകുലനാക്കി. "പത്രക്കാരു വരുമ്പോൾ മിണ്ടാതവിടെ നിന്നോണം. കാര്യങ്ങൾ ഞാൻ പറഞ്ഞോളാം. ഇടയ്ക്കു കേറി വർത്തമാനം പറഞ്ഞേക്കരുത്" ചാക്കോച്ചൻ മിണ്ടാട്ടമില്ലാതെ നിന്നു. കാര്യം ഏതാണ്ടൊക്കെ പിടികിട്ടിയ ചാക്കോച്ചൻ തലകുലുക്കി. ആടിനെ പട്ടിയാക്കാൻ കഴിവുള്ള ചെറിയാച്ചന്റെ കുരുട്ടുബുദ്ധിയോർത്ത് ചാക്കോച്ചൻ പിന്നാമ്പുറത്തേക്കു നടന്നു നീങ്ങി.

ജൈവകൃഷിയെക്കുറിച്ചുള്ള ചിന്തകൾ മേയുന്ന തലയുമായി ചെറിയാച്ചൻ കസേരയിൽ ചാഞ്ഞിരുന്നു. ഇപ്പോളെല്ലാവർക്കും വിഷമില്ലാത്ത സാധനങ്ങൾ മതി. പച്ചക്കറിയായാലും ഉപദേശമായാലും അതുതന്നെ സ്ഥിതി. പക്ഷേ ഇതിനുവേണ്ടി ആരുമെനക്കെടാനാ? ലേബലു മാറ്റി ഒട്ടിക്കുന്നതല്ലേ നല്ലമാർഗ്ഗം? ചെറിയാച്ചന്റെ മുഖത്തു പുഞ്ചിരി മിന്നി. ശുശ്രൂഷയിലും താനിതു വിജയകരമായി ചെയ്തു വരികയാണല്ലോ. കൺവൻഷൻ സ്റ്റേജുകളും സൂക്ഷിക്കണം. ഇപ്പോൾ ദുരുപദേശക്കാരുടെ സ്റ്റേജിലെങ്ങാനും കേറിയാൽ മതി കുറെ പത്രക്കാരും എഴുത്തുകാരുമുണ്ട്; അവരു വെച്ചേക്കത്തില്ല. ഇവന്റെയൊക്കെ തലയിൽ ഇടിത്തീ വീണിരുന്നെങ്കിൽ സ്വസ്ഥമായിട്ടങ്ങു ജീവിച്ചു പോകാമായിരുന്നു. തന്റെ തന്ത്രം ഇവന്മാരാ വെളിയിലാക്കുന്നത്. തമിഴ്നാട്ടിൽ തോട്ടം വാങ്ങിയതും റാണിപുരം ടൗണിലെ ചില ബിസിനസ്സ് സംരംഭങ്ങൾ സ്വന്തമാക്കിയതും അവന്മാരറിഞ്ഞു കഴിഞ്ഞു. എറണാകുളത്തെ ഇടപാടുകളും അവന്മാരറിഞ്ഞോ എന്നൊരു സംശയമുണ്ട്. എന്തായാലും സൂക്ഷിക്കണം. വെച്ചേരിച്ചിറയിലെ പഴയ കാപ്പിക്കട ഓർമ്മയിലെത്തിയതും ഉപദേശി ഓക്കാനിച്ചു. പണ്ടു വൻ ബിസിനസായിരുന്നെന്നാ പ്രസംഗവേദിയിൽ പറഞ്ഞിരിക്കുന്നത്. ചാത്തൻകല്ലിൽ നടത്തിയ അനാഥാലയത്തിന്റെ കാര്യം ഓർത്തപ്പോൾ അറിയാതെ ഒരു നടുക്കം. പേപ്പറിൽ മാത്രമുണ്ടായിരുന്ന അനാഥശാല കൊണ്ടുവന്നതു ലക്ഷങ്ങൾ അല്ല്യോ! വിഷമില്ലാത്ത ജൈവകൃഷിയുടെ ഫലം എന്ന ലേബലിൽ വിളമ്പിയതെല്ലാം ജനം ഏറ്റെടുത്തു. പാവം ജനങ്ങൾ. ലേബൽ മാറ്റി വിൽക്കാനുള്ള കഴിവ് അവരുണ്ടോ അറിയുന്നു. "എന്റെ ദൈവമേ, ജനം സത്യം തിരിച്ചറിയും മുമ്പേ മുളക്കുന്നിലെ കസേര തന്ന് ഈ നിന്റെ ദാസനെ സഹായിക്കണേ" ചെറിയാച്ചൻ ഉള്ളുരുകി പ്രാർത്ഥിച്ചു.

09

## കാലികം

# പെന്തെക്കോസ്തുകാരെ കൈയ്യേറ്റം ചെയ്യുന്നവർ തുറന്ന ചർച്ചയ്ക്ക് തയ്യാറാകണം



സജി നെടുങ്കണ്ടം
9495669391

നാനത്വത്തിൽ ഏകത്വം എന്ന സുവിശേഷ സ്വഭാവത്തോട് ചേർന്ന് എല്ലാ ആനുകൂല്യവും പറ്റേണ്ടുന്ന ഭാരതീയൻ സ്വാതന്ത്ര്യം ലഭിച്ച് 68 വർഷം പിന്നിട്ടിട്ടും ഇവിടെ മതത്തിന്റെ പേരിൽ സ്വന്തം സഹോദരന്റെ മാറ് പിളർക്കുകയല്ലേ? മാനവകുലത്തെ മതത്തിന്റെ പേരിൽ വേർതിരിച്ച് വർഗ്ഗീയ വിഷം സിരകളിൽ കുത്തി ഇറക്കി തെരുവിൽ തല്ലി തലതകർക്കാൻ തള്ളിവിടുന്ന മതമൗലികവാദികൾ സാഹോദര്യത്തിന് അപ്പുറം സ്വാർത്ഥമതികളാകുന്നു. ജാതി, മത, വർണ്ണ, വർഗ്ഗത്തിന്റെ പേരിൽ തെരുവിൽ പരസ്പരം തല്ലി ചാകുന്ന സഹോദരവർഗ്ഗം ഒരേ ഗർഭപാത്രത്തിൽ നിന്ന് ഇവിടെ പിറന്നവരാണ്. ഇവരുടെ രക്തത്തിന് ഒരേ നിറമല്ലേ? ദൈവം സൗജന്യമായി നൽകിയ ജീവവായുവിൽ സവർണ്ണന്റെയോ അവർണ്ണന്റെയോ നിലവാരത്തിനൊത്ത് നിറമാറ്റമുണ്ടോ? മതത്തിന്റെ പേരിൽ തെരുവിലെ തിരക്കിൽ ഒരമ്മ പെറ്റ മക്കൾ എന്തിന് തലതല്ലിചാകണം. ഇൻഡ്യൻ ഭരണഘടന വിഭാവനം ചെയ്തിട്ടുള്ള മതസാതന്ത്ര്യം ഹനിക്കപ്പെടുന്നതിനാലാണ് പല മതത്തിൽ പെട്ടവരുടെ രക്തം തെരുവിൽ തളം കെട്ടിക്കിടക്കുന്നത്. ഈവിധ കറുത്തരാത്രികൾ സൃഷ്ടിക്കുന്ന മതത്തിന്റെ വക്താക്കൾ സ്നേഹത്തിന്റെ മാർഗ്ഗം അണികളെ പഠിപ്പിക്കുക. എന്റെ അമ്മ പെറ്റമകനാണ് അപ്പുറത്തെ ദേവാലയത്തിൽ ആരാധിക്കുന്നത് എന്ന സാഹോദര്യസത്യം ദൈവസ്നേഹത്തിന്റെ മറവിൽ മറ്റുള്ളവർക്ക് പകർന്നുകൊടുക്കണം. തെരുവിൽ ചൊരിഞ്ഞരക്തം അരിച്ചെടുത്താൽ ഒരു പക്ഷേ ഗർഭപാത്രത്തിന്റെ ജാതീയ ലിസ്റ്റ് അക്കമിട്ട് നിരത്താൻ കഴിയും. ആ ചോരയിൽ അലിഞ്ഞിരിക്കുന്ന ജാതീയ ചിന്ത മത മൗലികവാദികൾ നൽകിയ സമ്മാനമല്ലേ?

രാഷ്ട്രീയ ഭരണരംഗത്ത് വർഗ്ഗീയ ശക്തികൾ പിടിമുറക്കുന്നതിനാൽ സർവ്വർക്കും ലഭിക്കേണ്ട സാഹോദര്യം തെരുവിലോരോ മൂലയിലും തച്ചുടയ്ക്കപ്പെടുന്നു. ക്രിസ്തുമാർഗ്ഗം സ്നേഹത്തിന്റെ മാർഗ്ഗമാണ്. ക്രിസ്തുശിഷ്യൻ ഓരോ നാളും സഹനത്തിന്റെ പാതയിൽ സഞ്ചരിക്കുന്നു. വാൾ ഉറയിൽ ഇടുക എന്ന് സ്വന്തം ശിഷ്യഗണത്തെ പഠിപ്പിച്ച ഏകഗുരു മനുഷ്യകുലത്തിന്റെ രക്ഷയ്ക്കായി പാരിൽപ്പിറന്ന യേശു മാത്രമാണ്. അവിടുത്തെ സന്ദേശം മാനവകുലത്തിന്റെ രക്ഷയ്ക്കായി പാരിൽപ്പിറന്ന യേശു മാത്രമാണ്. ആ സന്ദേശത്തിൽ ജാതിയുടെയോ മതത്തിന്റെയോ മണമോ ഗുണമോ ഇല്ല. പാപത്തിൽ നിന്നുള്ള സാതന്ത്ര്യം മരണത്തിനപ്പുറം നിത്യജീവൻ ഇത് ഏതൊരു മതത്തിൽപ്പെട്ടവനും ഒഴിച്ച് കൂടാൻ പറ്റാത്തതാണ്. ഇന്ത്യയിൽ പിടിമുറുക്കിയ വർഗ്ഗീയ ശക്തികൾ നൂനപക്ഷ സമൂഹത്തെ തച്ചുടയ്ക്കാൻ ശ്രമം തുടങ്ങിയിട്ട് നാളുകളായി. രാഷ്ട്രത്തിനുവേണ്ടി മൂല്യമുള്ള പൗരൻമാരെ വാർത്തെടുത്ത് സമ്മാനിക്കുന്ന ആയുധത്തിന്റെ പുറംച്ചട്ടപോലും കൈവശം ഇല്ലാത്ത ഈ പെന്തെക്കോസ്തു സമൂഹത്തെ സുവിശേഷവിരോധികൾ ക്രൂരമായി തല്ലിചതയ്ക്കുന്നു. നിർബന്ധിച്ച് മതപരിവർത്തനം നടത്തുന്നു എന്നതാണ് ഇവർക്കുമേലുള്ള ആരോപണം. ക്രിസ്തുവിന്റെ സന്ദേശം ഉള്ളതുപോലെ ഗ്രഹിച്ചാൽ മതപരിവർത്തനമല്ല മനഃപരിവർത്തനമാണ് ഇവിടെ നടക്കുന്നത് എന്ന് മനസിലാകും. അത് ഒരിക്കലും നിർബന്ധത്താലുമല്ല. രാഷ്ട്രത്തിനുവേണ്ടിയും ഭരണകർത്താക്കൾക്കുവേണ്ടിയും തികഞ്ഞ ആത്മാർത്ഥതയിൽ പ്രാർത്ഥിക്കുന്ന ഏക സമൂഹം പെന്തെക്കോസ്തുകാരാണ്. ഈ സത്യം തിരിച്ചറിയാൻ ഞങ്ങളുടെ ഹൈന്ദവ സഹോദരങ്ങൾ താമസിക്കരുത്. അനാചാരങ്ങളും ക്രൂരതയും നടമാടിയിരുന്ന ഭാരതമണ്ണിൽ ക്രിസ്ത്യൻ മിഷണറിമാർ നൽകിയ സംഭാവനകൾ ഇവിടുത്തെ ഹൈന്ദവ സഹോദരങ്ങൾ മനപ്പൂർവ്വം മറക്കരുത്. ജാതി മതഭേദമെന്യേ മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരെ പ്രാർത്ഥനയുടെയും ഉപദേശത്തിന്റെയും പാതയിലൂടെ ഞങ്ങൾ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കുകയാണ് ചെയ്യുന്നത്. രാഷ്ട്രത്തിന്റെ നന്മയ്ക്കായി ക്രിയാത്മകമായി പ്രവർത്തിക്കുന്ന ഒരേ ഒരു സമൂഹം ക്രിസ്തുവിന്റെ ഉപദേശം ഉയർത്തിപ്പിടിക്കുന്ന ഈ പെന്തെക്കോസ്തുകാരാണ്. ഒരു മേശയ്ക്ക് ചുറ്റും ഇരുന്ന പരസ്പരം ചർച്ച ചെയ്താൽ തെറ്റിദ്ധാരണകൾ തുടച്ചുനീക്കാം. വാളും, മുളവടിയും വലിച്ചെറിയാം. ഒരു അപ്പന്റെ മക്കൾ എന്തിന് സ്വന്തം സഹോദരനെ തെരുവിൽ തല്ലിക്കൊല്ലുന്നു.

സ്വതന്ത്രഭാരതത്തിൽ നീതി നിഷേധിക്കപ്പെടുന്ന ഒരെ ഒരു കൂട്ടർ പെന്തെക്കോസ്തുകാരാണ്. ആറ്റിങ്ങലും കുന്നംകുളത്തും ഒടുവിൽ കാസർകോട്ടും ഞങ്ങളുടെ സഹോദരന്മാരെ ക്രൂരമായി ഉപദ്രവിച്ചിട്ടും ഇവിടുത്തെ അധികാരികൾ നിഷ്ക്രിയരായി നിലകൊണ്ടു. വാഹനങ്ങൾ തല്ലിതകർത്ത് തീ ഇട്ട് ചുട്ടിട്ടും ആരാധന ആലയങ്ങൾ അടിച്ച് തകർത്തിട്ടും ഇവിടുത്തെ ഭരണകൂടം വേണ്ടതുപോലെ പ്രവർത്തിച്ചില്ല നിയമനടപടികൾ സ്വീകരിച്ചില്ലാ എന്നും പരക്കെ ആക്ഷേപമുണ്ട്. ജൂലൈ രണ്ടിന് സെക്രട്ടറിയേറ്റുപടിക്കൽ പെന്തെക്കോസ്തു കൗൺസിൽ ഓഫ് ഇന്ത്യയുടെ നേതാക്കന്മാർ നടത്തിയ പൊതുയോഗം ഭരണകൂടത്തിന്റെ കണ്ണ് തുറപ്പിക്കേണ്ടതിനു വേണ്ടി ആയിരുന്നു. സ്നേഹസന്ദേശവാഹകരായ ഞങ്ങളുടെ സഹോദരങ്ങൾ തെരുവിൽ അടിയേറ്റു വീഴുമ്പോൾ ഭരണാധികാരികളുടെയും അധികാരികളുടെയും ഈ നിസംഗതയിൽ ഞങ്ങൾക്ക് ആശങ്കയുണ്ട്. പ്രാർത്ഥിക്കുന്ന ഈ സമൂഹം കാര്യം ദൈവത്തിൽ ഭരമേൽപ്പിച്ചിരിക്കുന്നു. തെരുവിൽ ഇറങ്ങാൻ താല്പര്യം ഇല്ലാത്ത ഈ ജനതയെ തെരുവിൽ ഇറക്കാൻ ആരും നിർബന്ധിക്കരുത്.

---

## കണ്ടതും കേട്ടതും

# 'വാട്സ് ആപ് ചിന്തകൾ', 'പലരും പലതും' പിന്നെ അല്പം താടിമീശക്കാര്യവും

ജയ്മോഹൻ അതിരുങ്കൽ, 9567759748

'വാട്സ് ആപ്' എന്ന ആധുനിക മാധ്യമത്തിലൂടെ അയച്ച സന്ദേശങ്ങൾ പുസ്തക രൂപത്തിലാക്കിയതാണു 'വാട്സ് ആപ് ചിന്തകൾ'. ഷാർലറ്റ് പി. മാത്യുവാണ് ഈ പുസ്തകത്തിന്റെ എഴുത്തുകാരൻ ജോൺസൺ & ജോൺസൺ ഉൾപ്പെടെയുള്ള ബഹുരാഷ്ട്ര കമ്പനികളിൽ ഉദ്യോഗസ്ഥനായിരുന്ന സഹോദരൻ ഷാർലറ്റ്, ഉത്സാഹിയായ ഒരു യുവജനപ്രവർത്തകനുമാണ്. ഐസിപിഎഫ്-ന്റെ പ്രവർത്തനങ്ങളിലൊക്കെ സജീവവുമാണ്. ഈ പുസ്തകത്തിനുവേണ്ടി കുറെ കാർട്ടൂണുകൾ ഞാൻ വരച്ചിട്ടുമുണ്ട്. ദൈവഹിതം തിരിച്ചറിയേണ്ടതിനും കുറവുകൾ മനസ്സിലാക്കുന്നതിനും 'വാട്സ് ആപ് ചിന്തകളു'ടെ വായന നമ്മെ സഹായിക്കും.... യുവജനങ്ങൾക്കായിരിക്കും ഈ പുസ്തകം കൂടുതൽ പ്രയോജനപ്പെടുന്നതെന്നു തോന്നുന്നു. എന്തായാലും 'വാട്സ് ആപ് ചിന്തകൾ' ഒരു നഷ്ടമല്ലെന്നു പറയാൻ കഴിയും.

അടുത്തതായി എഴുതുന്നതു 'പലരും പലതും' എന്ന പുസ്തകത്തെപ്പറ്റിയാണ്. പേരു സൂചിപ്പിക്കുന്നതുപോലെ പല വസ്തുതകളും പല വ്യക്തികളുമാണ് ഈ പുസ്തകത്തിലെ പരാമർശം. റ്റെലിഫോൺ, അലക്സാണ്ടർ ഗ്രഹാംബെൽ....എന്നിങ്ങനെയാരംഭിച്ച് ഒടുവിൽ ബൈബിളിലെത്തുന്ന ഈ പുസ്തകം, നിരവധി വിവരങ്ങളുടെ ഒരു കലവറയാണ്. സാധു സുന്ദർസിങ്ങും കൊച്ചൂഞ്ഞുപദേശിയും മേഫ്ളവറും റ്റൈറ്റാനിക്കും ഇതിലുണ്ട്. ഗുണ്ടർട്ടും ഗുട്ടൻബർഗും റൈറ്റ് സഹോദരന്മാരും അവരുടെ വിമാനവും കൂനൻ കുരിശു സത്യവും കാറ്റാകോമ്പ്സും ഇതിൽ വായിക്കാം. സഭാചരിത്രത്തിലെയും ലോകചരിത്രത്തിലെയും കൗതുകകരമായ വസ്തുതകൾ നിരത്തിവെച്ചിരിക്കുന്ന 'പലരും പലതും' മുഷിച്ചിലില്ലാതെ വായിച്ചുപോകാവുന്ന ഒരു പുസ്തകമാണ്. 'ജേണലി'ന്റെ വായനക്കാർക്കു പരിചിതനായ എഡിസൻ തോമസ് വേങ്ങൂരാണ് ഇതിന്റെ എഴുത്തുകാരൻ. മാത്രമല്ല, എഡിസൻ സാർ എന്റെ അദ്ധ്യാപകനുമാണ്.




കാശു കൊടുത്തു പുസ്തകം വാങ്ങാത്ത, പുസ്തകങ്ങളൊക്കെ സൗജന്യമായി ലഭിക്കണമെന്നാഗ്രഹിക്കുന്ന നമ്മളോട് ഇതൊക്കപ്പറഞ്ഞിട്ടു കാര്യമുണ്ടോയെന്ന ചിന്തയുമില്ലാതില്ല.

പത്രത്തിന്റെ വരിസംഖ്യ മുടങ്ങാതെ കൊടുക്കും. കേബിൾ റ്റിവിയുടെ മാസവരിയും കൊടുക്കും. പാലും ഇറച്ചിയും മീനുമെല്ലാം മടി കൂടാതെ കാശു ചെലവാക്കി വാങ്ങും. ഒരാഴ്ച മാത്രം ആയുസ്സുള്ള കല്യാണക്കുറി കെങ്കേമമായി അച്ചടിക്കും (ഇംഗ്ലിഷിൽ കുറിയടിച്ചിട്ട്, മലയാളത്തിൽ ക്ഷണിക്കും). കടം വാങ്ങിച്ചു നടത്തുന്ന കല്യാണമാണെങ്കിലും ബിഎംഡബ്ല്യൂ, ഔഡി തുടങ്ങിയ കാറുകളിലൊക്കെയാണു പെണ്ണും ചെറുക്കനും പോകുന്നത് (ഇന്നോവയേ, എറ്റിയോസേ, സ്വിഫ്റ്റേ, നിങ്ങൾക്ക് അയ്യോ കഷ്ടം! നിങ്ങളിലിരുന്നു കല്യാണയാത്ര ചെയ്തവർക്ക് ഇപ്പോൾ നിങ്ങളെ വേണ്ടാതായി). പക്ഷേ പുസ്തകത്തിന്റെ കാര്യം വരുമ്പോൾ സ്ഥിതി മാറും. ഇൻഡ്യയിലായാലും വിദേശത്തായാലും കാശു കൊടുക്കാതെ 'ഓസി'നു പുസ്തകം കിട്ടണമെന്ന മനോഭാവമാണു മിക്കവർക്കും (ചിലർക്കെങ്കിലും). ഒരു പുസ്തകമിറങ്ങിക്കഴിയുമ്പോൾ എത്രമാത്രം ബുദ്ധിമുട്ടും ഉറക്കിളപ്പും പണച്ചെലവുമാണ്. അതിനു പിന്നിലുള്ളതെന്ന് ഇവരൊന്നുമറിയുന്നില്ല!

ഇത്രയും നേരം പുസ്തകങ്ങളെക്കുറിച്ചെഴുതി. ഇനി താടിമീശയെക്കുറിച്ചെഴുതാം. ലേഖകൻ പത്തുപതിനാറു വർഷം താടിമീശ വളർത്തിയിരുന്നു. പെട്ടെന്നങ്ങു നരച്ചപ്പോൾ അല്പം സങ്കടമുണ്ടായി. എന്നെക്കാൾ സങ്കടപ്പെട്ടത് എന്റെ വീട്ടുകാരായിരുന്നു. അവരിൽ ചിലർ വിദേശത്തുനിന്നു വന്നപ്പോൾ 'ഡൈ' കൊണ്ടുത്തന്നു. ഒന്നും ഞാനുപയോഗിച്ചില്ല. അത്യാവശ്യക്കാർക്കു കൊടുത്തു. ഷേവിങ്ങ് അലർജിയുള്ളതുകൊണ്ട്, ഒരു ട്രിമ്മർ വാങ്ങി താടിമീശ നീക്കം ചെയ്തു. ചിലർ പറയുന്നത് ഇപ്പോൾ പത്തു വയസ്സു കുറഞ്ഞതുപോലെ തോന്നുന്നെന്നാണ്, മറ്റു ചിലർക്കു താടിമീശയുള്ള ജയ്മോഹനെയാണു താത്പര്യം.

ചില ആഴ്ചകൾക്കുമുമ്പ് എറണാകുളത്തുള്ള ഒരു സഭയിൽ ഞായറാഴ്ച പോയി (ഒരാളെ കാണാൻ പോയതാണ്; പ്രസംഗിക്കാനല്ല). അര മുക്കാൽ മണിക്കൂർ 'പ്രെയ്സാൻവർഷിപ്പ്' ആയിരുന്നു. നിന്നു നിന്നു കാലു കഴച്ച ചിലരെങ്കിലും നേരത്തെ ഇരുന്നു. ഇരുന്നാൽ കൊള്ളാമെന്നുണ്ടായിരുന്നെങ്കിലും, മറ്റുള്ളവർ കണ്ടാൽ എന്തു വിചാരിക്കുമെന്ന ആശങ്ക മൂലം ഇരുന്നില്ല. പിന്നെ പാട്ടൊന്നുമില്ലാത്തതിനാലാകാം നിർത്തിയതെന്നു തോന്നുന്നു. അവിടെയൊരു സഹോദരൻ ഗൾഫിൽനിന്നു വന്നിരുന്നു (ആ സഭാംഗമല്ല; പക്ഷേ അവിടെ ചിലർക്ക് അദ്ദേഹം പരിചിതനാണ്. ഗൾഫിൽ ഒരു സഭ നടത്തുന്നുണ്ട്, ഒപ്പം ബിസിനസുമുണ്ട്).

അദ്ദേഹം പ്രസംഗിക്കാനെഴുന്നേറ്റു. കോടാലി ഊരി വെള്ളത്തിൽ വീണ ഭാഗം വായിപ്പിച്ചു. കോടാലിയെക്കുറിച്ചോ കോടാലിക്കൈയെക്കുറിച്ചോ ഒന്നും പറഞ്ഞില്ല! പ്രെയ്സാൻ വർഷിപ്പ് നടത്തിയ ഊശാൻ താടിക്കാരനെ പരാമർശിച്ചു പറഞ്ഞു: "ഞങ്ങളുടെ സഭയിൽ ഇങ്ങനെ താടിമീശവെച്ചവരെ ആരെയും കയറ്റത്തില്ല. ക്യൂട്ടെക്സ് പുരട്ടി വന്നവരെ പുറത്താക്കി". കഴിഞ്ഞല്ലോ കഥ! സാക്ഷ്യം പറയാനെഴുന്നേറ്റ ചിലർ അയാളെ പരസ്യമായി വധശിക്ഷയ്ക്കു വിധിച്ചുകളഞ്ഞു! "ഔട്ട്ലേഡ് അപ്പിയറൻസല്ല കാര്യ'മെന്നൊക്കെപ്പറഞ്ഞ്, അവർ ആ ദൈവാലോചന വൃഥാവാക്കി. അനസ്തേഷ്യ കിട്ടിയതുപോലെ

08

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 08, ISSUE 14

BELIEVERS JOURNAL

PUBLISHED ON 25/07/2015

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Posted at RMS Thiruvalla

Annual Sub.
₹ 150

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17

ലേഖനം

# സോഷ്യൽ മീഡിയാ ചങ്ങാത്തങ്ങൾക്കു നിയന്ത്രണം ആവശ്യം



ഷൈജു തോമസ് ഞാറയ്ക്കൽ
9447313709



ദൃശ്യമാധ്യമങ്ങളും വിവരവിനിമയ സാങ്കേതികതയും തുറന്നിട്ട അതിരുകളില്ലാത്ത സാംസ്‌കാരിക അധിനിവേശം ധാർമികമായ പലതിന്റേയും നിർവചനങ്ങളെ നിഷ്‌ക്കരുണം പൊളിച്ചെഴുത്ത് നടത്തുന്ന പുതു യുഗത്തിൽ കേരളത്തിന്റെ മാറി വരുന്ന സാംസ്‌കാരിക നിലവാരത്തിന്റെ വ്യക്തമായ പ്രതിഫലനം സോഷ്യൽ മീഡിയായിലും കാണാം. സാങ്കേതിക വിദ്യയുടെ കുതിച്ചു ചാട്ടത്തിന് പ്രചുര പ്രചാരം നേടിയ നൂറ്റാണ്ടിൽ കമ്പ്യൂട്ടറും ഇന്റർനെറ്റും മൊബൈൽ ഫോണുമൊക്കെ ആശയ വിനിമയത്തിനായി മാറ്റി നിർത്തുവാൻ കഴിയാത്ത വിധം അത് നിത്യജീവിതത്തിന്റെ ഭാഗമായി മാറി കഴിഞ്ഞു. അതിവേഗത്തിൽ ഭൂലോകത്തെ ഒരു കുടക്കീഴിൽ കൊണ്ടുവരും വിധം സ്മാർട്ട് ഫോണുകളിലെ ഇന്റർനെറ്റ് സൗകര്യത്തിന് വിഷയമല്ലാതായിരിക്കുന്നു. ഇന്റർനെറ്റ് വ്യാപകമായതോടെ ലോകത്തുള്ള സകല കാര്യങ്ങൾക്കും സോഷ്യൽ മീഡിയകളെ ആശ്രയിക്കുന്നവരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവാണ് സംഭവിക്കുന്നത്. ചുരുങ്ങിയ കാലം കൊണ്ട് യുവതലമുറ ആവേശപൂർവ്വം നെഞ്ചിലേറ്റിയവയാണിവ. എന്നാൽ ഇന്റർനെറ്റിലെ ചില ചതിക്കുഴികൾ മനസ്സിലാക്കാതെ പലരും വഞ്ചിതരാകുന്നുണ്ടെന്നുള്ളതാണ് സത്യം. വർത്തമാനകാലത്തെ സോഷ്യൽ മീഡിയ ഫേസ് ബുക്കും, ടിറ്ററും, യൂ ട്യൂബും, ബ്ലോഗുമെല്ലാമാണ്. കമ്പ്യൂട്ടറിലൂടെ മാത്രമല്ല മൊബൈൽ ഫോണിലൂടെയും ഈ സംവിധാനം ഉപയോഗിക്കാൻ കഴിയും എന്നായപ്പോൾ നാടിന്റെ ചുവരെഴുത്തായി സോഷ്യൽ മീഡിയകൾ മാറി. സർഗാത്മകതയും സംവേദനവും പങ്കുവയ്ക്കലും പരസ്യമായിത്തുടങ്ങി. മലയാളിക്കും ചുറ്റുമുള്ളവർക്കും പിന്നീട് ഒന്നും ഒളിച്ചുവയ്ക്കാനോ വളച്ചൊടിക്കാനോ കഴിയാതെ വന്നു. എന്തിനും ഏതിനും അഭിപ്രായം പറയാനും ചോദ്യം ചെയ്യാനുമുള്ള സ്വാതന്ത്ര്യം ഇത്തരം ചുമരെഴുത്തുകളിലൂടെ പുറംലോകമറിഞ്ഞു തുടങ്ങി. കമന്റുകളും ലൈക്കുകളും ഷെയർ ചെയ്യപ്പെടലുകളും അതിർവരമ്പുകളുടെ എല്ലാ നിയമങ്ങളും ലംഘിച്ചുകൊണ്ടാണ് വർത്തമാനകാലത്തു മുന്നോട്ടു പോകുന്നത്. ഇന്റർ നെറ്റിന്റെ അമിത ഉപയോഗം ക്രമേണ നമ്മുടെ തലച്ചോറുകളെ മലീമസപ്പെടുത്തി മലയാളിയെ മാനസിക രോഗിയാക്കിയെന്നു തന്നെ പറയാം. റേഡിയോയും ടെലിവിഷനും നമ്മുടെ വീടിന്റെ പൂമുഖങ്ങളെ ആഡംബരമാക്കിയിരുന്ന ഭൂതകാലത്തിൽ നിന്നും കംപ്യൂട്ടറിന്റെയും ഇൻറർനെറ്റിന്റെയും വരവോടെ നമ്മൾ കുറേക്കൂടി ആഢ്യത്വമുള്ളവരായി അഭിനയിച്ചു തുടങ്ങി. പിന്നീട് വാട്സ് അപ്പും ഫെയ്സ്ബുക്കും ടിറ്ററുമായി ലോകം കൈക്കുമ്പിളിൽ എത്തിക്കുകയായിരുന്നു. ഇവിടെ നിന്നാണ് എവിടെക്കെയോ ഉണ്ടായിരുന്ന സാംസ്കാരികവും സർഗാത്മകവുമായ ചിലതിന്റെ വെളിച്ചം കുറേശെ മങ്ങിത്തുടങ്ങിയത്. മൂന്നരക്കോടി കേരളീയരിൽ 70%ത്തിനു മേലെയാണ് സോഷ്യൽ നെറ്റ്‌വർക്കിൽ അംഗത്വമുള്ളവർ. ഇതിൽ സജീവമായി ഉള്ളവർ 50% വരും. സ്കൂൾ കുട്ടികൾക്കു മുതൽ വൃദ്ധർക്കു വരെ ഇന്നു സോഷ്യൽ മീഡിയകളിൽ അക്കൗണ്ട് ഉണ്ട് എന്നതാണ് യാഥാർത്ഥ്യം.

സോഷ്യൽ മീഡിയയിൽ വലിയ മുന്നേറ്റമാണ് 2004 ഫെബ്രുവരിയിൽ ഹാർവാർഡ് യൂണിവേഴ്സിറ്റി വിദ്യാർഥികളായ മാർക്സ് സുക്കർബർഗ്, എഡ്വാസോ സാവറിൻ, ഡസ്റ്റിൻ മോസ് കോവിറ്റ്സ്, ക്രസ്ഹ്യൂഹ്സ് എന്നിവർ ചേർന്ന് ഫേസ്ബുക്ക് ആരംഭിച്ചപ്പോൾ ഉണ്ടാക്കിയത്. ഫേസ്ബുക്കിന്റെ വരവോടെ ലോകം മറ്റൊരു ദിശയിലേക്ക് നീങ്ങി സോഷ്യൽ മീഡിയയിൽ വലിയ മുന്നേമായി മാറി ഫെയ്സ്ബുക്ക്. ഫെയ്സ്ബുക്ക് ഒരു രാജ്യമായിരുന്നുവെങ്കിൽ ജനസംഖ്യ വെച്ച് ചൈനക്കും ഇന്ത്യക്കും പിറകിൽ 80 കോടി ആളുകളുള്ള മൂന്നാമത്തെ രാജ്യമായി അത് അറിയപ്പെട്ടേനെ എന്നാണ് 'ടൈം മാഗസിൻ' ഉൾപ്പടെയുള്ള മാധ്യമങ്ങൾ വിശേഷിപ്പിക്കുന്നത്. സെക്കന്റിൽ ലക്ഷം പേർ സന്ദർശിക്കുന്ന വേദിയാണ് ഫെയ്സ്ബുക്ക്. ഒരു മിനുട്ടിൽ അറുപത് ലക്ഷം പേർ ഫെയ്സ്ബുക്ക് ലോഗിൻ ചെയ്ത് തങ്ങളുടെ 'കൂട്ടുകാരു'മായി ആശയ വിനിമയം നടത്തുന്നു. അവിടെ ലൈക്കടിക്കുന്നവരുടെ എണ്ണമാകട്ടെ മിനുട്ടിൽ മൂന്ന് ലക്ഷവും. മൈക്രോ ബ്ളോഗിംഗ് സൈറ്റായ ടിറ്ററിൽ വന്ന് നിറയുന്ന ടീറ്റുകളുടെ എണ്ണം മിനുട്ടിൽ ഒരു ലക്ഷത്തിൽ അധികമാണ് പോലും. മാത്രവുമല്ല ഓരോ മിനുട്ടിലും ചുരുങ്ങിയത് 32 പേരെങ്കിലും ടിറ്ററിൽ പുതുതായി വന്നുചേരുകയും ചെയ്യുന്നു. ഫോട്ടോ ഷെയറിംഗ് സൈറ്റായ ഫ്ളിക്കറിൽ മിനുട്ടിൽ വന്നുനിറയുന്ന ഫോട്ടോകളുടെ എണ്ണം മൂവായിരത്തിൽ അധികമാണ്. അപ്ലോഡ് ചെയ്യപ്പെടുന്ന ഫോ

07

അനുസ്മരണം

# സ്വജനത്തിന് ഗുണകാംക്ഷി

**കഴിഞ്ഞ ദിവസം നിര്യാതനായ പി. സി. ഐ. നാഷണൽ ട്രഷറർ ബ്രദർ മോൻസി മാങ്കുളങ്ങരയെ പി. സി. ഐ. നാഷണൽ വൈസ് പ്രസിഡന്റ് പാസ്റ്റർ കെ. എ. ഉമ്മൻ അനുസ്മരിക്കുന്നു**



പാസ്റ്റർ കെ. എ. ഉമ്മൻ
(പി. സി. ഐ. വൈസ് പ്രസിഡന്റ്)




മോൻസി മാങ്കുളങ്ങരയുമായുള്ള എന്റെ പരിചയവും ബന്ധവും വർഷങ്ങൾക്കപ്പുറം തുടക്കം കുറിച്ചതാണ്. അതിനു മുഖാന്തരമായത് മോൻസിയുടെ സഹോദരിയുടെ (ലിസ്സി) ഭർത്താവ് കുവൈറ്റിലുള്ള പ്രിയ സഹോദരൻ രാജൻ പീറ്ററാണ്. കൂടാതെ, ഞങ്ങൾ തിരുവല്ലയിൽ താമസമായതു മുതൽ ചർച്ച് ഓഫ് ഗോഡ് സ്റ്റേഡിയം സഭയുമായി ബന്ധപ്പെട്ടു നിൽക്കുന്നതിനാൽ, രണ്ടു പതിറ്റാണ്ടോളമായി മോൻസിയും കുടുംബവുമൊരുമിച്ച് ആത്മീക കൂട്ടായ്മ പങ്കിടുവാനും സാധിച്ചുപോന്നു.

2005 ഡിസംബറിൽ പിസിഐയുടെ ആഭിമുഖ്യത്തിൽ തിരുവല്ലയിൽ നടന്ന മെഗാ കൺവൻഷനോടുള്ള ബന്ധത്തിലാണ് ഞാനും മോൻസിയും അതിലെ സജീവാംഗങ്ങളായി തീർന്നത്. അന്ന് പിസിഐ ഏല്പിച്ച എല്ലാ ഉത്തരവാദിത്വങ്ങളും അർപ്പണമനോഭാവത്തോടും ചുറുചുറുക്കോടും കൂടെ മോൻസി നിർവ്വഹിച്ചു എന്നതിന് ഞങ്ങൾ എല്ലാവരും സാക്ഷികളായിരുന്നു. തന്റെ കഴിവും ആരോഗ്യവും എല്ലാം ആ കൺവൻഷന്റെ വിജയത്തിനായി പ്രയോജനപ്പെടുത്തി. അധികം നാളുകൾ കഴിയുന്നതിനു മുൻപ് തന്നെ പിസിഐയുടെ നാഷണൽ ട്രഷററായി താൻ നിയമിതനായി.

പിസിഐയുടെ സാമ്പത്തികം കൈകാര്യം ചെയ്യുന്ന ഒരു ട്രസ്റ്റി മാത്രമല്ലായിരുന്നു പ്രിയ മോൻസി. പ്രത്യുത, കേരളത്തിനകത്തും പല പുറത്തും ദീർഘദൂര യാത്രകൾ നടത്തുകയും പല പുതിയ യൂണിറ്റുകൾ രൂപീകരിക്കുകയും ചെയ്യുവാൻ മറ്റുള്ളവരോടൊപ്പം നിസ്തുല്യമായ പങ്ക് താൻ വഹിച്ചിട്ടുണ്ട്. ഇത്തരുണത്തിൽ ചെന്നൈ പിസിഐ യൂണിറ്റിന്റെ കാര്യം എടുത്തു പറയേണ്ടതായിട്ടുണ്ട്. അതിന്റെ തുടക്കത്തിനും വിശാലതയ്ക്കും പിന്നിൽ മോൻസിയുടെ പരിശ്രമം വലുതായിരുന്നു.

പിസിഐയുടെ പത്താം വാർഷിക സമ്മേളനത്തിൽ സാമ്പത്തിക ഞെരുക്കമുള്ള കുടുംബത്തിൽപ്പെട്ട ചില പെൺകുഞ്ഞുങ്ങൾക്ക് വിവാഹസഹായമായി നൽകിയത് തന്റെ സ്വന്തപ്പെട്ടവരിൽ നിന്നും മോൻസി സമാഹരിച്ച തുകയായിരുന്നു.

1996ൽ ചർച്ച് ഓഫ് ഗോഡ് തിരുവല്ല ഡിസ്ട്രിക്ട് സെക്രട്ടറിയായി ആണ് മോൻസി ആത്മീക രംഗത്ത് പ്രവർത്തിച്ചു തുടങ്ങിയത്. തുടർന്നു വിവിധ മേഖലകളിൽ സജീവസാന്നിധ്യമായിരുന്നു. ഡിസ്ട്രിക്ട് ട്രഷറാർ, സ്റ്റേറ്റ് ബോർഡ് ട്രഷറാർ, സംയുക്ത വി. ബി. എസ്. ഓർഗനൈസർ, ജനറൽ കോർഡിനേറ്റർ, മണലാടി കുടുംബയോഗം സെക്രട്ടറി തുടങ്ങി വിവിധ സ്ഥാനങ്ങളിൽ സജീവമായി പ്രവർത്തിച്ചുവരികയായിരുന്നു. താൻ അംഗമായ തിരുവല്ല സ്റ്റേഡിയം സഭയുടെ വളർച്ചയ്ക്കായും സഭാഹാൾ നിർമ്മാണത്തിനായും അഹോരാത്രം അദ്ധ്വാനിച്ച മോൻസി, താൻ ഉൾപ്പെട്ട മേഖലകളിലെല്ലാം തനതായ വ്യക്തിമുദ്ര പതിപ്പിച്ചു. ചർച്ച് ഓഫ് ഗോഡ് കൺവൻഷൻ സ്റ്റേഡിയം പുനരുദ്ധാരണം, സ്റ്റേഡിയത്തിലേക്കുള്ള റോഡിന്റെ നവീകരണം എന്നിവയിലും മോൻസി വളരെയധികം ഉത്സാഹിച്ചു.

2015 ഏപ്രിൽ മാസത്തിൽ പിസിഐയുടെ ആഭിമുഖ്യത്തിൽ നടത്തിയ യെരുശലേം യാത്രയ്ക്കു ക്രമീകരണങ്ങൾ ചെയ്തതും നേതൃത്വം നൽകിയതും പ്രിയ മോൻസി ആയിരുന്നു. വിജയകരമായി തീർന്ന ആ യാത്രയിൽ പങ്കെടുത്ത ഏവരുടെയും മനസ്സുകളിൽ അടുത്ത നാളുകളിലൊന്നും മായാതെ നിൽക്കുന്ന ഒരു ചിത്രം ഉണ്ടായിരിക്കും. പിസിഐയോടുള്ള ബന്ധത്തിൽ ഒരു നല്ല സംഘാടകൻ, കൂട്ടുപ്രവർത്തകർക്ക് ഒരു നല്ല സ്നേഹിതൻ, വ്യക്തിപരമായി പറഞ്ഞാൽ പിതൃതുല്യം എന്നെ സ്നേഹിച്ച ഒരു ഇളയ സഹോദരൻ, അതായിരുന്നു മോൻസി. അദ്ദേഹത്തിന് ഇപ്രകാരം ഒരു യാത്രാമൊഴി ഇപ്പോൾ പറയേണ്ടിവരുമെന്ന് സ്വപ്നേന ചിന്തിച്ചതല്ല. എങ്കിലും അതു സംഭവിച്ചു. തന്റെ വിടവാങ്ങൾ തന്റെ കുടുംബത്തിനും ദൈവസഭയ്ക്കും, പിസിഐ എന്ന പ്രസ്ഥാനത്തിനും ഒരു വലിയ നഷ്ടം തന്നെ. ദൈവഹിതത്തെ ചോദ്യം ചെയ്യുവാൻ നാം ആരുമല്ല. എങ്കിലും പറയട്ടെ; ഞങ്ങളുടെ ഹൃദയത്തിന്റെ, അല്ല നൂറുകണക്കിന് ഹൃദയങ്ങളുടെ മുറിവുണങ്ങുവാൻ നാളുകൾ ഏറെ വേണ്ടിവരും. നിത്യതയിൽ നമുക്കു കാണാം എന്നുള്ള പ്രത്യാശയോടെ മോൻസി കണ്ണീരോടെ നിനക്കു വിട!

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.